# താങ്കളുടെ എഞ്ചിൻ പ്രവർത്തനം തുടങ്ങുക



## അദ്ധ്യാപകന്റെ പുസ്തകം

# താങ്കളുടെ എഞ്ചിൻ പ്രവർത്തനം തുടങ്ങുക

*ആത്മീയ ഓട്ടത്തിനു താങ്കൾ തയ്യാറാണോ?*
*1 കൊരിന്ത്യർ 9:24*




"കുട്ടികൾ പ്രാധാന്യമുള്ളവർ" എന്ന വെക്കേഷൻ ബൈബിൾ സ്കൂൾ പരിപാടിയിൽ നിന്നും.

എല്ലാ പ്രായത്തിലുള്ള കുട്ടികളുടേയും അദ്ധ്യാപന ബുക്ക്.

വെബ് :www.ChildrenAreImportant.com/engines/

## "കുട്ടികൾ പ്രാധാന്യമുള്ളവർ" എന്ന ടീമിലെ ഏവർക്കും നന്ദി!

എഡിറ്റർ : ക്രിസ്റ്റീന ക്രൌസ്

ക്രിയേറ്റീവ് ടീം: അബ്രീൽ പലാസിയോസ് കാമച്ചോ, അരീലി സുരിയൽ സലിനാസ് സാഞ്ചസ്, ട്വിറ്റ് ക്രാസ്, ജെന്നിഫർ സാഞ്ചെസ് നീറ്റോ, ജൂലിയോ സാഞ്ചെസ് നീറ്റെ, മൈക് കംഗാസ്, മോൺസെരാറ്റ് ഉരാൻ ദിയാസ്, സൂക്കി കാംഗസ്, വെറോനിക്ക തോജ്, വിക്കി കംഗാസ്.

പ്രോഗ്രാമിൽ മനോഹരമായ സംഗീതം നൽകുന്ന റുബേൻ ഡേറിയോക്ക് നന്ദി.

പരിഭാഷാ ടീം: അലീനവൈറ, അനുപമ വാൻഖെഡെ, അൻറോൺ ക്ലിമക്ക്, അറാസ് മമ്മദീദാദ്, അരോമ പബ്ളിക്കേഷൻസ്, മീഡിയ, ആർട്ടെറോ ജർ ബോറോൺ, ബ്ലെസ്സി ജേക്കബ്, കാർമലാ ഡോൺ ഫ്ലോറസ്, ക്രിസ്സ്റെസ്നഹാൻ, ഡേവിഡ് രാജു, എഫ്രയിം നജൂന മിറോബി, ഫിന്നി ജേക്കബ്, ജിനാവ്, ഹമീദ് റീസ അസീസ് (ഹമിദ് അസീസ് അസിമി) ജേക്കബ് കുരുവിള, കാമിൽ ടർക്ക്, കറുങ്ങൂരു മെൻഗാനി, കിരൺ,

മയ്ട്രെയായ് മണ്ഡൽ, മാർക്കോ ച്ച, മാർക്കോസ് റോച്ച, മാതൃ ദാസ്, മീതേഷ് മണ്ഡലി, മ്ര്മലാമ, മിസ്സിസ് ഗോത്തശ്രീ നവനീത്കൃഷ്ണൻ, നാസിം ബൗഗ്റ്റിയ, നിക്ബെൻക്, പോൾ മങ്ങാനി, പോൾ സെപാൻമാൻ, റാന 922, റുബിന റായ്, സഫ്ദർ ഖാൻ, ഷ്രോരോഷൻ 15, ടാലന്റാ യൂനിഡോ, യുറിറ്റോം, വെർദിയ ജ്രൂലിയൻസ കാൻസർസിക, യെഹ ജംഗ് ചിൻ, സീനാ മിരേല്ല ബാർസാഗ അരെൻസിബിയ.










## വി.ബി.എസിലേക്ക് സ്വാഗതം

## താങ്കളുടെ എഞ്ചിൻ പ്രവർത്തനം തുടങ്ങുക!

പ്രവർത്തിയല്ല, അതൊരു ഓട്ടമാണ്! നാമും കുട്ടികളും വിജയത്തിനായി പ്രയത്നിക്കണം. പിന്നീടൊരിക്കൽ ഉപേക്ഷിച്ച് കളയുന്നതോ ക്ലോസറ്റിൽ എറിഞ്ഞു കളയുന്നതോ ആയ കേവലം ഒരു ട്രോഫിയല്ല ഓട്ടത്തിലൂടെ ലഭ്യമാകുന്ന വിജയത്തിന്റെ പ്രതിഫലം അതൊരു നിത്യമായ പ്രതിഫലം ആണ്.

*"ഓട്ടക്കളത്തിൽ പലരും ഓടുന്നെങ്കിലും ഒരാൾ മാത്രമേ സമ്മാനം നേടുന്നുള്ളൂ എന്നു നിങ്ങൾക്കറിയാമല്ലോ. നിങ്ങളും സമ്മാനം നേടത്തക്കവണ്ണം ഓടുക. 25വാടിപ്പോകുന്ന കിരീടം നേടുന്നതിനുവേണ്ടി കായികമത്സരത്തിൽ പങ്കെടുക്കുന്ന അഭ്യാസി കഠിനമായ പരിശീലനത്തിനു വിധേയനാകുന്നു. എന്നാൽ അനശ്വരമായ കിരീടത്തിനു വേണ്ടിയത്രേ നാം പരിശ്രമിക്കുന്നത്." 1 കൊരിന്ത്യർ 9:24-25*

നാം പ്രാപിച്ചതിനൊത്തവണ്ണം മുന്നോട്ടു ആഞ്ഞും കൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്നുവെങ്കിൽ നമുക്ക് നിത്യമായ ഒരു പ്രതിഫലം ഉണ്ട്. ഊർജ്ജിതവും വേഗതയേറിയതുമായ ഈ വി.ബി.എസിൽ യേശുക്രിസ്തുവുമായുള്ള നമ്മുടെ ജീവിതത്തെ ഒരു മോട്ടോർസൈക്കിൾ ഓട്ടമത്സരവുമായി ഉപമിച്ചിരിക്കുകയാണ്.

മോട്ടോർ ഘടിപ്പിച്ച ഏതൊരു വാഹനത്തെയും പോലെ, മോട്ടോർസൈക്കിളും മത്സരപൂർത്തീകരണാർത്ഥം ഏറ്റവും മികച്ച അവസ്ഥയിൽ ഉള്ളതായിരിക്കണം. എഞ്ചിൻ പ്രവർത്തന ക്ഷമമാകേണ്ടതിന് എണ്ണ ആവശ്യമാണ്, അല്ലാത്ത പക്ഷം അത് നശിച്ചു പോകും. ഇപ്രകാരം, ക്രിസ്തുവിന്റെ അനുഗാമികൾ എന്ന നിലയിൽ നമ്മുടെ കുറവുകളെ മനസ്സിലാക്കുവാനും തെറ്റായ കാര്യങ്ങൾ ചെയ്യുമ്പോൾ അനുനിമിഷം പശ്ചാത്തപിക്കുവാനും നാം തയ്യാറാകണം. ട്രാക്കിൽ വളരെ വേഗത്തിൽ ഓടുവാൻ പുതിയ ചക്രങ്ങൾ ആവശ്യമാണ്. ഇപ്രകാരം യേശുവിനെ നന്നായി അനുഗമിപ്പാൻ നമ്മുടെ ജീവിതത്തിൽ അനുസരണം ആവശ്യമാണ്. എഞ്ചിന്റെ തണുപ്പിനായി തണുപ്പിക്കുന്ന ദ്രാവകം ആവശ്യമായിരിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിൽ യേശുക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരോട് കാട്ടുന്നവരായിത്തീരാം. ക്രിസ്തുവിൽ നമ്മുടെ സഹോദരങ്ങളായവരോടുള്ള കലഹവും പിണക്കവും ഒഴിവാക്കുവാനും ഇത് സഹായകമാകും. ഇന്ധനമില്ലാത്ത ഒരു മോട്ടോർപോലെ നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ ശക്തിയില്ലാതെ നമുക്ക് യാതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല. യഥാർത്ഥ മോട്ടോർ സൈക്കിൾ മത്സരത്തിൽ വാഹനം നിൽക്കുന്ന സ്ഥലങ്ങളിലായി വാഹനത്തെ പരിപാലിക്കുവാനും ഏറ്റവും മികച്ച നിലയിൽ പണിയുവാനുമായി ഒരു ടീം തന്നെ കാത്തുനിൽക്കുന്നു. ഈ ടീമിന്റെ നേതൃത്വം വഹിക്കുന്ന വ്യക്തി ഈ വാഹനത്തിന്റെ യന്ത്രത്തകരാറുകൾ മാത്രമല്ല ശ്രദ്ധിക്കുന്നത് താൻ ഈ മത്സരം വീക്ഷിക്കുകയും വാഹനം ഓടിക്കുന്ന ആളെ ഏതു പ്രതിബന്ധങ്ങൾ തരണം ചെയ്യുവാൻ തക്ക നിലയിൽ നയിക്കുകയും ചെയ്യുന്നു. മത്സരത്തിന്റെ ഉന്നത അധികാരിയെപോലെ ഏതു വിഷയത്തിലും യേശുക്രിസ്തുവിന്റെ പരിപാലനം ഉണ്ടാവുകയും ടീം ലീഡർ എന്ന നിലയിൽ നമ്മെ നയിക്കുകയും ചെയ്യുന്നു.

"ഗാരേജ് ക്രാഫ്റ്റ്സ്" എന്ന സ്റ്റേഷനിൽ നിന്നും താങ്കൾക്കും താങ്കളുടെ വി.ബി.എസ് ടീമിനും ഈ യാത്ര സമാരംഭിക്കാവുന്നതാണ്. "റെഡി, സെറ്റ്. ഗയിംസ്" എന്ന സ്ഥലത്ത് ഗയിമുകൾ നടത്താം. ലഘുഭക്ഷണ സമയത്തിന്റെ ആശയങ്ങൾ "സ്നാക്ക് സ്റ്റാന്റെ" എന്ന സ്ഥലത്ത് നിന്നും തുടങ്ങാം. ഡ്രൈവിംഗ് ക്ലാസ്സിൽ രസകരമായ പ്രവർത്തനങ്ങളും കടങ്കഥകളും അടങ്ങിയ പുസ്തകങ്ങൾ കുട്ടികൾക്കായി അവതരിപ്പിക്കാം. അഭിനയത്തിലൂടെ മെക്കാനിക്കിന്റെ രീതികൾ ആവിഷ്കരിക്കാം. ഓട്ടമത്സരത്തോട് ഉപമിച്ചുകൊണ്ടുള്ള  ബൈബിൾ കഥകൾ പറഞ്ഞു കുട്ടികളിൽ താല്പര്യം വർദ്ധിക്കുമാറ് അവരുടെ ശ്രദ്ധ ആകർഷിക്കുന്ന എന്തെങ്കിലും തയ്യാറാക്കി വയ്ക്കുക. ആക്ഷനോട്ടുകൂടിയ പാട്ടുകൾ പഠിപ്പിക്കുവാൻ മറക്കുകയും അരുത്. ഈ വി.ബി.എസ് ഒരു വലിയ സുവിശേഷീകരണ ഉപാധിയാണ്. ആയതിനാൽ കഴിയുന്നത്ര കുട്ടികളെ താങ്കളുടെ വി.ബി.എസിലേക്ക് സ്വാഗതം ചെയ്യുക.

അദ്ധ്യായം 5 ലെ ബൈബിൾ കഥ യേശു ക്രൂശിൽ മരിച്ചതും രക്ഷണ്യപ്രവർത്തിയെക്കുറിച്ച് പറയുന്നതുമാണ്. യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായും കർത്താവായും സ്വീകരിക്കുന്നതിലേക്ക് കുട്ടികളെ സ്വാഗതം ചെയ്യുവാൻ മറക്കരുത്.

*"പാപവും പരിത്യജിച്ച് സ്ഥിരനിശ്ചയത്തോടെ നമ്മുടെ മുമ്പിൽ ഉള്ള മത്സരയോട്ടം ഓടാം.". എബ്രായർ 12:1*







താഴ്മയോടെ, അനുസരണത്തോടെ, സ്നേഹത്തോടെ ക്രിസ്തുവിനെ അനുഗമിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിനാൽ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങളുടെ ടീമിന്റെ നായകൻ യേശുവത്രേ. ക്രിസ്തുവിനെ അറിഞ്ഞ് അനേക കുഞ്ഞുങ്ങൾ കടന്നുവരേണ്ടതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. മുഴുസഭയ്ക്കും അത് ഒരു വലിയ അനുഗ്രഹമായിരിക്കും.



“കുട്ടികൾ പ്രാധാന്യമുള്ളവർ “ എന്ന ടീമിന്റെ എല്ലാവിധ ആശിർവാദങ്ങളും ഉണ്ടാകട്ടെ!







# ഈ വിബിഎസ് എപ്രകാരം ഉപയോഗിക്കാം.

## ഡയറക്ടർ സകലത്തിൽ നിന്നും ഒഴിവുള്ളവനായിരിക്കുക.

പരിപാടിയുടെ ഡയറക്ടർ എന്ന നിലയിൽ, താങ്കൾ ടീമിന്റെയോ ക്ലാസ്സിന്റെയോ ലീഡറോ ടീച്ചറോ ആകാതെ ശുശ്രൂഷയുടെ ഓരോ മേഖലകൾ മറ്റുള്ളവരെ ഏൽപ്പിക്കുക. വി.ബി.എസിലേക്ക് ആവശ്യമുള്ളതായ ഏതെങ്കിലും സംഗതികൾ നഷ്ടമാകുമ്പോൾ, ഏതെങ്കിലും ഒരു കുട്ടി അപകടത്തിൽ ആകുമ്പോൾ, ഒരു അദ്ധ്യാപകന്റെ അഭാവം ഉണ്ടാകുമ്പോൾ, പാസ്റ്ററിനോട് സംസാരിക്കേണ്ടിവരുമ്പോൾ, ഒരു ഡയറക്ടർ  എന്ന നിലയിൽ താങ്കൾ വേണം ഇതെല്ലാം കൈകാര്യം ചെയ്യുവാൻ. താങ്കൾ തന്നെയാണ് പ്രധാന പ്രസംഗം നടത്തുന്നതെങ്കിൽ താങ്കൾക്ക് ഡയറക്ടർ എന്ന ഉത്തരവാദിത്വം നന്നായി ചെയ്യുവാൻ കഴിയുകയില്ല. ഇപ്രകാരമുള്ള നിസ്സാര ജോലികൾ സഭയിലെ മറ്റു സഹോദരന്മാരെ ഏൽപ്പിക്കുക.

## സന്നദ്ധസേവകർ

വിബിഎസ് കേവലം ഒരാഴ്ച മാത്രമേയുള്ളൂ എന്നതിനാൽ വിബിഎസിലെക്ക് സന്നദ്ധസേവകരെ കണ്ടെത്തുന്നത് സണ്ടേ സ്കൂളിലേക്ക് ആളുകളെ കണ്ടെത്തുന്നതിനേക്കാൾ എളുപ്പമുള്ള കാര്യമാണ്. അനേക സന്നദ്ധസേവകരെ ഉൾപ്പെടുത്തുവാൻ ശ്രമിക്കുക. എന്തെന്നാൽ അങ്ങനെ ചെയ്യുന്നത് വന്ന ആളുകൾക്ക് ഒരു വലിയ പ്രചോദനമായിത്തീരും. ജോലിക്കാർക്ക് ചെയ്യുവാനുള്ളതായ വിവിധങ്ങളായ ജോലികൾ ഏതൊക്കെയെന്നു നോക്കി വയ്ക്കുക. ശേഷം ആ ജോലികൾ ചെയ്യുവാൻ ശരിയായ കഴിവുകൾ ഉള്ളവരെക്കുറിച്ച് ചിന്തിക്കുക. കുട്ടികളെ സ്നേഹിക്കുന്നവരെ തിരഞ്ഞെടുക്കുക. അവർ സ്വീകാര്യമായവരും വിശ്വസിക്കുവാൻ യോഗ്യരായവരും ആകണം. അടുത്ത പടി എന്നു പറയുന്നത് നേരെ അവരുടെ അടുക്കൽ ചെന്ന് വിബിഎസിലെക്ക് ആവശ്യമായ ജോലികൾ ചെയ്യുവാൻ അവരെ ക്ഷണിക്കുക എന്നതാണ്. അയല്പക്കങ്ങളിലൂടെ കുട്ടികളിലേക്ക് ക്രിസ്തുവിനായി പോകുവാനുള്ള ദർശനത്തെക്കുറിച്ച് അവരുമായി പങ്കിടുക. വ്യക്തിപരമായി ക്ഷണിക്കപ്പെടുന്നുവെങ്കിൽ അവരുടെ മുഴുവൻ സമയവും കരുത്തും വിബിഎസിന്റെ പ്രവർത്തനങ്ങൾക്കായി അവർ ചിലവഴിക്കും.

## പ്രാർത്ഥന

നിങ്ങളുടെ വിബിഎസ് പ്രാർത്ഥനയോടെ തുടങ്ങുവാൻ പദ്ധതികൾ തയ്യാറാക്കുക. ദൈവത്തെ സമീപിക്കുവാൻ സമയം കണ്ടെത്തുക. ഈ സംരംഭം സംഘടിപ്പിക്കുവാൻ ആവശ്യമായ ഉപദേശം ദൈവത്തിൽ നിന്നും നേടുക. താങ്കളുടെ ഉറ്റ സ്നേഹിതനോടും വിബിഎസിനെ ഓർത്ത് പ്രാർത്ഥിക്കുവാൻ പറയുക. പാസ്റ്ററിന്റെ അടുക്കൽ ടീമായി കൂടി വന്നു പ്രാർത്ഥിക്കുക.

- വിബിഎസിന്റെ ദിവസങ്ങളിലെല്ലാം പ്രാർത്ഥിക്കുവാൻ ആളുകളെ കണ്ടെത്തുക
- താങ്കളുടെ സഭയിലെ കുട്ടികൾക്ക് വചനം പഠിക്കുവാനുള്ള ഒരു നല്ല സുവർണ്ണ അവസരവും സുവിശേഷം പങ്കിടുവാനുള്ള ഒരു നല്ല മാർഗ്ഗവുമാണിത്. ഈ സംരംഭത്തിനായുള്ള പ്രാർത്ഥനയെ വിലകുറച്ച് കാണരുത്.

"*നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു*" (യാക്കോബ് 5:16)

## പരിശീലനം

വിബിഎസിൽ പങ്കെടുക്കുന്ന എല്ലാവർക്കും ആവശ്യമായ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുക. അന്നേ ദിവസം, നടക്കുവാൻ പോകുന്ന പരിപാടികൾ എപ്രകാരം ആയിരിക്കണം എന്നതിനെക്കുറിച്ചും പറയുക. ഓരോരുത്തർക്കും ഓരോരോ ഉത്തരവാദിത്വങ്ങൾ ഭരമേൽപ്പിക്കുക.

## ദിവസവും സ്ഥലവും നിശ്ചയിക്കുക.

സഭയുടെ കലണ്ടർ പ്രകാരം അനുയോജ്യമായ ഒരു ദിവസം തിരഞ്ഞെടുക്കുക. പാസ്റ്ററോട് സംസാരിച്ച് ആ ദിവസം പരിപാടി നടത്തേണ്ടതിന് നിശ്ചയിക്കുക. സഭാംഗങ്ങൾക്ക് മറ്റേതെങ്കിലും പരിപാടികൾ അന്നേ ദിവസം ഉണ്ടാകാൻ പാടില്ലാത്ത നിലയിൽ സഭയിലെ മറ്റു പരിപാടികളുടെ ദിവസവുമായി ഈ തീയതി കൂട്ടിക്കലരുവാൻ പാടില്ല. വിബിഎസ് കാര്യങ്ങളിൽ ഇടപെടുക. നിങ്ങളുടെ സഭയിൽ ഒരു വിബിഎസ് നടത്തണം എന്നുള്ളത് നിർബന്ധിതമായ ഒരു കാര്യമല്ല. കൂടുതൽ കുട്ടികൾ കടന്നു വരേണ്ടതിനായി വിബിഎസ് ഒരു പാർക്കിൽ വച്ചോ ഒരു പൊതു സ്ഥലത്ത് വച്ചോ സംഘടിപ്പിക്കാവുന്നതാണ്. നിങ്ങൾ ഒരു സ്ഥലം തിരഞ്ഞെടുത്താൽ, ആ സ്ഥലം അലങ്കരിക്കേണ്ടതിനായും വൃത്തിയാക്കേണ്ടതിനായും സമയം കണ്ടെത്തുവാൻ ഓർക്കുക. 5ദിവസങ്ങൾ നടത്തപ്പെടുന്ന ഒരു വിബിഎസ് എന്ന നിലയിലാണ് ഈ വിബിഎസ്







എഴുതപ്പെട്ടിരിക്കുന്നതെങ്കിലും നിങ്ങളുടെ ആവശ്യാനുസരണം ക്രമീകരിക്കാവുന്നതാണ്. 3 ദിവസങ്ങളിലേക്കുള്ള വിബിഎസ് ആണെങ്കിൽ 1,4,5 എന്നീ നിലയിൽ പാഠങ്ങൾ തിരഞ്ഞെടുക്കാം. വസ്തുതകൾ തയ്യാറാക്കിയിരിക്കുന്നത് താങ്കളോടുള്ള സേവനാർത്ഥമാണ്. പിന്തുടരേണ്ടുന്ന ഒരു നിർബന്ധിത നിയമമല്ല അത്.

## പരസ്യം

വിബിഎസ് നടത്തപ്പെടുന്ന ദിവസത്തിൽ 5-6 ആഴ്ചകൾക്ക് മുൻപ് പരസ്യം ചെയ്യാൻ തുടങ്ങാവുന്നതാണ്. പ്രസംഗപീഠത്തിൽ നിന്നും ഈ അറിയിപ്പ് ഉണ്ടായി എന്ന് സമൂഹത്തിലുള്ള എല്ലാ കുട്ടികളിലേക്കും ഈ പരസ്യം ചെന്നെത്തുന്നു എന്നും ഉറപ്പ് വരുത്തുക.

- സുവിശേഷീകരണത്തിനായുള്ള ഒരു നല്ല ആദ്യപടിയാണ് വെക്കേഷൻ സ്കൂൾ. കുട്ടികൾക്കൊപ്പം സഭയിൽ വരുന്നത് താല്പര്യമില്ലാത്ത ആളുകൾ ഉണ്ടാകാം. എങ്കിലും അവധികാലങ്ങളിൽ കുട്ടികൾക്കായി ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികളിൽ കുഞ്ഞുങ്ങളെ അയയ്ക്കുന്നതിന് ഒരു ബുദ്ധിമുട്ടും ആർക്കും ഉണ്ടാകില്ല, കുടുംബങ്ങളെ സന്ദർശിക്കുവാനുള്ള ഒരു വഴി ഇതിലൂടെ തുറന്നു കിട്ടുന്നു. തങ്ങളുടെ കുഞ്ഞുങ്ങൾ എന്തു ചെയ്യുന്നു എന്ന് കാണേണ്ടതിനായി മാതാപിതാക്കൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. ക്ഷണിക്കുവാൻ കഴിയുന്ന കുടുംബങ്ങളെക്കുറിച്ച് സഭ ചിന്തിക്കുവാൻ തയ്യാറാകണം.
- കാർഡുകളും ബ്രോഷറുകളും വിതരണം ചെയ്തും ആളുകളെ സ്വാഗതം ചെയ്യാവുന്നതാണ്. ആവശ്യാനുസരണം പരസ്യം ചെയ്യുവാനുള്ള പരസ്യ സാമഗ്രികൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- പല സ്ഥലങ്ങളിലായി പോസ്റ്ററുകൾ തയ്യാറാക്കുക(കടകൾ, പൊതുസ്ഥലങ്ങൾ) കൂടുതൽ അതിഥികളെ പങ്കെടുപ്പിക്കുന്നവർക്ക് ഒരു സമ്മാനദാനവും മത്സരാർത്ഥം പ്രഖ്യാപിക്കാവുന്നതാണ്. (സമ്മാനമെന്നത് ഒരു ഡിന്നറോ അതുപോലുള്ള മറ്റെന്തെങ്കിലുമോ ആകാം.)

## രജിസ്ട്രേഷൻ

പരിപാടിക്ക് മുൻപ് രജിസ്ട്രേഷൻ നടത്തുവാൻ ഉത്സാഹിക്കുക. പങ്കെടുക്കുന്നവരുടെ കൃത്യമായ കണക്കുകൾ ലഭിക്കുന്നതിനു ഇത് സഹായകമാകും. ഓരോ കുട്ടികൾക്കും ആവശ്യമായ വിബിഎസ് സാമഗ്രികൾ വാങ്ങുവാൻ ഇത് പ്രയോജനപ്പെടും. കുട്ടികളുടേയും കുടുംബങ്ങളുടെയും ഒരു പേര് വിവര പട്ടിക തയ്യാറാക്കുന്നത് ഭാവിയിലെ മറ്റ് സുവിശേഷീകരണ പ്രവർത്തനങ്ങൾക്കും ഗുണകരമാകും.

## ചുറ്റിത്തിരിയുന്ന സ്റ്റേഷൻ

ഈ വിബിഎസ് താങ്കളുടെ ഇഷ്ടാനുസരണം നടത്താവുന്നതാണ്. എന്നാൽ 3 സ്റ്റേഷൻ ഉള്ളതായ ഒരു 'ചുറ്റിത്തിരിയൽ' പരിപാടി ഇവിടെ എഴുതുന്നു. കുട്ടികളെ 3 ഗ്രൂപ്പായി നിർത്തുക. ഈ ഗ്രൂപ്പുകൾ 3 സ്റ്റെഷനുകൾ ചുറ്റിത്തിരിഞ്ഞു വരണം ദേവാലയ പരിധിയിൽ തന്നെ സ്ഥിതി ചെയ്യുന്ന സ്റ്റെഷനുകൾ വേണം സ്ഥാപിക്കുവാൻ. ഓരോ സ്റ്റേഷനുകളിലെയും പരിപാടികൾ 20-40 മിനിട്ടുകൾ ദൈർഘ്യമുള്ളതാകണം. ഓരോ സ്റ്റേഷനുകളും 3 തവണകൾ ആവർത്തിക്കപ്പെടണം. എങ്കിൽ മാത്രമേ ഓരോ ഗ്രൂപ്പിനും ഓരോ സ്റ്റെഷനുകളിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ.

പ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ തരം തിരിക്കുന്നതാണ് ലളിതം. കുട്ടികളുടെ ബുക്ക് തയ്യാറാക്കുന്നതിനും ഈ രീതി സഹായകമാകും.










- ലളിതം (4-6 വയസ്സ്)
- ഇടത്തരം (7-9 വയസ്സ്)
- കഠിനം (10-12 വയസ്സ്)

മറ്റൊരു വിഭാഗം നമുക്കുള്ളത് (13 + വയസ്സ്) ആണ്. മുതിർന്ന കുട്ടികൾക്കും താല്പര്യമെങ്കിൽ വിബിഎസിൽ പങ്കെടുക്കാം. 'ചുറ്റിത്തിരിയൽ' സ്റ്റേഷനുകളിലേക്ക് ഓരോ പ്രായ വിഭാഗങ്ങളിൽ നിന്നും കുട്ടികളുടെ എണ്ണമനുസരിച്ച് തരം തിരിവ് നടത്താം. അല്ലാത്ത പക്ഷം ക്ലാസ്സിന്റെ അവസാന ദിവസം വരെ ക്ലാസ്സുകൾ, ക്രാഫ്റ്റ് സ്റ്റേഷൻസ്, ഗയിമുകൾ എന്നിവ നടത്തുക.

സ്റ്റേഷനുകളിലൂടെ ചുറ്റിത്തിരിഞ്ഞു വരുന്നതിനു ഒരു മ്യൂസിക്ക് ഇടുക എന്നത് ഏറ്റവും രസകരമായ ഒരു സംഗതിയായിരിക്കും. ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേക്ക് പോകേണ്ടതിനു കുട്ടികൾക്ക് നല്ല ഉന്മേഷം ആവശ്യമാണ്. ഈ സ്റ്റേഷനുകൾ തയ്യാറാക്കുന്നതിന് അദ്ധ്യാപകർ അധികം കാര്യങ്ങളൊന്നും ചെയ്യേണ്ടതില്ല. അവർ ക്ലാസ്സിന്റെ ഒരു ഭാഗം മാത്രം ക്രമീകരിച്ചാൽ മതിയാകും. കുട്ടികൾ 3 തവണ അത് ആവർത്തിക്കുന്നുണ്ട് (ഓരോ അദ്ധ്യാപകർക്കും അല്പമായുള്ള അദ്ധ്വാനം മാത്രമാണുള്ളത്)

## ചുറ്റിത്തിരിയൽ ക്രമം

ഒരു ഗ്രൂപ്പിൽ സകലതും:

- പ്രാരംഭം
- സംഗീതം
- നാടകം
- പ്രധാന സന്ദേശം
- ഐസ് ബ്രേക്കർ ഗെയിം
- വേദപുസ്തക പാഠം

ചുറ്റിത്തിരിയൽ സ്റ്റേഷനുകൾ :

- കുട്ടികളുടെ പ്രവർത്തന ബുക്ക്
- ആ ദിവസത്തിലെ ക്രാഫ്റ്റ്
- ഗെയിമുകൾ (എല്ലാവരും ചേർന്ന് ഒടുവിലായി ഗെയിം കളിക്കുക)

ഒരു ഗ്രൂപ്പിൽ സകലതും:


- ലഘുഭക്ഷണം
- സംഗീതം
- സമാപനം




## പരമ്പരാഗത ക്രമം

ഒരു ഗ്രൂപ്പിൽ സകലതും:

- പ്രാരംഭം
- സംഗീതം
- നാടകം
- പ്രധാന സന്ദേശം
- ഐസ് ബ്രേക്കർ ഗയിം







ക്ലാസ് റൂമിലെ സമയം:

- വേദപുസ്തക പാഠം
- കുട്ടികളുടെ ബുക്കുകൾ
- ക്രാഫ്റ്റുകൾ
- ലഘുഭക്ഷണം

ഗെയിമിനായി ഒരുമിച്ച്
ഒരു ഗ്രൂപ്പിൽ സകലരും:

- സംഗീതം
- സമാപനം

## ഐസ് ബ്രേക്കർ ഗെയിമുകൾ

ഐസ് ബ്രേക്കർ ഗെയിം വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ നടത്താവുന്ന ഒരു ഗെയിമാണ്. കുട്ടികളുടെ ഒഴിവ് വേളകളിലും ഈ ഗെയിം നടത്താവുന്നതാണ്. ഇത് മറ്റു ഗ്രൂപ്പുമായി പരസ്പരം സംയോജിപ്പിക്കുവാനും ബന്ധിപ്പിക്കുവാനും സഹായിക്കുന്നു.സഹകരണ മനോഭാവവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനും ഐസ് ബ്രേക്കർ ഗെയിം സഹായിക്കുന്നു. ചെറിയ ഗ്രൂപ്പിൽ പോലും പഠനവും ചർച്ചയും ക്രിയാത്മകമായ നിലയിൽ പ്രോത്സാഹിപ്പിക്കുവാൻ ഐസ് ബ്രേക്കർ ഗെയിമിനു കഴിയുന്നു.

- അന്യോന്യം അറിയുന്നതിന് ഒരു പുതിയ ഗ്രൂപ്പിനെ സഹായിക്കുന്നു.
- ഗ്രൂപ്പിൽ പങ്കുചേരാൻ പുതിയ അംഗങ്ങളെ സഹായിക്കുന്നു.
- യൌവ്വനക്കാരായ ആളുകൾക്ക് ആശ്വാസകമായ അനുഭവം നൽകുന്നു.
- സഹകരണ മനോഭാവത്തെ പ്രോത്സാഹിപ്പിക്കുന്നു.
- മറ്റുള്ളവരെ ശ്രദ്ധിക്കേണ്ടതിന് പ്രോത്സാഹനം നൽകുന്നു.
- സംഘമായുള്ള പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നു.
- യൌവ്വനക്കാരെ അവരുടെ കൂട്ടുകെട്ടിൽ നിന്നും വേർപിരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു.
- പൊതുവായ കഴിവുകളെ വികസിപ്പിക്കുന്നു.
- നേതൃത്വവുമായുള്ള ബന്ധത്തെ കെട്ടിപ്പടുക്കുന്നു.
- പഠനത്തിനും പങ്കാളിത്തത്തിനും ഒരു പുതിയ നല്ല അന്തരീക്ഷം ഉണ്ടാക്കിയെടുക്കുന്നു.

പ്രധാന സന്ദേശത്തിനു ശേഷം നിങ്ങളുടെ കുട്ടികൾ വേദപുസ്തക കഥകൾ കേൾക്കുവാൻ തയ്യാറുള്ളവരായിരിക്കുകയില്ല. സംസാരവും പ്രസംഗവും അവർക്ക് അധികഭാരമായിത്തീരും. ഓരോ പാഠഭാഗത്തിലുമുള്ള ഐസ് ബ്രേക്കർ ഗെയിമിൽ 'സംസാരം' എന്ന ഭാഗം വേർതിരിച്ച് നൽകുന്നു. ഓരോ ദിവസവും പാഠഭാഗങ്ങൾ പഠിക്കുവാനും ക്ലാസ്സുകളിൽ ശ്രദ്ധിക്കുവാനും ഈ ഗെയിമുകൾ സഹായിക്കും.

## ഗെയിമുകൾ

ഈ പുസ്തകങ്ങളിൽ സ്കൂൾ കുട്ടികൾക്കായി ഓരോ പാഠത്തിലും രണ്ടു ഗെയിമുകൾ വീതം ക്രമീകരിച്ചിരിക്കുന്നു. ഒരു ഗെയിം ഒരു ടീമായി കളിക്കേണ്ട രീതിയിൽ സംവിധാനം ചെയ്തിരിക്കുന്നു. മറ്റുള്ള ഗെയിമുകൾ ഓരോരുത്തരായി കളിക്കേണ്ടവയുമാണ്. ജയിക്കുന്ന കുട്ടിയോട് മറ്റു കുട്ടികൾ മത്സരിക്കുന്നു. വിബിഎസിൽ ഈ ഗെയിം വളരെ രസകരമായി ചെയ്യുന്നുവെങ്കിൽ എല്ലാ ദിവസവും മുടങ്ങാതെ വരാൻ കുട്ടികളിൽ താല്പര്യമുളവാക്കും. താല്പര്യമെങ്കിൽ, ഗ്രൂപ്പുകൾ തിരിക്കുകയും വിജയിച്ച ടീമുകൾക്ക് പോയിന്റുകളും നൽകുക.

# കൂടുതൽ ആശയങ്ങൾ

## വാതിൽ അലങ്കാരങ്ങൾ

ക്ലാസ്സുകൾ തുടങ്ങി അവസാനിക്കുന്ന ഭാഗം എന്ന നിലയിൽ നിങ്ങളുടെ ക്ലാസ്സിന്റെ വാതിൽ അലങ്കരിക്കുക. ക്ലാസ്സിലുള്ള ഓരോ കുട്ടികളേയും പ്രതിനിധീകരിച്ച് ഓരോ മോട്ടോർ സൈക്കിൾ വാതിലിൽ ഒട്ടിച്ചും അലങ്കരിക്കാം. വീടിന്റെ മാതൃകയിൽ ഉള്ളതോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വ്യത്യസ്തമായ രീതിയിൽ ഉള്ളതോ ആയ കടലാസുകൾ ഉപയോഗിച്ചും അലങ്കരിക്കാവുന്നതാണ്.

## ട്രാഫിക് ലൈറ്റ്

നിങ്ങൾക്ക് ഇത് സ്വയം നിർമ്മിക്കാൻ കഴിയും. നിങ്ങൾക്ക് ആവശ്യമുള്ളത് മാത്രം മതി:

- ഒരു കാർഡ്ബോർഡ് ബോക്സ്










## പേപ്പർ കർട്ടനുകൾ

അത് വാതിലിലോ

## ബലൂണുകൾ

ഒരു കാർ ഓട്ട മത്സരക്കളത്തിൽ എന്നതുപോലെ തോന്നിപ്പിക്കും വിധം കോൺ ആകൃതിയിലുള്ളതും, ട്രാഫിക്ക് ലൈറ്റ് പോലെയുള്ളതും, ചക്രത്തിന്റെ ആകൃതിയിലുള്ളതും, അർദ്ധവൃത്താകൃതിയിലുമുള്ളതായ വിവിധ തരം ബലൂണുകൾ ഉപയോഗിച്ച് ക്ലാസ് അലങ്കരിക്കുക.








## കടലാസ് വൃത്തങ്ങൾ

അനുയോജ്യമാകുന്ന വിധം നിറം നൽകിയോ പ്രത്യേകമായ ഡിസൈൻ നൽകിയോ വ്യത്യസ്തങ്ങളായ വലിപ്പത്തിൽ ഇത് ഉണ്ടാക്കാവുന്നതാണ്.






## സ്ട്രീറ്റ് സൈനുകൾ

അവർ രസകരമാക്കുകയും മികച്ച പരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യും




## മോട്ടോ സെൽഫി

കുട്ടികളുടെ ചിത്രം എടുക്കുവാനുള്ള ഒരു നല്ല അവസരമാണിത്.




## മോട്ടോർസൈക്കിൾ

ഇത് നിങ്ങൾക്ക് കാർഡ് ബോർഡ് ബോക്കുകൾ മാത്രം




## ടയറുകൾ

റീസൈക്കിൾ ചെയ്ത ടയറുകളിൽ നിങ്ങൾക്ക് അലങ്കരിക്കാൻ കഴിയും.












# എന്റെ പാപത്തെ തിരിച്ചറിയുക



ബൈബിൾ കഥ: പത്രോസിന്റെ അനുതാപം/ മത്തായി 26: 69-75, യോഹന്നാൻ 21

## വാക്യം

“ദൈവം വാഗ്ദാനം നിറവേറ്റുന്നവനും നീതി പ്രവർത്തിക്കുന്നവനും ആകുന്നു; പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ അവിടുന്നു നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും നമ്മുടെ എല്ലാ അനീതികളും അകറ്റി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും.” 1 യോഹന്നാൻ 1:9

## നാടകം

**കള്ളം പറയുന്ന യന്ത്രവിദഗ്ധൻ**

### ശ്രദ്ധ നേടാനുള്ള വിദ്യ

അവതാരകൻ: “ഓട്ടമത്സരത്തിനുള്ള സമയമായി!”
കുട്ടികൾ: “ബീപ്! ബീപ്! ബീപ്-ബീപ്!” (ഓരോ ബീപ് ശബ്ദത്തിനും ആദ്യം കൈകൊട്ടണം) “ഊഹ്” (3 എണ്ണുന്നതിനുള്ളിൽ കൈകൾ നേരെ താഴേക്കും എന്നിട്ട് മുകളിലേക്കും ചലിക്കുന്നു) “അതെ!” (മോട്ടോർബൈക്കിന്റെ ഹാൻഡിലിന്റെ സ്ഥാനത്തേക്ക് എന്ന തരത്തിൽ കൈകൾ ചെറുതായി പുറകിലേക്ക് നീങ്ങുന്നു)

- ഒരു യന്ത്ര വിദഗ്ധൻ പ്രവേശിക്കുന്നു. തുണി കൊണ്ട് തന്റെ കയ്യിൽ നിന്നും ഗ്രീസ് തുടച്ചുനീക്കിക്കൊണ്ട് ഉറക്കെ ചിരിക്കുന്നു. ഒരു സോഫയിൽ ഇരുന്നുകൊണ്ട് വെള്ളം കുടിക്കുന്നു. തന്റെ ജീവിതം എപ്രകാരമാണെന്ന് കുട്ടികളോട് [പറയുന്നു: ഗ്രീസി എന്നറിയപ്പെടുന്ന ഒരു നല്ല യന്ത്രവിദഗ്ധനാണ് അയാൾ. തനിക്ക് സുന്ദരിയായ ഒരു ഭാര്യയുണ്ടെന്നും കലഹപ്രിയയായ ഒരു മകളുണ്ടെന്നും അനുസരണയുള്ളതും ഭംഗിയുള്ളതുമായ ഒരു പട്ടിക്കുട്ടിയുണ്ടെന്നും അവർ എവിടെ താമസിക്കുന്നുവെന്നും അയാൾ പറയുന്നു. (നിങ്ങളുടെ ഭാഗത്തുള്ള ഒരു പട്ടണത്തിന്റെ പേര് പറയുക).
- അയാൾ വീണ്ടും ചിരിക്കുവാൻ തുടങ്ങി. അയാൾ വളരെ സന്തോഷത്തിലാണ്. താനെന്തുകൊണ്ട് ഇങ്ങനെ സന്തോഷവാനായിരിക്കുന്നതെന്ന് കുട്ടികളോട് പറയണമെന്ന് അയാൾക്ക് തോന്നി. 10 ദിവസങ്ങൾക്ക് മുൻപ് ഉണ്ടായ ഒരു സംഭവം; ഒരാൾ തന്റെയടുക്കൽ കാറിന്റെ ഓയിൽ മാറ്റുവാൻ കൊണ്ടുവന്നു. പുതിയ വിലയുള്ള നല്ല ഓയിലിന് പകരം ഉപയോഗശൂന്യമായതും പാഴായതുമായ ഓയിൽ നൽകി. അയാൾ ചിന്തിച്ചത് ആ മനുഷ്യൻ ഇത് തിരിച്ചറിയുകയില്ല എന്നും തനിക്ക് കുറേ പണം ലഭിക്കും എന്നുമായിരുന്നു.
- ആ നിമിഷം, കസ്റ്റമർ പ്രവേശിച്ചു. അയാളെ അടിക്കുവാൻ തയ്യാറായി തന്റെ അടുക്കലേക്ക് ഓടി വന്നു. യന്ത്രവിദഗ്ധൻ വേഗം ചാടി സോഫയുടെ പുറകിൽ ഒളിച്ചുകളഞ്ഞു. 2 പേരും കുട്ടികളുടെ മുൻപിലേക്ക് യുദ്ധത്തിലെന്നപോലെ ഓടിച്ചെന്ന് അലറി വിളിക്കണം. താനൊരു പിശകും വരുത്തിയിട്ടില്ലെന്നു യന്ത്രവിദഗ്ധൻ പറയുന്നു.
- അലറിക്കൊണ്ട് കസ്റ്റമർ യന്ത്രവിദഗ്ധനോട് ഇപ്രകാരം പറഞ്ഞു, തന്റെ എഞ്ചിൻ രാവിലെ തകരാറിലായി. അത് പരിശോധിച്ചപ്പോൾ വളരെ നാളുകളായി ഓയിൽ മാറാത്തതുകൊണ്ടാണ് അത് തകരാറിലായതെന്നാണ് എല്ലാവരും പറഞ്ഞത്. താൻ ഓയിൽ മാറിയതാണെന്ന് പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല കാരണം ആ ഓയിൽ അത്ര പഴകിയതായിരുന്നു. തനിക്ക് പുതിയ ഒരു എഞ്ചിൻ വാങ്ങിത്തരണം എന്ന് അയാൾ യന്ത്രവിദഗ്ധനോട് അലറി പറഞ്ഞുകൊണ്ടേയിരുന്നു. ഉറക്കെ സംസാരിച്ചുകൊണ്ട് അവർ രണ്ടുപേരും പുറത്ത് പോകുന്നു. പിന്നീട് ഇതിന്റെ അവസാനം കാണാമെന്നു അദ്ധ്യാപകരിൽ ഒരാൾ മുൻപോട്ടു വന്നു പറയണം.
- ‘അതിനുശേഷം’ എന്ന് പറയുന്ന ഒരു അടയാളം ആരെങ്കിലും കാണിക്കണം. അനുതാപമുള്ള ഹൃദയത്തോടെ യന്ത്രവിദഗ്ധൻ തന്റെ കക്ഷിയോടു സംസാരിച്ചുകൊണ്ട് വരുന്നു. താൻ ഉപയോഗിച്ച് പഴകിയ ഓയിലാണ്







നൽകിയതെന്ന് ഗ്രീസി സമ്മതിച്ചുകൊണ്ട് തന്റെ കക്ഷിയോടു ക്ഷമാപണം നടത്തുന്നു. പുതിയ ഒരു എഞ്ചിൻ തരാമെന്നു താൻ വാഗ്ദാനം ചെയ്യുന്നു. എത്ര മോശമായ പ്രവൃത്തിയാണ് ഗ്രീസി ചെയ്തത്.

കസ്റ്റമർ ഇത് അംഗീകരിക്കുകയും യന്ത്രവിദഗ്ധനോട് ക്ഷമിക്കുകയും ചെയ്തു. അവർ പരസ്പരം ആലിംഗനം ചെയ്തു. തന്റെ പുതിയ സ്നേഹിതന്റെ പുറത്ത് യന്ത്രവിദഗ്ധൻ അടിക്കുകയും കസ്റ്റമർ ഒരല്പം കൂടി ശക്തിയായി തിരികെ അടിക്കുകയും ചെയ്യുന്നു. അല്പം വേദനിച്ചെങ്കിലും ഉറക്കെ ചിരിച്ചുകൊണ്ട് യന്ത്രവിദഗ്ധൻ കുറേക്കൂടി ശക്തിയായി അയാളെ അടിച്ചു. അതേപോലെയുള്ള ഒരു തിരിച്ചടി നൽകി കസ്റ്റമർ പ്രതികരിച്ചു. രണ്ടുപേരും ഉറക്കെ ചിരിച്ചുകൊണ്ട് അവിടെ നിന്നും പോകുന്നു.

## സന്ദേശം

കുഞ്ഞുങ്ങളേ, "സ്റ്റാർട്ട് യുവർ എഞ്ചിൻ" എന്ന ഈ പ്രത്യേകമായ വിബിഎസ് തുടങ്ങുന്നതിലേക്ക് ഏവർക്കും സ്വാഗതം!

ഇന്ന് നാം നോക്കുവാൻ പോകുന്നത് എഞ്ചിനിലെ ഓയിലിന്റെ പ്രാധാന്യതയെക്കുറിച്ചാണ്. ഒരു മോട്ടോർ സൈക്കിളിൽ, ഒരു കാറിൽ ഓയിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ്. എന്തെന്നാൽ ഓയിൽ ഇല്ലാതെ ഓടുന്ന പക്ഷം മുഴുവൻ എഞ്ചിനും താറുമാറാകും. ഇത് നിങ്ങളെ പൂർണ്ണമായും ഇല്ലാതെയാക്കുന്നു. എഞ്ചിൻ പൂർണ്ണമായും നശിക്കുന്നത് എത്രയോ സങ്കടകരമാണ്. ഓയിൽ നന്നായി പരിശോധിക്കുകയും ആവശ്യമായ ഓയിൽ എഞ്ചിനിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. എഞ്ചിനിലെ ഓയിൽ സമയം കഴിയുന്തോറും കൂടുതൽ പഴകും എന്നതിനാൽ നാം അത് കൃത്യസമയത്ത് മാറ്റുകയും പുതിയ ഓയിൽ ഒഴിക്കുകയും വേണം. സമയാസമയങ്ങളിൽ ഓയിൽ പരിശോധന നടത്തുക. ചിലപ്പോൾ അധികം ഓയിൽ വാങ്ങേണ്ടതായി വരും. എന്നാൽ എഞ്ചിൻ നശിച്ച്, ഓയിൽ നഷ്ടമായി ഒരുപാട് സമയവും പണവും പാഴാക്കാതെ സൂക്ഷിക്കുവാൻ കഴിയും. കാറിന്റെ എഞ്ചിൻ നാശപൂർണ്ണമാകുന്നതുപോലെയാണ് നാം ഒരു വലിയ പാപത്തിൽ വീഴുക എന്നത്. പല പാപങ്ങളും ദൈവം ക്ഷമിക്കുന്നുവെങ്കിലും അതിനു വലിയ പരിണിതഫലങ്ങൾ ഉണ്ട്. ചില പാപങ്ങൾ കുറേ നാളുകളിലേക്ക് നിങ്ങളെ ജയിലിലേക്ക് കൊണ്ടുപോകുന്നതാകാം. ചില പാപങ്ങൾ നിമിത്തം വീട്ടിൽ നിന്നും നിങ്ങൾ പുറത്താക്കപ്പെടാം. ചില പാപങ്ങൾ നിമിത്തം സ്കൂൾ വിടേണ്ടതായി വരുന്നു. ഈ വിലയേറിയ തട്ടുകൾ ഒഴിവാക്കുവാനുള്ള ഏറ്റവും മികച്ച വഴി എന്ന് പറയുന്നത് നാം തെറ്റ് ചെയ്യുന്നു എന്നത് സമ്മതിക്കുവാനുള്ള ഒരു മനസ്സാണ്.




എന്തെങ്കിലും തെറ്റ് ചെയ്തു എന്ന് സമ്മതിക്കുവാൻ ആരും തുനിയുന്നില്ല. നാം എല്ലായ്പ്പോഴും ശരിയാണെന്ന് ചിന്തിക്കുന്നതും നാം ഒരു തെറ്റും ചെയ്യുകയില്ല എന്ന് കരുതുന്നതുമാണ് മനുഷ്യന്റെ പ്രകൃതം. എന്നാൽ അങ്ങനെ ചിന്തിക്കുന്നത് ശരിയല്ല. മറ്റുള്ളവരെക്കാളും വലിയ തെറ്റുകൾ നാം ചെയ്യുന്നു. തെറ്റു ചെയ്തു പോയ പത്രോസ് എന്ന ഒരു മനുഷ്യനെക്കുറിച്ച് ഇന്ന് നാം പഠിക്കുവാൻ പോകുകയാണ് അവൻ പാപത്തിൽ വീണു. എന്നാൽ അത് തുടർന്നിരുന്നുവെങ്കിൽ അവൻ തന്റെ ജീവിതം നശിപ്പിക്കുമായിരുന്നു.

എന്നാൽ പത്രോസ് തന്റെ പാപത്തെ മനസ്സിലാക്കി ദൈവമുൻപാകെ അനുതപിച്ചു. ഈ പ്രവൃത്തി അവനെ വീണ്ടും ഓട്ടമത്സരത്തിലേക്കും ഓട്ടക്കളത്തിലേക്കും മടക്കിവരുത്തി. പത്രോസ് ദൈവത്തിൽ ഒരു ശക്തനായ മനുഷ്യനായി മാറി. ദൈവം താങ്കളെ സ്നേഹിക്കുന്നു. ദൈവത്തിനു താങ്കളെക്കുറിച്ച് വിശേഷമായ ഒരു പദ്ധതിയുണ്ട്. ദൈവത്തിൽ താങ്കളൊരു ശക്തനായ പുരുഷൻ/സ്ത്രീ ആയിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പത്രോസിനെപ്പോലെ നിങ്ങളും ആകണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

ഞാനും നിങ്ങളും ഈ ഓട്ടത്തിൽ വിജയിക്കണമെന്നുണ്ടെങ്കിൽ നാം തെറ്റുകളിൽ അകപ്പെട്ടാൽ അത് അംഗീകരിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുക എന്ന പത്രോസിന്റെ പാഠം നാം പഠിക്കേണ്ടതാകുന്നു. വിജയിക്കുവാൻ വേണ്ടി, നമ്മിൽ തെറ്റുണ്ടെന്നും നാം സമ്പൂർണ്ണരല്ല എന്നും നാം അംഗീകരിക്കേണ്ടതാകുന്നു. ശേഷം നാം നമ്മുടെ പാപങ്ങളെ ദൈവമുൻപാകെ ഏറ്റു പറയുക. അവൻ നമ്മുടെ പാപങ്ങളെക്ഷമിച്ച് നമ്മെ കഴുകി ശുദ്ധീകരിക്കും. നാം വിശുദ്ധരാകേണ്ടതിനും വിശുദ്ധിയോടെ ദൈവത്തെ അനുഗമിക്കേണ്ടതിനും ഇത് ഏറ്റവും ലളിതമായ ഒരു മാർഗ്ഗമാണ്.

നാം സമ്പൂർണ്ണരല്ലാതെ ഇരിക്കുന്ന കാലത്തോളം, നാം വീണ്ടും പാപം ചെയ്യുകയും പാപ പ്രവൃത്തിയിൽ തുടരുകയും ചെയ്യുന്നു. ഒരു മോട്ടോർ സൈക്കിളിന്റെ എഞ്ചിനിൽ പുതിയ ഓയിൽ ആവശ്യമായിരിക്കുന്നതു പോലെ ഞാനും നിങ്ങളും സദാസമയം








നമ്മുടെ പാപങ്ങളെക്കുറിച്ച് ദൈവമുൻപാകെ ബോധവാന്മാരായിരിക്കണം. ഇത് ഒരിക്കലായി മാത്രം നടക്കേണ്ടുന്ന ഒരു വസ്തുതയല്ല. ഓട്ടക്കളത്തിൽ വിജയിക്കണമെങ്കിൽ ഇതൊരു തുടർപ്രവർത്തനമായി നടന്നുകൊണ്ടേയിരിക്കണം. രക്ഷ എന്നത് തുടർപ്രവർത്തനമായി നടക്കണമെന്നല്ല ഞാൻ പറയുന്നത്, പ്രത്യുത, നമ്മിലുള്ള തെറ്റുകളെ അംഗീകരിക്കുന്ന അനുഭവം തുടർ പ്രവർത്തനമായി നടന്നുകൊണ്ടേയിരിക്കണം. ഈ പ്രവർത്തനം നിങ്ങളുടെ എഞ്ചിനിലെ ഓയിലിനെ വൃത്തിയായി സൂക്ഷിക്കുകയും ജീവിത യാത്ര അധിക ദൂരം ഓട്ടുവാൻ ഇടയായിത്തീരുകയും ചെയ്യുന്നു.

## ഐസ് ബ്രേക്കർ ഗെയിമുകൾ

### ഫ്രൂട്ട് ബാസ്കറ്റ് അപ്സെറ്റ്

ഈ ഐസ് ബ്രേക്കറിൽ വിബിഎസിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുകൾ അറിയുക എന്ന ഉദ്ദേശ്യമാണുള്ളത്. വിബിഎസിൽ പങ്കെടുക്കുന്ന എല്ലാവരേയും ഉൾപ്പെടുത്തുക എന്നത് നല്ല ആശയമാണ്. കുട്ടികൾ നിരനിരയായി ഇരിക്കണം. ചില പ്രവർത്തനങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

നിരയിലുള്ള ഓരോ കുട്ടികളും അവരുടെ പേര് ഉറക്കെ വിളിച്ചു പറയണം. ആദ്യ നിരയിലുള്ള കുട്ടികളും അവസാന നിരയിലുള്ള കുട്ടികളും ഈ പേരുകൾ ശ്രദ്ധയോടെ കേൾക്കണം.

ടീച്ചർ ഒരു കുട്ടിയെ ചില പഴവർഗ്ഗങ്ങളുടെ പേരുകൾ പറയുവാൻ തിരഞ്ഞെടുക്കണം. ഉദാഹരണമായി ഓറഞ്ച് , നാരങ്ങ, മധുരമുള്ള മത്തങ്ങ, തണ്ണിമത്തൻ, ഫ്രൂട്ട് ബാസ്കറ്റ് എന്നിങ്ങനെ. പഴവർഗ്ഗങ്ങൾ സൂചിപ്പിക്കുന്ന പേരുകൾ പങ്കെടുക്കുന്ന കുട്ടികൾ പറയണം.

**ഉദാഹരണം:**

ഓറഞ്ച് : നിങ്ങളുടെ വലത്തുഭാഗത്ത് നിൽക്കുന്ന പങ്കാളിയുടെ പേര് പറയുക

നാരങ്ങ : നിങ്ങളുടെ ഇടത്ത് ഭാഗത്ത് നിൽക്കുന്ന പങ്കാളിയുടെ പേര് പറയുക

മധുരമുള്ള മത്തങ്ങ : നിങ്ങളുടെ പേര് പറയുക

തണ്ണിമത്തൻ : മുൻപിൽ നിൽക്കുന്ന വ്യക്തിയുടെ പേര് പറയുക


ഫ്രൂട്ട് ബാസ്കറ്റ് : എല്ലാവരും അവരവരുടെ സ്ഥലം മാറിയിരിക്കുക.

കുട്ടികളേയും പങ്കെടുത്ത സ്റ്റാഫ് അംഗങ്ങളേയും ശ്രദ്ധിക്കേണ്ടതിന് അവരുടെ ഇടയിലൂടെ നടക്കുക. 'ഫ്രൂട്ട് ബാസ്കറ്റ് അപ്സെറ്റ്' എന്ന് പറയുന്ന ആ ഭാഗമാണ് ഏറ്റവും രസകരമായ ഭാഗം. അവിടെ എല്ലാവരും ചലിക്കുന്നു.

## ബൈബിൾ പാഠം


### പത്രോസ് അനുതപിക്കുന്നു

1. പത്രോസ് യേശുവിന്റെ ശിഷ്യനാണ്. എന്ന് പറഞ്ഞാൽ യേശുക്രിസ്തുവിൽ നിന്നും പഠിക്കേണ്ടതിന് അവനെ അനുഗമിച്ച വ്യക്തിയാണ് പത്രോസ്. യേശു തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു "എന്നെ അനുഗമിക്കുക" പത്രോസ് യേശുവിനെ വളരെയധികം സ്നേഹിച്ചു. നീ ദൈവത്തിന്റെ പുത്രൻ എന്ന് ആദ്യം പറഞ്ഞ ശിഷ്യൻ പത്രോസ് ആയിരുന്നു.



   ശിഷ്യൻ എന്ന പദം കേൾക്കുമ്പോൾ കരങ്ങൾ ചേർത്ത് പിടിച്ചു മുൻപിലായി വെയ്ക്കുക, കരങ്ങൾ താഴ്ത്തുമ്പോൾ അവ തുറക്കുക.

2. ശിഷ്യന്മാർക്കൊപ്പം മൂന്നുവർഷം താമസിച്ചനന്തരം താൻ പിടിയ്ക്കപ്പെടുമെന്നും മരിക്കും എന്നും യേശു അവർക്ക് മുന്നറിയിപ്പ് നൽകി. ശിഷ്യന്മാർ തന്നെ വിട്ടു ഓടിപ്പോകും എന്നും അവർ തന്നെ അറിയികയില്ല എന്ന് പറയും എന്നും കൂടെ യേശു അവരോടു പറഞ്ഞു. പത്രോസ് എഴുന്നേറ്റു ഇപ്രകാരം പറഞ്ഞു "നിന്നെ അറികയില്ല എന്ന് ഞാൻ ഒരിക്കലും പറയുകയില്ല" നിന്നെ അറിയുകയില്ല എന്ന് ഞങ്ങൾ പറയുകയില്ല എന്ന് മറ്റു ശിഷ്യന്മാരും പറഞ്ഞു.




   ഒരിക്കലുമില്ല എന്ന വാക്ക് കേൾക്കുമ്പോൾ, നിങ്ങളുടെ കൈകൾ അർത്ഥവൃത്താകൃതിയിൽ തിരിക്കുക. വലത്തുഭാഗത്തേക്ക് താഴ്ത്തി പിടിക്കുക.







3. യേശു ഇത് അവരോടു പറയുമ്പോൾ 3 കാര്യങ്ങളാണ് സംഭവിച്ചത്. പടയാളികൾ വന്ന് യേശുവിനെ പിടിച്ചു. ശിഷ്യന്മാർ ഓടി, പത്രോസ് ഒരു അകലം വിട്ടു മാറി യേശുവിനു എന്ത് സംഭവിക്കും എന്ന് നോക്കി നിന്നു. പുരോഹിതന്മാരാൽ യേശു ചോദ്യം ചെയ്യപ്പെട്ട വേളയിൽ, പത്രോസ് തണുപ്പകറ്റാൻ പുറത്ത് തീ കായുകയായിരുന്നു. പെട്ടെന്ന് ഒരു വേലക്കാരി അവനോട് "നീ യേശുവിനൊപ്പം ഉണ്ടായിരുന്നവൻ അല്ലയോ" എന്ന് ചോദിച്ചു. പത്രോസ് മറുപടി പറഞ്ഞത് "നീ എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല" മറ്റൊരു സ്ത്രീ ഉറക്കെ പറഞ്ഞത് "ഇവനും ശിഷ്യന്മാരിൽ ഒരുവൻ ആയിരുന്നു. അതിനു പത്രോസ് "അത് ഞാനല്ല". (കുറച്ച് മുൻപ് യേശുവിനെ തള്ളിപ്പറയുകയില്ല എന്ന് താൻ പറഞ്ഞിരുന്നു) ചില നിമിഷങ്ങൾക്ക് ശേഷം ആരോ ഇപ്രകാരം പറഞ്ഞു " നീ അവന്റെ ശിഷ്യന്മാരിൽ ഒരുവൻ എന്ന് ഞാൻ അറിയുന്നു, നീ ഗലീലയിൽ നിന്നുള്ളവൻ. പ്രാകിയും ആണയിട്ടും പത്രോസ് പറഞ്ഞു "നിങ്ങൾ പറയുന്നത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല". എനിക്കറിയില്ല എന്ന പദം കേൾക്കുമ്പോൾ നിങ്ങളുടെ വലതു കയ്യുടെ വിരലുകൾ നെറ്റിമേൽ വച്ച് മുകളിലേക്ക് ചലിപ്പിക്കുക.




4. കോഴി കൂകിയതിനുശേഷം യേശു തന്നോടു പറഞ്ഞതായ കാര്യങ്ങളെ പത്രോസ് ഓർത്തു. " കോഴി കൂകുന്നതിനു മുൻപ് മൂന്നു തവണ നീ എന്നെ തള്ളിപ്പറയും". മറ്റു ശിഷ്യന്മാരുടെ മുൻപാകെ യേശുവിനെ അറികയില്ലാ എന്ന് പറഞ്ഞ വസ്തുതയോർത്ത് പത്രോസ് കരഞ്ഞ്. എന്നാൽ ഇപ്പോൾ താൻ മൂന്നു തവണ അങ്ങനെ ചെയ്തു കഴിഞ്ഞു. പത്രോസ് വളരെ ദുഃഖിച്ചു അതു തെറ്റായിപ്പോയി എന്ന് തനിക്ക് ബോധ്യമായി. "ഞാൻ എന്താണ് ചെയ്യേണ്ടത്?എന്തു ചെയ്യണം എന്ന് എനിക്ക് അറിയില്ല" എന്നായിരുന്നു പത്രോസ് പറയേണ്ടിയിരുന്നത്.



കോഴി എന്ന വാക്ക് കേൾക്കുമ്പോൾ: വലതു കരത്തിന്റെ പെരുവിരൽ നെറ്റിമേൽ വയ്ക്കുക. തൊട്ടടുത്തായി ഉള്ള രണ്ടു വിരലുകൾ മുകളിലേക്ക് ഉയർത്തി പിടിക്കുക.

5. ചില മണിക്കൂറുകൾക്ക് ശേഷം യേശു ക്രൂശിക്കപ്പെട്ടു പാപത്തിന്റെ മറുവിലയായി അവൻ ക്രൂശിൽ മരിച്ചു. എല്ലാ ശിഷ്യന്മാർക്കും സങ്കടമായി. എന്നാൽ പത്രോസ് എവിടെയായിരുന്നു. ഭയത്തോടെയും കുറ്റബോധത്തോടെയും അവൻ മറഞ്ഞിരുന്നു. അവൻ തെറ്റ് ചെയ്തു. 3 ദിവസങ്ങൾക്കു ശേഷം യേശു ഉയർത്തെഴുന്നേറ്റു (അവൻ ജീവനിലേക്ക് മടങ്ങിവന്നു) അവൻ ക്രൂശിൽ അധിക സമയം ഉണ്ടായിരുന്നില്ല, അവൻ കല്ലറയിൽ മരിച്ച് അവസാനിച്ചില്ല. ഉയർത്തെഴുന്നേറ്റു പറഞ്ഞ കാര്യങ്ങളിൽ ഒന്നാമത്തെ കാര്യം ശിഷ്യന്മാരെയും പത്രോസിനേയും ഗലീലയിൽ വച്ച് കാണാം എന്നുള്ളതായിരുന്നു.



ക്രൂശ് എന്ന വാക്ക് കേൾക്കുമ്പോൾ വിരലുകൾ ഉള്ളിലേക്ക് മടക്കി, പെരുവിരൽ പുറത്തേക്ക് വച്ച് മുകളിൽ നിന്ന് താഴേക്കും ഇടത്ത് നിന്ന് വലത്തേക്കും കുരിശ് വരയ്ക്കുക.

6. "അതു നന്നായി" പത്രോസ് പറഞ്ഞു. അത് അവനു വളരെ നല്ലതായി തോന്നി. യേശുവിന്റെ സന്നി ധിയിൽ ആയിരുന്നത് പത്രോസിൽ വളരെ സന്തോഷമുളവാക്കി. ആ ദിവസങ്ങളിലെല്ലാം "താൻ എന്തു ചെയ്യും" എന്ന് പത്രോസ് ചിന്തിച്ചിരുന്നു. ഗലീലായിലെ ആ ദിവസങ്ങളിൽ ഒന്നിൽ പത്രോസ് മറ്റു ശിഷ്യന്മാരോടായി പറഞ്ഞു ഞാൻ മീൻ പിടിക്കുവാൻ പോകുന്നു, അവരും അനോടുകൂടെ പോയി. അവർ തടാകത്തിലേക്ക് ചെന്ന് രാത്രി മുഴുവനും മീൻ പിടിച്ചു. എന്നാൽ അവർ ഒന്നും പിടിച്ചില്ല. കരയിൽ നിന്ന ആരോ ഒരാൾ അവരോടു വലത്തു ഭാഗത്ത് വല വീശുവാൻ പറഞ്ഞു. (ഇരുട്ടായതിനാൽ അവൻ ആരെന്നു അവർ അറിഞ്ഞില്ല. അവർ വലത്തുഭാഗത്ത് വീശിയപ്പോൾ അവർക്ക് പെരുത്ത മീൻകൂട്ടം ലഭിച്ചു.



മീൻ എന്ന വാക്ക് കേൾക്കുമ്പോൾ കൈകൾ ചേർത്തുപിടിച്ച് ഇടം കൈയ്യ് വലത്തോട്ട് കൊണ്ടുവന്ന് മുകളിലേക്കും താഴേക്കും ചലിപ്പിക്കുക.

7. “ അത് കർത്താവാകുന്നു”. യോഹന്നാൻ ഉച്ചത്തിൽ പറഞ്ഞു പത്രോസ് ഇത് കേട്ടപ്പോൾ വെള്ളത്തിലേക്ക് ചാടി യേശുവിന്റെ അരികിലേക്ക് നീന്തിയെത്തി. യേശു പത്രോസിനോട് ക്ഷമിച്ചു എന്ന് യേശുവിനു പത്രോസിനെ അറിയിക്കണമായിരുന്നു. യേശു പത്രോസിനോട് ഇപ്രകാരം പറഞ്ഞു “എന്റെ ആടുകളെ മേയ്ക്കുക, എന്റെ കുഞ്ഞാടുകളെ മേയ്ക്കുക”. തന്നോടുള്ള സ്നേഹം പത്രോസ് മറ്റുള്ളവരോട് പറയണമെന്നു യേശു ആഗ്രഹിച്ചു. പത്രോസിനോടുള്ള യേശിന്റെ പദ്ധതികൾ അവസാനിപ്പിക്കാതെ തൻറെ ജീവിതത്തിൽ പ്രധാനപ്പെട്ട കാര്യങ്ങൾ യേശുവിനു ചെയ്യേണ്ടതുണ്ടായിരുന്നു. എല്ലാറ്റിലും ഉപരിയായി യേശു തന്നോടു ക്ഷമിച്ചുവെന്നും താൻ നിമിത്തം തനിക്കൊരു പുതുജീവിതം ആരംഭിക്കാമെന്നും പത്രോസ് അറിഞ്ഞു.



ക്ഷമ എന്ന വാക്ക് കേൾക്കുമ്പോൾ വലതു കരത്ത്തിലെ വിരലുകളാൽ ഇടതുകരത്ത്തിൽ ചിത്രം വരയ്ക്കുക.

8. നിങ്ങളും യേശുവിന്റെ ശിഷ്യനാകയാൽ നിങ്ങളുടെ ജീവിതത്തിലേക്കും ഈ കഥ പകർത്താവുന്നതാണ്. യേശുവിനോട് അനുതപിക്കുന്ന കാര്യത്തിൽ നിങ്ങൾ അധികം താമസിച്ചിട്ടില്ല. “എന്തു ചെയ്യേണം എന്നറിയുകയില്ല” എന്ന് താങ്കൾ പറഞ്ഞാലും അത് ഒളിച്ചു വയ്ക്കുവാനോ മറച്ചുവയ്ക്കുവാനോ പാടില്ല എന്നതാണ് പരമ പ്രധാനമായ കാര്യം. ഒരു പക്ഷേ നിങ്ങളുടെ പാപങ്ങളെ ഓർമ്മപ്പെടുത്തുന്ന മറ്റൊരു പൂവൻ കോഴി നിങ്ങളുടെ ജീവിതത്തിൽ കാണണമെന്നില്ല. ക്രിസ്തു ക്രൂശിൽ മരിച്ചത് നിങ്ങളുടെ സകല പാപങ്ങൾക്കും വേണ്ടിയാണെന്ന വസ്തുത ഇപ്പോൾ ന്നിങ്ങൾ അറിഞ്ഞിരിക്കുന്നു. നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകുക എന്നതാണ് അവിടുത്തെ ആഗ്രഹം. പശ്ചാത്താപത്തിന്റെ ഏറ്റവും നല്ല ഭാഗം എന്ന് പറയുന്നത് ക്രിസ്തുവിലുള്ള സന്തോഷവും പാപക്ഷമയുമാണ്.

(എല്ലാ പ്രവർത്തികളും)

## ചുറ്റിത്തിരിയുന്ന സ്റ്റേഷൻ

**സ്റ്റേഷനുകളിലേക്ക് പോകുന്നതിനു മൂന്നായി ഗ്രൂപ്പ് തിരിയുക.**

### ഗ്യാരേജ് ക്രാഫ്റ്റ്സ്

**മോട്ടോ ക്രോസ് ട്രാക്ക്**

ഓരോ കുട്ടികൾക്കുവീതം വിതരണം ചെയ്യുക

വഴി പതിപ്പിച്ച ഒരു ഷീറ്റ്

അല്പം അറക്കപ്പൊടി/മിനുസമുള്ള പൊടി

- സമകോണ ചതുർഭുജവും മോട്ടോർസൈക്കിൾ യാത്രികന്റെ ചിത്രവും വെട്ടിയെടുക്കുക.
- സമകോണ ചതുർഭുജം എടുത്ത് അടയാളപ്പെടുത്തിയിരിക്കുന്ന വരയിൽ അതു മടക്കുക. ഓരോ സമകോണ ചതുർഭുജത്തിനും ഈരണ്ടു മടക്കുകൾ വീതം നൽകുക.
- വളവുള്ള ആ മടക്കിൽ പശപുരട്ടുക. അത് നിങ്ങളുടെ ഇഷ്ടാനുസരനംൻ ഒരു ചെറിയ പാലം പോലെ പാതയിൽ ഒട്ടിച്ചു വയ്ക്കുക
- ട്രാക്കിൽ ഉടനീളം പശ പുരട്ടുക. ശേഷം അവിടെ അറുക്കപ്പൊടിയോ മിനുസമുള്ള പൊടിയോ ഇടുക. അങ്ങനെ ഒരു മോട്ടോക്രോസ് ട്രാക്ക് ഉണ്ടാക്കുക.



ഒടുവിലായി മോട്ടോർ സൈക്കിൾ യാത്രക്കാരന് കളർ നൽകി ട്രാക്കിൽ ഓടിച്ച കളിയ്ക്കുകയോ ഒട്ടിച്ച വയ്ക്കുകയോ ചെയ്യുക.

## ലഘുഭക്ഷണത്തിനുള്ള സ്റ്റാന്റ്

**ചോക്ലേറ്റു പലഹാരം/ കസ്റ്റാർഡ് കുക്കീസ്**



ഘടകങ്ങൾ :

- ചോക്ലേറ്റു പലഹാരം/കസ്റ്റാർഡ്
- കുക്കീസ്
- പ്ലാസ്റ്റിക്ക് സ്പൂൺ

നിർദ്ദേശങ്ങൾ :

1. ചോക്ലേറ്റ് പലഹാരം/കസ്റ്റാർഡ് തുറക്കുക
2. കുക്കീസ് പൊതി തുറക്കുക
3. കുക്കീസ് ചെറു കഷണങ്ങളായി മുറിയ്ക്കുക
4. കുക്കീസ് കഷണങ്ങൾ കസ്റ്റാർഡിൽ ഇടുക
5. പലഹാരത്തിൽ/കസ്റ്റാർഡിൽ കുക്കീസ് ചേർത്ത് സ്പൂൺ ഉപയോഗിച്ച് നന്നായി ഇളക്കുക

*മുൻനിരയിൽ ഇരിക്കുന്ന ഒരാളെപ്പോലെ ആ ഭക്ഷണം ആസ്വദിച്ച കഴിയ്ക്കാവുന്നതാണ്!!!*

## ഡ്രൈവിംഗ് ക്ലാസ്

നമ്മുടെ വിദ്യാർത്ഥികളുടെ ബുക്കുകളിൽ പ്രവർത്തനം ആരംഭിക്കുന്ന "ഡ്രൈവിംഗ് ക്ലാസ്" എന്ന ഭാഗത്തേക്ക് സ്വാഗതം. ഇന്നത്തെ വാക്യവും പാടവും ആവർത്തിച്ച് പറഞ്ഞുകൊണ്ട് ക്ലാസ്സുകൾ തുടങ്ങുവാൻ എന്തുകൊണ്ട് കഴിയുകയില്ല? നമുക്ക് തുടങ്ങാം !!!

## ചോദ്യോത്തരങ്ങൾ

1. ഞാൻ മാനസാന്തരപ്പെടുന്നില്ലാഎങ്കിൽ എന്താണ് സംഭവിക്കുന്നത്?

നിങ്ങളുടെ ഹൃദയത്തിൽ ഒരു സമാധാനവും കാണുകയില്ല, എന്തെന്നാൽ നമ്മെ മാനസാന്തരത്തിന്റെ അനുഭവത്തിലേക്കാണ് വചനത്താൽ വിളിച്ചിരിക്കുന്നത്. അവിടുന്ന് വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ നമ്മോടു ക്ഷമിക്കുകയും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

2. പാക്ഷമയ്ക്കായി എല്ലായ്പ്പോഴും എവിടെ വെച്ചും ദൈവത്തോട് അപേക്ഷിക്കാമോ?

തീർച്ചയായും, നമുക്ക് ചെയ്യാവുന്നതിൽ വച്ച് ഏറ്റവും മഹത്തായ കാര്യമാണത്. സ്കൂളിലോ സുഹൃത്തിന്റെ വീട്ടിലോ എന്നിങ്ങനെ എവിടെ വെച്ചും ദൈവം നമ്മുടെ അപേക്ഷയെ കേൾക്കുന്നു.

3. ഞാൻ ആരോടെങ്കിലും ക്ഷമ ചോദിക്കുകയും അവർ എന്നോടു ക്ഷമിക്കാതെ ഇരിക്കുകയും ചെയ്താൽ ഞാൻ എന്തുചെയ്യും?

മറ്റുള്ളവർ നിങ്ങളോട് എന്തു ചെയ്യുന്നു എന്ന കാര്യത്തിൽ നിങ്ങൾ ഉത്തരവാദികൾ ആയിരിക്കുകയില്ല, നിങ്ങൾ ചെയ്യുന്നതെന്താണോ അതിൽ മാത്രമായിരിക്കും നിങ്ങളുടെ ഉത്തരവാദിത്വം.

4. പത്രോസ് എവിടെ നിന്നും വന്ന വ്യക്തിയായിരുന്നു?

പത്രോസ് ഗലീലയിൽ നിന്നുള്ള വ്യക്തിയായിരുന്നു.

5. ശിഷ്യനായിത്തീരുന്നതിനു മുൻപ് പത്രോസിന്റെ ജോലി എന്തായിരുന്നു?


മുക്കുവൻ







## ഡ്രൈവിംഗ് ക്ലാസ് ഉത്തരങ്ങൾ



ഈ ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ എങ്ങനെ പ്രാർത്ഥിക്കാം?



**മൊബൈൽഫോൺ** ഒരു ഫോൺ വിളിക്കുന്നതുപോലെ ഞാൻ ദൈവത്തോട് പ്രാർത്ഥനയിൽ സംസാരിക്കുന്നു. ദൈവം എനിക്ക് സന്ദേശം അയക്കുന്നു. എനിക്ക് നിങ്ങളുടെ വചനം എന്റെ ബൈബിളിൽ നിന്നും വായിക്കാൻ കഴിയുന്നു. ആ സന്ദേശത്തിൽ നിന്നും പോകാൻ കഴിഞ്ഞിട്ടും എനിക്കത് ഒന്നും തോന്നുന്നില്ലായെങ്കിൽ തന്നേയും അവൻ അത് സ്വീകരിക്കും.

**മുങ്ങുക** 1 യോഹന്നാൻ 1:9 ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയുന്നു ഞാൻ വിശുദ്ധീകരിക്കപ്പെടുന്നു. ഞാൻ ആത്മാവിൽ ദാഹിക്കുമ്പോൾ എനിക്ക് അവന്റെ അടുക്കലേക്ക് പ്രാർത്ഥനയിൽ പോകുവാൻ കഴിയുന്നു.

**വൈദ്യുത കേബിൾ** അത് ബന്ധിപ്പിച്ചില്ലാ എങ്കിൽ അത് ഉപയോഗശൂന്യമാണ്. പ്രാർത്ഥനയിൽ ദൈവവുമായുള്ള ബന്ധം തുടരുന്നതിനൊപ്പം ശക്തിയും പ്രദാനം ചെയ്യാൻ കഴിയുന്നു.

**പൂവൻ കോഴി** പത്രോസിനോട് ചെയ്തതുപോലെ എന്ത് ഉപയോഗിച്ചും ദൈവത്തിനു എന്നോടു സംസാരിക്കാൻ കഴിയും.




എന്തിന് വേണ്ടിയാണവൾ പ്രാർത്ഥിച്ചതും ക്ഷമാപണം ചോദിച്ചതും? ചിന്തയിൽ ഉയർന്നു വരുന്നത് വരയ്ക്കുക?



| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഷേ | പ | സ്തേ | ഹം | ക | ഭ | പ്രാ | ന്ന് | പൃ |
| ശു | ശു | ത്രോ | ട്ട | മ | ശു | ത | ട്ട | വ |
| പ്പ | മാ | പ്പെ | സ് | യ് | ത്സ്യം | ൽ | സ്തേ | ൻകോ |
| വ | ഷ്ട | ന | പൃ | നി | ഷേ | ധം | ന്നു | ഴി |
| ക | മ | ന്ന് | സാ | ള്ളം | സ് | യ | തീ | യ് |
| ൻകോ | ന്നു | ശു | വ | ന്ത | ഭ | ക | മ്യ | ന്ന് |
| ഴി | യേ | നി | യേ | ധം | രം | ഷേ | പ | ത്രോ |

## തയ്യാറാകാം, ഗെയിമുകൾക്കായി ഒരുങ്ങാം.


### ക്രാഷ് ഓട്ടമത്സരം (വ്യക്തിഗത മത്സരം)

എല്ലാ ടീമുകൾക്കും പങ്കെടുക്കാം. ഓരോ ടീമുകളിൽ നിന്നും ഓരോ കുട്ടിയെ വീതം തിരഞ്ഞെടുക്കാം. മറ്റു കുട്ടികളെ ബന്ധിക്കുന്നതിനാണ് ഈ തിരഞ്ഞെടുപ്പ്. ഒരു കുട്ടിയെ പുറത്താക്കുന്നതിനു 2 തവണ അവനെ ബന്ധിക്കണം. "പോകുക" എന്ന് ടീച്ചർ പറയുമ്പോൾ തിരഞ്ഞെടുക്കപ്പെട്ട കുട്ടി മറ്റു കുട്ടികളുടെ പുറകെ അവരെ പിന്തുടർന്നു ചെന്ന് അവരെ ബന്ധിക്കുവാൻ ശ്രമിക്കണം. ഇത് സംഭവിക്കുമ്പോൾ ബന്ധിക്കപ്പെട്ട കുട്ടി തന്റെ കരം ബന്ധിക്കപ്പെട്ട സ്ഥാനത്ത് വയ്ക്കണം. ഉദാഹരണമായി പിൻഭാഗത്തോ കാലിലോ ആണ് കുടുക്ക് വീണതെങ്കിൽ ഒരു കരം തന്റെ പിൻഭാഗത്തോ കാലിലോ വച്ച് ഓട്ടം തുടരണം. അങ്ങനെ ആ കുട്ടി രക്ഷപ്പെടാൻ ശ്രമിക്കണം. കളിയിൽ ഉടനീളം സ്വതന്ത്രമായ കൈകളോടു കൂടെ കളിക്കുന്ന കുട്ടി ഗെയിമിൽ

തുടരണം. രണ്ടാം തവണയും ബന്ധിക്കപ്പെടുന്ന കുട്ടി കളിയിൽ നിന്നും പുറത്താകണം. ബന്ധിക്കപ്പെട്ട ഭാഗത്ത് കരം വച്ച നിലയിൽ ഗെയിം തീരുന്നതുവരെ ആ കുട്ടി ചലനമില്ലാതെ നിൽക്കണം. പുരത്താക്കപ്പെടാതെ നിൽക്കുന്ന കുട്ടിയാണ് വിജയി. വിജയിക്കുന്ന ടീമിന് പോയിന്റ് ലഭിക്കുന്നു.

**ബോൾ മത്സരം (ടീമിനായുള്ള കളി)**

1. വിബിഎസ് ടീമുകൾ ഒരു നേതാവിനെ തിരഞ്ഞെടുക്കണം.
2. ഓരോ ടീം അംഗങ്ങളും ഒരു പടി അകലത്തിൽ ഒരു നിരയായി നിൽക്കണം. മറ്റുള്ളവരേക്കാൾ രണ്ടു പടി അകലത്തിൽ മുൻപിലായി നേതാവ് നിൽക്കണം.
3. ഓരോ നേതാക്കന്മാർക്കും ഒരു പന്ത് വീതം നൽകുക (ചുരുട്ടിയ കടലാസ്)
4. പ്രാരംഭ സ്ഥലത്ത് നിന്നും കുറേ മീറ്റർ അകലെയായി ഒരു മാർക്കർ വയ്ക്കുക. (ഉദാഹരണമായി ഒരു കസേര) മത്സരത്തിൽ അവർ അതിനു ചുറ്റും ഓടണം.
5. നിരയിൽ നിൽക്കുന്ന ഒന്നാമത്തെ അംഗത്തിന്റെ കൈകളിലേക്ക് നേതാവ് പന്തെറിയുന്നതോടെ ഗെയിം ആരംഭിക്കുന്നു. ആ വ്യക്തി പന്തുമായി ആ മാർക്കറിന്റെ അടുക്കലേക്ക് ഓടിയെത്തണം. ശേഷം ആ മാർക്കറിനെ ചുറ്റി വലംവെച്ച് മടങ്ങിയെത്തണം. തന്റെ ടീം അംഗങ്ങളോടൊപ്പം ആ നിരയിലേക്ക് ആ വ്യക്തി മടങ്ങിയെത്തുമ്പോൾ ആ പന്ത് നേതാവിന് എറിഞ്ഞു നൽകണം. ശേഷം ആ വ്യക്തി അവിടെ ഇരിക്കണം.



6. ഇപ്രകാരം ആ ടീമിലെ എല്ലാ അംഗങ്ങൾക്കും നേതാവ് പന്തെറിഞ്ഞു നൽകേണ്ടതാണ്. എല്ലാ അംഗങ്ങളും ഇരുന്നതിനുശേഷം നേതാവും മാർക്കറിനു ചുറ്റും ഓടേണ്ടതാണ്.
7. ടീം നേതാവ് നിരയിലേക്ക് വന്ന് ഇരിക്കുന്നതോടെ ഗെയിം അവസാനിക്കുന്നു.
8. ഈ ഗെയിം ആദ്യം പര്യവസാനത്തിൽ എത്തിക്കുന്ന ടീമായിരിക്കും വിജയികൾ.
9. ഒരിക്കൽ കൂടെ ഈ ഗെയിം കളിക്കേണ്ടതിനായി ഓരോ ടീമും വ്യത്യസ്തരായ നേതാക്കന്മാരെ തിരഞ്ഞെടുക്കുക.

## ഉപസംഹാരം

എത്ര മനോഹരമായ വിബിഎസിന്റെ ഒന്നാം ദിവസം. നാം നല്ലൊരു സമയം നന്നായി ആഘോഷിച്ചു. മാനസീക സംഘർഷത്തിനു അധീനനായ പത്രോസ് എപ്രകാരമാണ് കർത്താവിനെ തള്ളിപ്പറഞ്ഞതെന്നും, അത് അവന്റെ ജീവിതത്തിലെ ഒരു വലിയ തെറ്റായിത്തീർന്നത് എങ്ങനെ എന്നും നാം പഠിച്ചു. എന്നാൽ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചതിലൂടെ ആ പാപത്തെ അവൻ മറികടന്നു. അനുദിന ജീവിതത്തിൽ നമ്മുടെ തെറ്റുകളെ തിരിച്ചറിഞ്ഞ് പാപങ്ങളെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുവാൻ പത്രോസിൽ നിന്നും പാഠങ്ങൾ പഠിക്കുവാൻ നമുക്ക് കഴിയും. ഇപ്രകാരം, നമ്മുടെ എഞ്ചിനിലെ ഓയിൽ നമുക്ക് പുതുമയോടെ നിലനിർത്തുവാനും ജീവിതമാകുന്ന ഓട്ടക്കളത്തിൽ വിജയിക്കുവാനും കഴിയും.

# 2 ദൈവത്തെ അനുസരിക്കുക

ബൈബിൾ കഥ : നോഹ അനുസരിക്കുന്നു/ഉല്പത്തി 6:9-4; 7:1-24



## വാക്യം

"നാം ദൈവത്തിൻ കല്പനകൾ അനുസരിക്കുന്നുവെങ്കിൽ നാം അവിടുത്തെ അറിയുന്നു എന്നു തീർച്ചയാക്കാം." 1 യോഹന്നാൻ 2:3

## നാടകം

### ഒരു വ്യതിയാനം

- മെക്കാനിക്ക് മേശയ്ക്ക് സമീപം ഇരിക്കുന്നു. തന്റെ ഭാര്യ അദ്ദേഹത്തിനു പ്രഭാതഭക്ഷണം വിളമ്പുന്നു. മെക്കാനിക്കിന്റെ മകൾ അവിടേക്ക് കടന്നുവരുന്നു. സാധാരണ കാണപ്പെടുന്നതിനേക്കാൾ അന്നേ ദിവസം ആ പെൺകുട്ടി കുഞ്ഞുങ്ങളെപ്പോലെ പെരുമാറുകയും മാതാപിതാക്കളോട് വളരെ സ്നേഹത്തോടെ ഇടപെടുകയും ചെയ്യുന്നു. ആ മൂന്നു പേരും പെട്ടെന്ന് ചലനമറ്റവരായി നിൽക്കുന്നു.
- ഒരു അവതാരകൻ മുൻപോട്ടു വന്ന് ഇപ്രകാരം പറയുന്നു "മെക്കാനിക്കും തന്റെ ഭാര്യയും സംഭവിച്ചതിനെക്കുറിച്ച് അറിയില്ല". അവർക്ക് വളരെ കലഹപ്രിയയായ ഒരു മകളായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അവൾ ഒരു നല്ല ക്രിസ്തീയ മകളായിത്തീർന്നിരിക്കുന്നു. ശേഷം അയാൾ ഇപ്രകാരം പറയുന്നു " നാം വ്യതിയാനങ്ങൾ കാണും". മെക്കാനിക്കും കുടുംബവും വീണ്ടും ചലിച്ച് നാടകം തുടരുന്നു.
- ഒന്നാമതായി അമ്മ ശ്രദ്ധിച്ചത് മകളുടെ വസ്ത്രധാരണമാണ്. സ്കൂളിൽ വച്ച് മറ്റൊരു വേഷം ധരിക്കുന്നതിനെക്കുറിച്ച് അവൾ അവരോടു ചോദിക്കുന്നു. അവളുടെ മൂക്കുത്തിയും അവൾ സാധാരണ ധരിക്കുന്ന വേഷങ്ങളും എവിടെയാണ് അവൾ വച്ചത് എന്നും അവരോടു ചോദിക്കുന്നു. മകൾ അവളുടെ പിതാവിന്റെ അരികിലേക്ക് ചെന്ന് പാത്രവും കാപ്പിയും നൽകുന്നു.
- അവൾ തന്റെ ഗൃഹപാഠങ്ങൾ എങ്ങനെ ചെയ്തു തീർത്തു എന്നും സ്കൂളിൽ പരീക്ഷയ്ക്കായി എങ്ങനെ പഠിച്ചു എന്നും പറയുന്നു. അവൾക്ക് എന്തിനെങ്കിലും പണം ആവശ്യമുണ്ടോ എന്ന് മെക്കാനിക്ക് ചോദിക്കുന്നു. അവൾ അതിനു ഇല്ല എന്ന് മറുപടി പറയുന്നു.
- തന്റെ മകളോട് തങ്ങൾക്കെത്ര സ്നേഹമുണ്ടെന്ന് മാതാപിതാക്കൾ തമ്മിൽ സംസാരിക്കുന്നു. അവൾ അവരോടൊപ്പം താമസിക്കുന്നത് എത്ര സന്തോഷകരമാണെന്നും അവർ തമ്മിൽ സംസാരിക്കുന്നു. അവിടം വിട്ടു പോകുന്നതിനു മുൻപ് അവളുടെ ടീച്ചർക്ക് കൊടുക്കുവാനുള്ള ഒരു സമ്മാനം അവൾ എടുക്കുന്നു. അവൾ അവിടെ നിന്നും പോകുമ്പോൾ മെക്കാനിക്കും ഭാര്യയും ആശ്ചര്യത്തോടെയും എന്താണീ സംഭവിക്കുന്നത് എന്ന് ചിന്തിച്ച് അവിടെ ഇരിക്കുന്നു. മെക്കാനിക്ക് ഇപ്രകാരം ചിന്തിക്കുന്നു " ആരാണീ പെൺകുട്ടി, അവൾ എന്റെ മകളോട് എന്താണ് ചെയ്തിരിക്കുന്നത്."?

**ശ്രദ്ധ നേടാനുള്ള വിദ്യ**

അവതാരകൻ: "നീ ദൈവത്തെ അനുസരിക്കുമോ?"
കുട്ടികൾ: "അതെ..." ("അതെ" എന്ന് പറയുന്നതിനൊപ്പം കൈകൊട്ടിയതിന് ശേഷം ഇരു കൈകളും കാലുകളിൻമേൽ തട്ടുക) "അതെ" എന്ന് പറയുന്നതിനൊപ്പം കൈകൊട്ടിയതിന് ശേഷം ഇരു കൈകളും കാലുകളിൻമേൽ തട്ടുക.
"ഞാൻ ദൈവത്തെ അനുസരിക്കും!" "അതെ" എന്ന് പറയുമ്പോൾ കൈകൊട്ടുന്നതിനോടൊപ്പം "അനുസരിക്കും" എന്ന് പറയുമ്പോൾ ഇരു കൈകളും കാലുകളിൻമേൽ രണ്ടു പ്രാവശ്യം തട്ടുക, എന്നിട്ട് മുകളിലേക്ക് "ദൈവത്തിനെ" വിരൽ ചൂണ്ടുക.)







ആ അവതാരകൻ മടങ്ങിവരുന്നു, അവർ വ്യത്യാസം ശ്രദ്ധിച്ചതായി പറയുന്നു. വ്യത്യാസം ഉണ്ടായത് അവർക്ക് ഇഷ്ടമായി എന്നുള്ളത് വ്യക്തമാണ്. കലഹപ്രിയരായ കുട്ടികളെ ക്രിസ്തീയ കുട്ടികളാക്കി മാറ്റുക എന്ന നിർദ്ദേശത്തോട് കൂടെ അവതാരകൻ ഈ കാര്യങ്ങളെ പറഞ്ഞ് അവസാനിപ്പിക്കുന്നു.

## സന്ദേശം

മത്സരത്തിലേക്ക് മടങ്ങിവരാം... "സ്റ്റാർട്ട് യുവർ എഞ്ചിൻ" എന്ന വിബിഎസ് പ്രോഗ്രാമിലേക്ക് സ്വാഗതം. നാം ഇന്ന് പഠിക്കുവാൻ പോകുന്നത് മത്സരത്തിലെ പ്രധാന ഭാഗമായ 'ടയർ' എന്ന വിഷയത്തെക്കുറിച്ചാണ്. മത്സരത്തിൽ മോട്ടോർ സൈക്കിളിന്റെ ടയറുകൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വ്യക്തമായി പറഞ്ഞാൽ ഒരു മോട്ടോർ സൈക്കിളിനു ടയർ ഇല്ലാതെ ഓടുവാൻ സാദ്ധ്യമല്ല. നന്നായി ഓടുന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ടയർ നന്നായോ ഓടുന്നത് നിമിത്തം പാതയിലൂടെ വാഹനം സുഗമമായി പോകുന്നു. അതു നിമിത്തം പാതയിൽ തെന്നിവീഴുകയില്ല. ഒരു മത്സരത്തിൽ ഓട്ടം തുടങ്ങുന്നതിനു മുൻപ് ബൈക്കിനു പുതിയ ടയറുകൾ ഇടുന്നു. ഇത് നിമിത്തം പാതയിൽ നന്നായി ഓടുവാൻ കഴിയും എന്ന് അവർ ഉറപ്പുന്നു.

നിങ്ങളുടെ ബൈക്കിനു പുതിയ ടയറുകൾ എന്നതുപോലെയാണ് ദൈവത്തെ എല്ലാ കാര്യത്തിലും അനുസരിക്കുക എന്നത്. ജീവിതത്തിൽ നിങ്ങൾക്കൊരു സ്ഥാനം ആവശ്യമാണെങ്കിൽ, ദൈവത്തിനുവേണ്ടി എന്തെങ്കിലും വൻകാര്യങ്ങളെ ചെയ്യണമെന്നുണ്ടെങ്കിൽ നിങ്ങൾക്ക് നന്നായി ഓട്ടം ആവശ്യമാണ്. എന്താണ് നിങ്ങളുടെ ആവശ്യം? അനുസരണം! ലോകം നമ്മോടു പറയുന്നത് " നമുക്കൊരു തീരുമാനം എടുക്കണമെങ്കിൽ, എന്തെങ്കിലും വൻകാര്യങ്ങളെ ചെയ്യണമെങ്കിൽ നാം നമ്മിൽ തന്നെ വിശ്വസിച്ച് ആശ്രയിക്കുക എന്നാണ്. എന്നാൽ ദൈവം നമ്മെ പഠിപ്പിക്കുന്നത് ദൈവത്തെ അനുസരിക്കുവാനും അവന്റെ കല്പനകളെ പിന്തുടരുവാനുമാണ്. നാം നമ്മിൽ തന്നെ വിശ്വസിച്ചു ആശ്രയിക്കുന്നതിനു പകരം നാം സേവിക്കുന്ന മഹാനായ ദൈവത്തിൽ വിശ്വസിക്കുക. അവൻ നമ്മെ വളരെയധികം സ്നേഹിച്ചു. ജീവിതത്തിൽ ഏതെങ്കിലും മേഖലയിൽ നാം സവിശേഷതയുള്ളവരായിത്തീരണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം പ്രവർത്തനക്ഷമമായി മുന്നോട്ടു പോകുവാൻ ചക്രങ്ങൾ നമ്മുടെ വാഹനത്തിലുണ്ട് എന്ന ഉറപ്പാണ് അനുസരണം എന്ന വിഷയം നമുക്ക് പകർന്നു നൽകുന്നത്.

നോഹ എന്ന വളരെ വയസ്സുചെന്ന ഒരു മനുഷ്യന്റെ അനുസരണത്തെക്കുറിച്ചാണ് നാം പഠിക്കുവാൻ പോകുന്നത്. കാലങ്ങൾ കടന്നുപോകുന്നുവെങ്കിലും നോഹ ദൈവത്തോട് അനുസരണം കാണിച്ചു. ദൈവത്തെ അനുസരിക്കുവാൻ തനിക്ക് പ്രത്യേകിച്ച് കാരണങ്ങൾ ഒന്നും തന്നെ പറയുവാൻ ഇല്ലായിരുന്നു. എന്നാൽ എന്നേയും നിങ്ങളേയും സംബന്ധിച്ച് എന്താണിത് അർത്ഥമാക്കുന്നത്?

മാതാപിതാക്കളെ അനുസരിക്കുക എന്നതിൽ നിന്നും എന്താണ് അർത്ഥമാക്കുന്നത് എന്ന് നമുക്ക് അറിയാം. അവർ പറയുന്നത് ചെയ്യുക എന്നതാണിതിനർത്ഥം. എന്നാൽ ദൈവത്തെ അനുസരിക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ദൈവത്തെ കാണാതെയും ദൈവത്തിൽ നിന്നും കേൾക്കാതെയും ദൈവത്തിന്റെ ആവശ്യങ്ങൾ എന്ത് എന്ന് എപ്രകാരം അറിയുവാൻ കഴിയും. ദൈവത്തോട് അനുസരണം കാണിക്കുവാനുള്ള പ്രധാന വഴി വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന അവന്റെ കല്പനകളെ അനുസരിക്കുക എന്നതാണ്. യേശു ജീവിച്ചതുപോലെ എങ്ങനെ ജീവിക്കണമെന്നും മറ്റുള്ളവരെ എങ്ങനെ കരുതണം എന്നും അനേക പാഠങ്ങൾ നമുക്ക് അവിടെ കാണുവാൻ കഴിയും. നമ്മുഫെ നന്മയ്ക്കായി ദൈവം തന്റെ അധികാരത്തെ നമ്മുടെമേൽ ചുമത്തുന്നു. നാം നമ്മുടെ മാതാപിതാക്കളേയും അദ്ധ്യാപകരേയും പാസ്റ്റർമാരെയും അനുസരിക്കുന്നതിലൂടെയും ദൈവത്തോടുള്ള അനുസരണം വെളിപ്പെടുത്താവുന്നതാണ്. ചിലപ്പോൾ ദൈവം നമ്മോട് വ്യക്തിപരമായ കല്പനകളെ തരുന്നു. ചിലപ്പോൾ മറ്റുള്ളവരെ സഹായിക്കണം എന്നുള്ള അരുളപ്പാട് നമ്മുടെ ആത്മാവിൽ ദൈവം തോന്നിപ്പിക്കുന്നു. മറ്റുള്ളവർക്ക് എന്തെങ്കിലും ദാനം നൽകുവാനോ ആരോടെങ്കിലും ദയ കാണിക്കുവാനോ പോലും ആത്മാവിൽ നമുക്ക് ദൈവത്തിൽ നിന്നും അരുളപ്പാട് ലഭിക്കാം. ദൈവത്തിന്റെ കല്പനയായ ഒരു ശാസന നാം വേദപുസ്തകത്തിൽ കാണുമ്പോൾ, മാതാപിതാക്കളും പാസ്റ്ററും അത് അംഗീകരിക്കുന്നുവെങ്കിൽ, ആ കല്പനയെ നാം പിന്തുടരേണ്ടതാണ്. ഇത് ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യമാണ്. ദൈവത്തെ അനുസരിക്കുന്നതിലൂടെ വിശേഷപ്പെട്ട കാര്യമാണ് നാം ചെയ്യുന്നത്. നാം നമ്മുടെ ബൈക്കിനു പുതിയ ടയർ ഇടുന്നതുപോലെയാണിത്. അപ്പോൾ നമുക്ക് സുഗമമായ ഒരു യാത്ര ലഭിക്കുന്നു. നോഹയുടെ മാതൃക പിന്തുടർന്ന് ദൈവത്തെ അനുസരിച്ച്, ദൈവത്തിന്റെ പാതയെ അനുഗമിക്കാം. നമ്മുടെ അധികാരികളെയും നമ്മിലുള്ള പരിശുദ്ധാത്മാവിനേയും നമുക്ക് അനുസരിക്കാം. ആൺകുട്ടികളും പെൺകുട്ടികളും സുഗമമായ പാതയിലൂടെ വിജയിക്കേണ്ടതിനായി ഓട്ടം ഓടണം.







## ഐസ് ബ്രേക്കർ ഗെയിം

**ഇലക്ട്രിസിറ്റി**

ആൺകുട്ടികൾ, പെൺകുട്ടികൾ, വസ്തുക്കൾ

നിങ്ങളുടെ കുട്ടികളെ രണ്ടോ നാലോ ടീമുകളായി തിരിക്കുക. നിങ്ങളുടെ ഗ്രൂപ്പിന്റെ വലിപ്പത്തെ ആശ്രയിച്ച് തരംതിരിക്കപ്പെടുന്ന എത്ര ടീമുകൾ ഉണ്ടാകാം. ടീമുകളെ മുഖാമുഖമായി നിർത്തുക. അതിന്റെ നടുവിലായി എന്തെങ്കിലുമൊരു വസ്തു വയ്ക്കുക. അടുത്ത് നിൽക്കുന്ന ആളിന്റെ കരം പിടിച്ചു വേണം കുട്ടികൾ നിൽക്കുവാൻ. നിരയിൽ ആദ്യം നിൽക്കുന്ന ആൺകുട്ടിയുടെയും പെൺകുട്ടിയുടേയും കയ്യിൽ ലീഡർ പിടിക്കണം.(ഈ രണ്ടു ടീമുകൾക്ക് ഒരു ലീഡർ വീതം എന്ന കണക്കിൽ) ഓരോ ടീമിന്റെയും മുൻനിരയിൽ നിൽക്കുന്ന കുട്ടിയുടെ കരം ലീഡർ നന്നായി പിടിച്ചമർത്തണം. നിങ്ങളുടെ കരം അമർത്തപ്പെടുമ്പോൾ തൊട്ടടുത്ത് നിൽക്കുന്ന കുട്ടിയുടെ കരം അമർത്തുക. അങ്ങനെ ആ നിരയുടെ അവസാനം വരെ ഇത് തുടരുക. ഈ പ്രവൃത്തി ആദ്യം ചെയ്തു തീർക്കുകയും മദ്ധ്യഭാഗത്ത് വച്ചിരിക്കുന്ന ആ വസ്തു കരസ്ഥമാക്കുകയും ചെയ്താൽ ആ ടീമായിരിക്കും വിജയികൾ. ഈ ഗെയിം കൂടുതൽ ആശ്ചര്യഭരിതമാക്കണമെങ്കിൽ കണ്ണുകൾ അടച്ചും ഇത് ചെയ്യാവുന്നതാണ്.




## ബൈബിൾ പാഠം

നോഹ അനുസരിക്കുന്നു

1. ദൈവം ലോകം സൃഷ്ടിച്ചനന്തരം, ജനം വർദ്ധിച്ചു പെരുകിക്കൊണ്ടേയിരുന്നു. എന്നുവാൻ കഴിയുന്നതിലും അധികമായി ജനം പെരുകി. എന്നാൽ ദൈവമാണ് അവരെ സൃഷ്ടിച്ചത് എന്നുള്ള വസ്തുത അവർ മറന്നുകളഞ്ഞു. അവർ ദൈവത്തോടുള്ള അനുസരണം മറന്നുകളഞ്ഞു സ്വന്ത താല്പര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുവാൻ തുടങ്ങി. അവർ മറ്റുള്ളവരെ മുറിവേൽപ്പിക്കുകയും കൊല്ലുകയും ചെയ്തു. അവർ ദൈവത്തിന്റെ ആവശ്യങ്ങളെ തിരസ്കരിച്ചു ദൈവത്തിന് ഇത് ദു:ഖമായിത്തീർന്നു.



ജനം എന്ന പദം കേൾക്കുമ്പോൾ നടുവിരലും പെരുവിരലും ഉപയോഗിച്ച് ഒന്നിടവിട്ട് വൃത്തങ്ങൾ വരയ്ക്കുക.

2. അനുസരണം കെട്ട ആളുകൾക്കിടയിൽ ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തിരുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ പേര് നോഹ എന്നായിരുന്നു. ഒരു പ്രളയത്താൽ ഈ അനുസരണം കെട്ട ജനതയെ മുഴുവൻ അവസാനിപ്പിക്കുവാൻ ഒരിക്കൽ ദൈവം തീരുമാനിച്ചു. ഒരു വലിയ പ്രളയം ഉണ്ടാക്കുവാൻ പോകുന്നു എന്ന് ദൈവം നോഹയോട് അരുളിച്ചെയ്തു. അന്നുവരെ ഭൂമിയിൽ മഴപെയ്തിരുന്നില്ല. മഴ പെയ്യുക എന്നാൽ എന്താണ് എന്നുപോലും നോഹയ്ക്ക് അറിയില്ലായിരുന്നു. തനിക്ക് അറിയാത്തതും മനസ്സിലാക്കാൻ കഴിയാത്തതുമായ കാര്യങ്ങളെ വിശ്വസിക്കുക എന്നത് കഠിനമായ ഒരു കാര്യം തന്നെയായിരുന്നു. ദൈവം നോഹയോട് ഇപ്രകാരം അരുളിച്ചെയ്തു. "ഭൂമി മുഴുവനും വെള്ളത്താൽ മൂടപ്പെടുന്നതുവരെ ഭൂമിയിൽ ഒരു മഴ വരുത്തുവാൻ പോകുന്നു. എന്നാൽ നീ ഒരു പെട്ടകം ഉണ്ടാക്കണം (ഒരു വലിയ കപ്പൽ) അതിൽ നീയും നിന്റെ കുടുംബവും മൃഗജാതികളെയും കടത്തണം



അനുസരണം എന്ന പദം കേൾക്കുമ്പോൾ നിങ്ങളുടെ മുഷ്ടി ചുരുട്ടി നെറുകയുടെ മുൻഭാഗത്ത് കൊണ്ടുവരിക കൈപ്പത്തി ഉയർത്തി അവയെ താക്കുക.







3. പെട്ടകം എപ്രകാരം ഉണ്ടാക്കണം എന്ന് ദൈവം വ്യക്തമായി പറഞ്ഞു. ഏതു മരം ഉപയോഗിക്കണം എന്നും എത്ര വലിപ്പത്തിൽ അത് ഉണ്ടാക്കണമെന്നും ദൈവം പറഞ്ഞു. ഒരു വലിയ ഫുട്ബോൾ മൈതാനത്തെക്കാളും വലുതായിരുന്നു ആ പെട്ടകം. തടി മുറിച്ച് ആണികൾ അടിച്ചു നോഹ പണി തുടങ്ങി. നോഹയും കുടുംബവും വർഷങ്ങളെടുത്ത് ഒരു പടുകൂറ്റൻ പെട്ടകം ഉണ്ടാക്കി. ദൈവം വാഗ്ദത്തം ചെയ്ത വാക്കുകളെ എപ്രകാരം പ്രാവർത്തികമാക്കും എന്ന് ചിന്തിച്ചു കൊണ്ടും, നിങ്ങൾക്ക് മനസ്സിലാകാത്ത ഒരു കാര്യം കാര്യം ചെയ്തുകൊണ്ടും വർഷങ്ങൾ ദൈവത്തോടുള്ള അനുസരണത്തിൽ കാത്തിരിക്കുന്നത് ഒന്നു ഭാവനയിൽ കണ്ടു നോക്കൂ.



ദൈവം എന്ന വാക്ക് കേൾക്കുമ്പോൾ വലതുകൈയുടെ ചൂണ്ടുവിരൽ മുകളിലേക്ക് ഉയർത്തിപ്പിടിക്കുക. ശേഷം അത് താഴ്ത്തി കരം തുറന്ന് നെഞ്ചിലേക്ക് വയ്ക്കുക.

4. ഒരിക്കൽ ദൈവം നോഹയോട് പറഞ്ഞു, "നീയും കുടുംബവും മൃഗങ്ങളുമായി പെട്ടകത്തിലെക്ക് കയറുക. നോഹ അതു അനുസരിച്ചു. തന്റെ കുടുംബത്തിനും മൃഗങ്ങൾക്കും ആവശ്യമായ ഭക്ഷണവും താൻ കരുതിവച്ചു. ദൈവം അയച്ച സകല മൃഗജാലങ്ങളും പെട്ടകത്തിനുള്ളിൽ കയറി. വലിയ മൃഗങ്ങൾ തുടങ്ങി ചെറിയ മൃഗങ്ങൾ വരേയും അവയിൽ ഉണ്ടായിരുന്നു. ഒടുവിൽ നോഹയും കുടുംബവും കയറി. നോഹ പെട്ടെന്ന് ഒരു ശബ്ദം കേട്ടു. മഴ വീഴുന്നു. അവ ശക്തമായിക്കൊണ്ടേയിരിക്കുന്നു. ദൈവം വാതിൽ അടച്ച്.



കുടുംബം എന്ന വാക്ക് കേൾക്കുമ്പോൾ പെരുവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് കരത്തിൽ തൊടുന്നത് വരെ വൃത്തം വരച്ചുകൊണ്ടിരിക്കുക.

5. മഴ വളരെ ശക്തമാണ്, വെള്ളത്താൽ ഭൂമി കലുഷമായി. ഭൂമി വെള്ളത്താൽ നിറഞ്ഞു. പെട്ടകം ഒഴുകാൻ തുടങ്ങി (വെള്ളത്തിന്മീതെ മേഘങ്ങൾ വരയ്ക്കുക) 40 രാവും 40 പകലും മഴ പെയ്തു. വലിയ പർവ്വത ശിഖരങ്ങൾ പോലും മുങ്ങുമാറു മഴ അതി ശക്തമായിരുന്നു. ഒരു നാൾ സകലതും ശാന്തമായി, സൂര്യൻ ഉദിച്ചു, മഴ നിന്നു (സൂര്യനെ വരയ്ക്കുക) ഭൂമി മുഴുവനായി ഒന്ന് ഉണങ്ങിയ നിലമായി മാറുവാൻ ഏകദേശം ഒരു വർഷത്തോളം സമയം വേണ്ടി വന്നു. ഒരിക്കൽ ദൈവം നോഹയോട് ഇപ്രകാരം പറഞ്ഞു "നിന്റെ കുടുംബവും മൃഗങ്ങളും പെട്ടകം വിട്ട് ഇറങ്ങുക". ഭൂമിയിൽ തിരിച്ചെത്തിയ ആ ദിനം എത്ര ആശ്ചര്യഭരിതമായിരിക്കണം! നോഹയും കുടുംബവും ഭൂമിയിൽ ഓടിനടന്ന് സൂര്യപ്രകാശത്തിൽ കൈകാലുകൾ നിവർത്തി സന്തോഷിച്ചിട്ടുണ്ടാകണം. മഴ എന്ന പദം കേൾക്കുമ്പോൾ കപ്പുകൾ കരങ്ങളിൽ എടുത്തുയർത്തി വശങ്ങളിലേക്ക് വൃത്താകൃതിയിൽ ചലിപ്പിക്കണം.



6. അവരെ ദൈവം സൂക്ഷിച്ചതിനാൽ നോഹ പ്രാരംഭത്തിൽ ദൈവത്തിനു നന്ദിയർപ്പിച്ചു. നോഹയിൽ നിന്നുള്ള ഈ നന്ദിയർപ്പണം സ്വീകരിച്ചനന്തരം " ഇനി മേലിൽ ഭൂമിയെ വെള്ളത്താൽ നശിപ്പിക്കുകയില്ല" എന്ന് ദൈവം നോഹയോട് വാഗ്ദത്തം പറഞ്ഞു. ആ വാഗ്ദത്തെ ഓർമ്മിപ്പിച്ചുണർത്തുവാൻ ആകാശത്തിൽ ദൈവം ഒരു മഴവില്ല് സ്ഥാപിച്ചു. ദൈവം പറഞ്ഞതെല്ലാം തനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ലായെങ്കിലും താൻ ദൈവത്തെ പൂർണ്ണമായി അനുസരിച്ചത് ദൈവത്തിനു പ്രസാദമായി എന്ന് ഞാൻ ചിന്തിക്കുന്നു. നിങ്ങൾ മഴവില്ല് കാണുമ്പോൾ ഒക്കെയും ദൈവം മേലിൽ വെള്ളത്താൽ ഈ ഭൂമിയെ നശിപ്പിക്കുകയില്ല എന്നു പറഞ്ഞതിന്റെ അടയാളമായി അതിനെ കാണുക. ഒരു പക്ഷേ ദൈവം പറഞ്ഞ കാര്യം അനുസരിക്കുവാൻ ബുദ്ധിമുട്ട് കാണാം. എങ്കിലും ദൈവം നമ്മെ സ്നേഹിക്കുന്നു. നാം അവനെ അനുസരിക്കുമ്പോൾ നമ്മോടുള്ള അവന്റെ സ്നേഹം പ്രദർശിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു.



നന്ദി എന്ന വാക്ക് കേൾക്കുമ്പോൾ രണ്ടു കൈകളുടെയും വിരൽത്തുമ്പുകൾ ചുണ്ടിനു മുകളിൽ കൊണ്ടുവന്ന് മുകളിലേക്കും താഴേക്കും ചലിപ്പിക്കുക.

## ചുറ്റിത്തിരിയുന്ന സ്റ്റേഷൻ









സ്റ്റേഷനിലേക്ക്  നീങ്ങേണ്ടതിന് കുട്ടികളെ 3 ഗ്രൂപ്പായി തരം തിരിക്കുക.

## ഗ്യാര്യേജ് ക്രാഫ്റ്റ്സ്

**ബൈക്ക് ഓടിക്കുന്ന ആളിന്റെ ഹെൽമറ്റ്**

ഓരോ കുട്ടികൾക്കും വിതരണം ചെയ്യുക
ഒരു ഷീറ്റിൽ പതിപ്പിച്ചിരിക്കുന്ന. ബൈബിൾ വാക്യങ്ങൾ ഉള്ള ഹെൽമെറ്റ്
നീല നിറത്തിലുള്ള ഒരു കുഷ്യൻ തുണി അല്ലെങ്കിൽ ഒരു കടലാസ്
മഞ്ഞ നിറത്തിലുള്ള 2 കുഷ്യൻ തുണി അല്ലെങ്കിൽ ഒരു കടലാസ്
പച്ച നിറത്തിലുള്ള ഒരു കുഷ്യൻ തുണി അല്ലെങ്കിൽ ഒരു കടലാസ്
ഒരു സേഫ്റ്റി പിൻ
നിർദ്ദേശങ്ങൾ:




- കുഷ്യൻ കടലാസ്/കളർ പേപ്പർ, പ്രിന്റ് ചെയ്ത ഹെൽമെറ്റ് ഇവ ഉപയോഗിച്ച് ഹെൽമെറ്റ് രോപ്പം തയ്യാറാക്കുക.
- അതു നന്നായി ചെയ്തുതീർന്നു എങ്കിൽ അവ ഒട്ടിച്ചു വയ്ക്കുക.
- അവ ഒരു സേഫ്റ്റി പിന്നിനോടു കൂടെ ചേർത്തു വയ്ക്കുന്നു എങ്കിൽ അവരുടെ വസ്ത്രത്തിൽ കുക്കിയിടുവാൻ സാധിക്കും.

## സ്നാക്ക് സ്റ്റാന്റ്

**ആപ്പിൾ കാർ**

ആവശ്യമായ സാധനങ്ങൾ:

- ആപ്പിൾ
- ഉണക്ക മുന്തിരി അല്ലെങ്കിൽ പർപ്പിൾ മുന്തിരിങ്ങ
- ടൂത്ത് പിക്ക്

**നിർദ്ദേശങ്ങൾ:**




1. ആപ്പിൾ ചന്ദ്രക്കല ആകൃതിയിൽ മുറിക്കുക (നേർ പകുതിയായി)
2. ചന്ദ്രക്കല ആകൃതിയിൽ കീഴ്മേൽ രീതിയിൽ വയ്ക്കുക
3. ആപ്പിളിലൂടെ ടൂത്ത് പിക്ക് കടത്തിവിടുക, ഒരെണ്ണം ആപ്പിളിന്റെ മുൻപിലും മറ്റേത് പുറകിലും
4. മുന്തിരിങ്ങയോ ഉണക്കമുന്തിരിങ്ങയോ കടത്തി വിട്ട ടൂത്ത് പിക്കിന്റെ അറ്റത്തായി ചേർത്ത് വയ്ക്കുക. അത് ടയർ പോലെ തോന്നിപ്പിക്കും.

തയ്യാർ! ഇപ്പോൾ നമുക്ക് സ്വാദിഷ്ടമായ ഒരു കാർ ലഭിച്ചിരിക്കുന്നു.

## ഡ്രൈവിംഗ് ക്ലാസ്

കുട്ടികളുടെ ബുക്കിൽ വർക്കുകൾ ചെയ്യുന്ന ഡ്രൈവിംഗ് ക്ലാസ്സിലേക്ക് സ്വാഗതം. ഇന്നു പഠിച്ച അദ്ധ്യായവും വാക്യവും ആവർത്തിച്ചു പറഞ്ഞുകൊണ്ട് ക്ലാസ്സുകൾ തുടങ്ങാം. !!!

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഉ | ടി | ദി | ആ | ൺമ | വെ | ള്ള | പ്പൊ | ക്കം |
| ദൈ | ക്ക | ൾ | ശ | ഉ | ഴ | ട | ആ | ത |
| വം | പ | കം | ദൈ | [illegible] | ഗ | ഇ | ൺമ | ടി |
| ര | ട്ട | ണി | ക്ക | ത | ൾ | ങ്ങ | ക്ക | ര |
| പെ | ക്ഷ | പി | യു | ഇ | ക്കം | ഹ | ൾ | ക്ഷ |
| ള്ള | ജ്ഞാ | പ്പെ | ഉ | [illegible] | നോ | ഇ | ദൈ | പ്പെ |
| ആ | ഗ | ൽ | ട | അ | യ | ൽക്കാ | ർ | ഴ |
| വി | ശ്വാ | സം | ങ്ങ | ൽ | ക | ത | [illegible] | ൽ |

ഈ പ്രസ്താവന ശരിയാണോ(T) തെറ്റാണോ (F) എന്ന് ബൈബിളിൽ പരിശോധിച്ച് അടയാളപ്പെടുത്തുക.

1. നോഹ വെള്ളപ്പൊക്കത്തിനു ശേഷം 350 വർഷങ്ങൾ ജീവിച്ചിരുന്നു. (950 ആകെ വർഷം) ഉല്പത്തി 9:28-29 — (T) F
2. ദൈവം നോഹയ്ക്ക് മഴവില്ല് നൽകി ഇനിയും മഴപെയ്യില്ലെന്ന ഉറപ്പ് കൊടുത്തു. ഉല്പത്തി 9:12-16 — T (F)
3. പെട്ടകത്തിൽ 14 എണ്ണം ബുദ്ധിയുള്ള മൃഗങ്ങളിൽ നിന്നും ഉണ്ടായിരുന്നു. ഉല്പത്തി 7:2 — (T) F
4. നോഹയുടെ പൂർവ്വപിതാക്കന്മാരെ നമുക്ക് അറിയില്ലായിരുന്നു. ഉല്പത്തി 5 — T (F)
5. മെഥൂശലെഹ് (ഏറ്റവും പ്രായം ചെന്ന വ്യക്തിയായിരുന്ന ബൈബിളിൽ) (969 വർഷം) നോഹയുടെ മുത്തച്ഛൻ ആയിരുന്നു. ഉല്പത്തി 5:25 — (T) F
6. പെട്ടകം പണിയാൻ 100 വർഷത്തെക്കാൾ കൂടുതൽ എടുത്തു. ഉല്പത്തി 7:6 — (T) F
7. ഓരോരോ പക്ഷിയുടെയും ഓരോ ജോഡി പക്ഷികൾ പെട്ടകത്തിൽ ഉണ്ടായിരുന്നു. ഉല്പത്തി 7:3 — T (F)



ഓരോ മൃഗത്തിന്റെയും 2ജോഡി കണ്ടെത്താൻ കഴിയുമോ? മൃഗങ്ങൾ അവരുടെ ഇണകളെ ഇപ്പോഴും കാത്തിരിക്കുന്നതിനെ വൃത്താകൃതിയിൽ അടയാളപ്പെടുത്തുക. ചിത്രത്തിൽ നോക്കാതെ എത്ര മൃഗങ്ങളുടെ പേരുകൾ ഒരു മിനിറ്റിൽ പറയാൻ കഴിയും?



## ചോദ്യോത്തരങ്ങൾ

1. എന്റെ മാതാപിതാക്കൾ നന്നല്ല എങ്കിൽ എന്ത് സംഭവിക്കും?

ജീവിതം നന്നല്ല, ഉദാഹരണമായി ഒരു ഭൂമികുലുക്കം ഉണ്ടായാൽ ആളുകൾ താമസിക്കുന്ന മേഖലയിൽ അവർ നല്ലവരായാലും നന്നല്ലാത്തവരായാലും ബാധിക്കും. പലപ്പോഴും അനീതിയാണ് ഇവിടെ നടക്കുന്നത്. നമ്മുടെ ഭവനങ്ങളിൽ പോലുമം അങ്ങനെയാണ് നടക്കുന്നത്. മാതാപിതാക്കളെ അനുസരിക്കുവാൻ വഴിയൊന്നുമില്ലെയോ തെറ്റായ എന്തെങ്കിലുമൊന്നു ചെയ്യുവാൻ പറഞ്ഞാൽ നാം അനുസരിക്കുമോ? ദൈവം സകലതും കാണുന്നു. നമ്മുടെ മാതാപിതാക്കൾ ഒരുപക്ഷേ നമ്മെ കാണണമെന്നില്ല. ഉദാഹരണം കള്ളം പറയുന്നത്.

2. നിങ്ങൾ ഏതെങ്കിലുമൊരു കാര്യം ചെയ്യണമെന്നു ദൈവം എപ്രകാരമാണ് നിങ്ങളോട് അറിയിക്കുക? അത് ദൈവത്തിൽ നിന്നുമാണെന്ന് നിങ്ങൾ എപ്രകാരമാണ് തിരിച്ചറിയുക?

ചിലപ്പോൾ നമുക്ക് തോന്നാം ആരെയെങ്കിലും സഹായിക്കേണ്ടതിന് പോകണമെന്ന്. ആരോ നമ്മെ അസഹ്യപ്പെടുത്തുന്നതായി നമുക്ക് അനുഭവപ്പെട്ടേക്കാം, അഥവാ നാം ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് ഇടവിടാതെ നമ്മെ ഓർമ്മപ്പെടുത്തുന്നതായും തോന്നൽ ഉളവാക്കാം. നാം മറക്കുവാൻ ശ്രമിച്ചാലും ദൈവം നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കും. നാം ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് രാത്രിയിൽ സ്വപ്നം കണ്ടെന്നും വരാം.

3. താങ്കൾ താങ്കളെക്കുറിച്ചു തന്നെ ദൈവസന്നിധിയിൽ അനുസരണമുള്ള വ്യക്തിയായി കാണുന്നുവോ?

ആരും പരസ്പരം വിധിക്കാതെ ഒരു തുറന്ന ചർച്ചയ്ക്ക് കുട്ടികൾ തയ്യാറാകട്ടെ. നിങ്ങളുടെ പരാജയങ്ങളും തെറ്റുകളും അവരുടെ പാഠത്തിനായി അവരോടു പറഞ്ഞ് ചർച്ച ചെയ്യുക. ഏതു തരം പ്രവർത്തികളാണ് അനുസരണത്തിന്റെ ഭാഗങ്ങൾ എന്നും അനുസരണക്കേടിന്റെ ഭാഗങ്ങൾ എന്നും ചർച്ച ചെയ്യുക.

4. എത്ര പേർ പെട്ടകത്തിൽ കടന്നു?

എട്ട്

5. നോഹയുടെ പുത്രന്മാരുടെ പേരുകൾ ഏവ?

ശേം, ഹാം, യാഫേത്ത്

## ഒരുങ്ങുക, ഗെയിമിനായി തയ്യാറാകുക!

**കെട്ടി വലിക്കുന്ന ട്രക്കിനെ പിടികൂടുക (വ്യക്തഗതം)**

കളിക്കുന്നതിനു മുൻപ് :

- മോട്ടോർ സൈക്കിളുകളെ(മറ്റു കുട്ടികൾ) ബന്ധിപ്പിച്ച് വലിക്കുവാൻ ഒരു കുട്ടിയെ(കേട്ടിവളിക്കുന്ന ട്രക്ക്) നിയോഗിക്കുക.
- കളിസ്ഥലത്തിന്റെ പരിധി നിശ്ചയിക്കുക


കളിയ്ക്കുന്നതിന്:

നിശ്ചയിക്കപ്പെട്ട അതിരുകൾക്കുള്ളിൽ മോട്ടോർ സൈക്കിളുകൾ സ്ഥാപിക്കുക. കെട്ടി വലിക്കുന്ന ട്രക്ക് മോട്ടോർ സൈക്കിളുകളെ ബന്ധിപ്പിക്കുവാൻ ശ്രമിക്കണം. തന്റെ കരങ്ങളാൽ ഒരു മോട്ടോർ സൈക്കിളിനെ ബന്ധിപ്പിച്ചാൽ, ആ മോട്ടോർ സൈക്കിൾ ട്രക്കിന് കൈ കൊടുത്ത് ബന്ധിപ്പിക്കണം. മോട്ടോർ സൈക്കിളിന്റെ കയ്യിൽ പിടിച്ച് ട്രക്ക് മറ്റുകുട്ടികളെയും ഒരു ചങ്ങലയെന്നതുപോലെ ബന്ധിപ്പിക്കേണ്ടതിന് പിടികൂടണം.

നിശ്ചയിക്കപ്പെട്ട രേഖ ആരെങ്കിലും മറികടക്കുന്ന പക്ഷം അവർ സ്വയമായി ട്രക്കിനോട് ബന്ധിപ്പിക്കേണ്ടതാണ്.

ശ്രദ്ധിക്കുക: ഗ്രൂപ്പ് വലുതാണെങ്കിൽ, 2 ശൃംഖലകൾ സൃഷ്ടിക്കേണ്ടതാണ്. അവിടെ 2 ട്രക്കുകൾ കെട്ടി വലിക്കേണ്ടതിന് തിരഞ്ഞെടുക്കാം.

**റിലേ റെയ്സ് (ടീം)**



ഈ റിലേ റെയ്സിനായി 2 കുട്ടികളുടെ ഓരോ കാൽ വീതം പരസ്പരം കൂട്ടിക്കെട്ടുക.

ടീം ഉണ്ടാക്കുവാൻ കൂട്ടിക്കെട്ടിയ കുട്ടികളുടെ എണ്ണം എടുക്കുക. ഓരോ ടീമിലും തുല്യ എണ്ണമായി തരം തിരിക്കുക

ഓരോ ടീമിനും ഓടുവാൻ ആവശ്യമായ ഒരു ട്രാക്ക് ആ കളിക്കളത്തിൽ ഒരുക്കുക

സിഗ്നൽ നിൽക്കുമ്പോൾ ആദ്യം നിൽക്കുന്ന കുട്ടികൾ ട്രാക്കിൽ ഒരു തവണ ഓടിയെത്തണം, പിന്നീട് രണ്ടാം ഗ്രൂപ്പ്, അങ്ങനെ മുഴുവൻ ടീമും ഓടിയെത്തണം. ആദ്യം എത്തുന്ന ഗ്രൂപ്പായിരിക്കും വിജയികൾ.

## ഉപസംഹാരം

വെക്കേഷൻ ബൈബിൾ സ്കൂളിന്റെ ഈ ദിനം എത്ര ആശ്ചര്യകരമാണ്. നോഹ ദൈവത്തിന്റെ ശബ്ദം കേൾക്കുക മാത്രമല്ല ചെയ്തത്, ദൈവ വചനം അനുസരിച്ചുകൊണ്ട് തന്റെ ജീവിതത്തിൽ നല്ല ടയറുകൾ സ്വായത്തമാക്കി സുഗമമായ പാതയിൽ നന്നായി ഓടി. നോഹയിൽ നിന്നും പാഠങ്ങൾ പഠിച്ച് നമ്മുടെ ജീവിതത്തിലും നിരന്തരമായി ദൈവത്തെ അനുസരിക്കുവാൻ നമുക്ക് കഴിയട്ടെ. ഇപ്രകാരം നമ്മുടെ ബൈക്കുകളിൽ നല്ല ടയർ സ്ഥാപിച്ച് വേഗത്തിൽ നാം ഓടി ജീവിത വിജയം പ്രാപിക്കുവാൻ നമുക്ക് ഇടയാകട്ടെ!







3

# യഥാർത്ഥ സ്നേഹം

ബൈബിൾ കഥ രൂത്ത് സ്നേഹിക്കുന്നു/രൂത്ത് 1:1-4:17



## വാക്യം

“നാം പരസ്പരം സ്നേഹിക്കണം എന്നുള്ളതാണല്ലോ ആദിമുതൽ നിങ്ങൾ കേട്ട സന്ദേശം. ” 1 യോഹന്നാൻ 3:11

## നാടകം

### സ്നേഹം

- തന്റെ വാഹനത്തിന്റെ ചൂട് വർദ്ധിക്കുന്ന എന്ന കാരണത്താൽ വാഹനം വർക്ക്ഷോപ്പിലേക്ക് കൊണ്ടുവന്ന തൻറെ കക്ഷിയോടു സംസാരിച്ചുകൊണ്ട് മെക്കാനിക്ക് പ്രവേശിക്കുന്നു. ആ മോട്ടോർ സൈക്കിളിൽ നിന്നും പുക പുറത്തേക്ക് വരുന്നു. ഈ എഞ്ചിനിൽ ആന്റിഫ്രീസ് ഒഴിച്ചിരുന്നുവെങ്കിൽ ഇത് തിളയ്ക്കുകയില്ലായിരുന്നു എന്ന് മന്ത്രിച്ചുകൊണ്ട് മെക്കാനിക്ക് ജോലി ചെയ്യുവാൻ തുടങ്ങുന്നു. “ഇത് എനിക്ക് ഉറപ്പിക്കുവാൻ കഴിയുമോ എന്ന് അറിയില്ല”:

> **ശ്രദ്ധ നേടാനുള്ള വിദ്യ**
>
> അവതാരകൻ: “വേഗത കൂടട്ടെ!”
> കുട്ടികൾ: കൈകൾ മൂന്നു പ്രാവശ്യം കൊട്ടുന്നു
> കൈകൾ മൂന്നു പ്രാവശ്യം കൊട്ടുന്നു
> “വ്രൂം, വ്രൂം!” (കൈകൾ മോട്ടോർബൈക്കിന്റെ ഇരപ്പ് വർദ്ധിപ്പിക്കുന്നത് പോലെ ചലിപ്പിക്കുക)
> “നമുക്ക് പോകാം!” (ആദ്യം വലത് മുഷ്ടിയും തുടർന്ന് ഇടതു മുഷ്ടിയും വായുവിൽ

- അല്പനിമിഷം കഴിഞ്ഞ്, തന്റെ വളർത്തുനായ അടുത്ത് വന്ന് അവനോട് സംസാരിക്കുവാൻ തുടങ്ങി. മെക്കാനിക്ക് ചുറ്റും നോക്കി. തന്നോടു ആരാണീ സംസാരിക്കുന്നത് എന്ന് ആശ്ചര്യത്തോടെ നോക്കി. തന്നോടു തന്റെ വളർത്തു നായയാണ് സംസാരിക്കുന്നത് എന്ന് തിരിച്ചറിയുവാൻ കുറേ സമയം എടുത്തു.

- തന്റെ വളര്ത്തുനായയ്ക്ക് മാത്രം അറിയാവുന്ന ചില കഥകൾ തന്നോടു പറയാനുണ്ട് എന്ന് ആ നായ വെളിപ്പെടുത്തുകയായിരുന്നു. താങ്കളുടെ ഭാര്യ ഒരു വിശിഷ്ടമായ ഭക്ഷണം ഉണ്ടാക്കിത്തരുകയും അത് വളരെ സ്വാദിഷ്ടമാണെന്ന് പറഞ്ഞ് ഒരു സ്പൂൺ മാത്രം കഴിക്കുകയും ബാക്കി എനിക്ക് തന്നതും ഓർമ്മയുണ്ടോ?

- ഒടുവിൽ, മെക്കാനിക്ക് ആ നായയിൽ വിശ്വാസമർപ്പിക്കുന്നു. എല്ലാ നായകളും എങ്ങനെയാണ് സംസാരിക്കുന്നത് എന്നതിനെക്കുറിച്ച് അവർ തമ്മിൽ സംസാരിക്കുന്നു. അവർ സംസാരിക്കുമ്പോൾ തന്നെ മെക്കാനിക്ക് ആ മോട്ടോർ സൈക്കിളിൽ പണിതുകൊണ്ടിരുന്നു.

- തന്റെ വളർത്തുനായ ഇന്നു തന്നോടു സംസാരിച്ചതിന്റെ കാരണം താൻ കാണിക്കുന്ന എല്ലാ സ്നേഹത്തിനും കരുതലിനും നന്ദി പറയുവാൻ വേണ്ടിയാണ്. ആയതിനാൽ കൂടുതൽ സ്നേഹ പ്രകടനത്തിനും ആലിംഗനത്തിനും സമയമെടുത്തു. ശേഷം അ പട്ടിക്കുട്ടി അവിടം വിട്ടു പോയി.

- എഞ്ചിൻ വളരെയധികം ചൂടായതിനാൽ അത് പൂർണ്ണമായും നശിച്ചുപോയി. ഉടമസ്ഥൻ പുതിയ ഒരു എഞ്ചിൻ വാങ്ങണം എന്ന വാചകത്തോടെ നാടകം അവസാനിക്കുന്നു.

മെക്കാനിക്ക് പോയശേഷം അയാൾ ഇപ്രകാരം പറയുന്നു. “ആന്റിഫ്രീസ് നൽകി എന്റെ എഞ്ചിൻ ഞാൻ സൂക്ഷിച്ചിരുന്നുവെങ്കിൽ ഇപ്പോഴും എഞ്ചിന് ആയുസ്സുണ്ടായിരുന്നേനേം”

## സന്ദേശം

ഹേ കുഞ്ഞുങ്ങളേ... നിങ്ങളുടെ എഞ്ചിൻ സൂക്ഷിക്കുവാൻ നിങ്ങൾ തയ്യാറാണോ???







ഈ മത്സരത്തിൽ ആര് ജയിക്കും? നിങ്ങളുടെ മോട്ടോർ സൈക്കിൾ പരിധിയോളം ഓടിക്കുവാൻ സാധിക്കുമോ? കഴിയില്ലെങ്കിൽ റോഡിൽ നിന്നും മാറിപ്പോകുന്നതാണ് നല്ലത്. കാരണം മത്സരത്തിൽ ഏറ്റവും മികച്ചുനിൽക്കേണ്ടത് മോട്ടോർ സൈക്കിളാണ്.

ഓട്ടത്തിനിടയിൽ മോട്ടോർ സൈക്കിളിന്റെ എഞ്ചിൻ വളരെയധികം ചൂടുപിടിക്കും. ചൂടുപിടിച്ച് എഞ്ചിൻ നശിക്കാതെയിരിക്കുവാൻ ആന്റിഫ്രീസ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആയതിനാൽ ഇന്ന് നാം പഠിക്കുവാൻ പോകുന്നത് ആന്റിഫ്രീസിനെക്കുറിച്ചാണ്. വെള്ളത്തിനു പകരം റേഡിയേറ്ററിൽ ഒഴിക്കുന്ന ഒരു തരം ദ്രാവക പദാർത്ഥമാണിത്. ഇത് എഞ്ചിൻ മുഴുവൻ വ്യാപിച്ച് വളരെ തണുത്ത നിലയിൽ സൂക്ഷിക്കും. എത്ര അവിശ്വസനീയമായ വേഗതയിൽ പോയാലും എഞ്ചിന് തണുപ്പ് നൽകും. ഇത് ഉപയോഗിക്കുന്നില്ലായെങ്കിൽ എഞ്ചിൻ ചൂടുപിടിക്കും, പുക പുറപ്പെടുവിക്കാൻ തുടങ്ങും ചിലപ്പോൾ തീ പിടിക്കും! ചൂടുപിടിച്ച മോട്ടോർ സൈക്കളുമായി മത്സരം വിജയിക്കുവാൻ ഒരു സാദ്ധ്യതയുമില്ല. ഇത് നമ്മുടെ ആത്മീയ ജീവിതവുമായി എങ്ങനെ ബന്ധിപ്പിക്കാം, ഒരു മോട്ടോർ സൈക്കിളിൽ ആന്റീ ഫ്രീസ് ഉള്ളതുപോലെയാണ് ക്രിസ്തീയ ജീവിതത്തിൽ സ്നേഹം എന്ന വസ്തുത ഉള്ളത്. വ്യക്തികൾക്കിടയിൽ എല്ലായ്പ്പോഴും മാനസീക സംഘർഷങ്ങൾ ഉണ്ടായേക്കാം. ദൈവം നമ്മെയെല്ലാം സൃഷ്ടിച്ചിരിക്കുന്നത് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളോടും സ്വഭാവ സവിശേഷതകളോടെയും ഒക്കെ നിസ്തുല്യമായിട്ടാണ്. നമ്മുടെ ജീവിതത്തിൽ സ്നേഹമില്ലെങ്കിൽ പോരാട്ടങ്ങളും തെറ്റിദ്ധാരണകളും മറ്റും ഉണ്ടാകുന്നു. രണ്ടുപേർ തമ്മിൽ വഴക്കിടുന്നത് നിങ്ങൾ എന്നെങ്കിലും കണ്ടിട്ടുണ്ടോ? ഏറ്റവും നല്ല സഭകളിൽ പോലും പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് നാം അന്യോന്യം സ്നേഹിക്കണം എന്നാണ്. സ്നേഹമില്ലായെങ്കിൽ നമ്മുടെ ജീവിതത്തിൽ നിന്നും പുകവമിക്കുവാൻ തുടങ്ങും, തീയും പുറപ്പെടും. പരമപ്രധാനമായി ഞാനോ നിങ്ങളോ മറ്റുള്ളവരോട് സ്നേഹം കാനിക്കുന്നില്ലായെങ്കിൽ നമ്മിൽ ചൂട് വർദ്ധിക്കുകയും മത്സരത്തിൽ ജയിക്കുവാൻ കഴിയാത്ത അവസ്ഥ വരികയും ചെയ്യും.

എന്തുകൊണ്ടാണ് ആന്റീഫ്രീസ് ഇത്ര പ്രാധാന്യമുള്ളവയായത്? നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ പ്രധാനമായും നാം കാണിക്കേണ്ട സ്വഭാവ സവിശേഷത എന്നത് സ്നേഹമാണ്! മറ്റുള്ളവരോട് സ്നേഹം കാണിക്കുക എന്നതിന്റെ അർത്ഥമെന്താണ്? 1 യോഹന്നാൻ 3:16 എന്താണ് സ്നേഹം എന്ന് നമുക്ക് മനസ്സിലാക്കിത്തരുന്ന "*അവൻ നമുക്ക് വേണ്ടി പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു.*" ബൈബിൾ പറയുന്നു, നാം നമ്മുടെ പ്രാണനെ മറ്റുള്ളവർക്കായി വച്ചുകൊടുക്കേണ്ടതാകുന്നു, പക്ഷേ എപ്രകാരം? കേക്കിന്റെ ചെറിയ ഒരു കഷണം എടുക്കുക, കളിസ്ഥലത്ത് ആദ്യം കളിക്കുവാൻ സുഹൃത്തിനെ അനുവദിക്കുക, മാതാപിതാക്കൾ ആവശ്യപ്പെടാതെ തന്നെ അവരെ സഹായിക്കുക, സ്കൂൾ കഴിഞ്ഞ് സുഹൃത്തിനുവേണ്ടി കാത്തുനിൽക്കുക, നിങ്ങളോട് അത്ര നന്നായി പെരുമാറാത്ത കുട്ടിയോട് നിങ്ങൾ നന്നായി പെരുമാറുക. അതിൽ അധികമാകായും നന്നായി പെരുമാറുക. ഇങ്ങനെ ഏതെല്ലാം വിധത്തിൽ നമുക്ക് മറ്റുള്ളവരോട് സ്നേഹം കാണിക്കാം. ആ ലിസ്റ്റ് അനന്തമാണ്. സ്നേഹം പ്രകടിപ്പിക്കുവാനുള്ള വഴികൾ കണ്ടെത്തിയ ശേഷം നാം അതിന്റെ പ്രാധാന്യവും മനസ്സിലാക്കണം. മതപരമായ കാര്യങ്ങൾ ചെയ്യുന്ന ലിസ്റ്റിൽ അല്ല ഇത് ഉൾപ്പെടുത്തേണ്ടത്. സഭയിൽ വരിക, ദാനങ്ങൾ നൽകുക, മാതാപിതാക്കളെ അനുസരിക്കുക എന്നീ കാര്യങ്ങളിൽ മാത്രമല്ല സ്നേഹം പ്രകടമാക്കേണ്ടത്. നിങ്ങൾക്ക് മറ്റുള്ളവരെ സ്നേഹിക്കുവാൻ കഴിയുന്നില്ലെങ്കിൽ 'മതം' എന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് യേശു പുതിയനിയമത്തിൽ വളരെ വ്യക്തമായി പറഞ്ഞു. നിങ്ങളുടെ ജീവൻ വച്ചുകൊടുത്ത് മറ്റുള്ളവരെ സ്നേഹിക്കണം.

ഇന്ന് നാം പഠിക്കുവാൻ പോകുന്നത് വളരെ ആകർഷകത്വം തോന്നുന്ന ഒരു റെയ്സിംഗ് ഡ്രൈവറിനെക്കുറിച്ചാണ്...രൂത്ത്.... നമ്മുടെ ജീവിതത്തെ മറ്റുള്ളവർക്കായി നൽകുക എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് രൂത്ത്.

നാം നമ്മുടെ ക്രിസ്തീയ ജീവിതത്തെ കൂടുതൽ കരുതലോടെ വീക്ഷിക്കുവാൻ പോകുകയാണ്. അപ്പോൾ നമുക്ക് ഏറിയ കാലം കർത്താവിനെ സേവിക്കുവാൻ സാധിക്കും. മറ്റുള്ളവരെ സ്നേഹിക്കാം. ഈ മത്സരത്തിൽ നമുക്ക് വിജയികളായിത്തീരാം.

## ഐസ് ബ്രേക്കർ ഗെയിം

### നമ്പറുകളും ആക്ഷനുകളും

കുട്ടികളോട് ടീമുണ്ടാക്കാൻ പറയുക: പത്തുമുതൽ പന്ത്രണ്ട് വരെ ടീമുകൾ ആകാം. ഓർക്കുക കൊച്ചുകുഞ്ഞുങ്ങൾക്കും മുതിർന്ന ആളുകൾക്കും ഈ ഗെയിമിൽ പങ്കാളികളാകുവാൻ കഴിയും. ടീമുകൾ നിരയായി നിൽക്കണം ഓരോ കുട്ടികളും അവരവരുടെ ക്ലാസ്സിലെ കുട്ടികൾക്ക് തൊട്ടുമുൻപിലായി നിൽക്കണം. കുട്ടികളെ മറ്റു സ്ഥലത്തേക്ക് കൊണ്ടുപോകുവാൻ അസൌകര്യം







ഉണ്ടെങ്കിൽ അവർ ആയിരിക്കുന്ന ഇടത്ത് വച്ചും ഗെയിം നടത്താവുന്നതാണ്. ഓരോ നമ്പറിനും ഓരോ ആക്ഷനുകൾ ഉണ്ടെന്ന് അവരോടു വിശദീകരിക്കുക.




1. നമ്മുടെ പങ്കാളിയ്ക്ക് ഹൈ ഫൈവ് നൽകുക
2. താഴെ ഇരിക്കുക
3. കൈകൾ ഉയർത്തിച്ചാടുക
4. തിരിഞ്ഞു നിൽക്കുക
5. ഇഷ്ടമുള്ളത്പോലെ ചാലിക്കാം ( ഏതെങ്കിലും സംഗീതം ഉപയോഗിക്കാം)

ലീഡർ നമ്പർ പറയുകയും കുട്ടികൾ അതാത് ആക്ഷൻ കാണിക്കുകയും വേണം. ഏത് ആക്ഷനാണ് ചെയ്യേണ്ടാത്തത് എന്ന് ആശങ്കയുള്ളവരെ ഇരുത്തുക. ഓർക്കുക ഐസ്ബ്രേക്കർ ഗെയിമുകളുടെ ഉദ്ദേശ്യം സമന്വയിപ്പിക്കലാണ്. പ്രധാനപ്പെട്ട കാര്യം ഇത് രസകരമാക്കുക എന്നതാണ്.

## ബൈബിൾ പാഠം


### രൂത്ത് സ്നേഹിക്കുന്നു

1. രൂത്ത് സുന്ദരിയായ ഒരു മോവാബ്യ പെൺകുട്ടി ആയിരുന്നു.(മോവാബ് എന്ന സ്ഥലത്ത് നിന്നുള്ള) മോവാബിൽ താമസിച്ചിരുന്ന യിസ്രായേല്യ കുടുംബത്തിൽ വിവാഹിതയായി. രൂത്തും ഭർത്താവും താമസിച്ചിരുന്നത് അവളുടെ ഭർത്തൃഗൃഹത്തിൽ ആയിരുന്നു. അൽപ നാളുകൾക്ക് ശേഹ്സം, അവളുടെ ഭർത്താവിന്റെ അച്ഛനും ഭർത്താവും സഹോദരിയുടെ ഭർത്താവും മരിച്ചുപോയി. ഇവർ മൂന്നു പേരും വിധവകളായിത്തീർന്നതിനാൽ രൂത്ത് അമ്മാവിയമ്മയോടും സഹോദരിയോടും കൂടെ താമസിച്ചു. (അവരുടെ ഭർത്താക്കന്മാർ മരിച്ചു)




ഭർത്താവ് :എന്ന പദം കേൾക്കുമ്പോൾ വലതുകരത്തിന്റെ വിരലുകൾ മടക്കിപ്പിടിക്കുക, അത് തലയുടെ ഭാഗത്തേക്ക് കൊണ്ടുവന്ന് രണ്ടു കൈയ്യും ചേർത്തു പിടിക്കുക.

2. അക്കാലത്ത് ഭർത്താവില്ലാത്ത ഒരു സ്ത്രീയുടെ ജീവിതം വളരെ ദുസഹമായിരിക്കും. തന്റെ ജീവിതത്തെ മുൻപോട്ടു നയിക്കാൻ പോലും അവൾ കഠിന പ്രയത്നം ചെയ്യേണ്ടിവരും. തങ്ങളുടെ ഭർത്താക്കന്മാർ മരിച്ചുപോയതുകൊണ്ട് തങ്ങളെ ആര് സഹായിക്കും എന്ന് ആ മൂന്നു സ്ത്രീകളും ചിന്തിക്കുവാൻ തുടങ്ങി. നവോമി തന്റെ രണ്ടു മരുമക്കളോടായി ഇപ്രകാരം പറഞ്ഞു, "നിങ്ങൾ സ്വഭവനത്തിലേക്ക് മടങ്ങി പോകുക, ഒരു പക്ഷേ നിങ്ങൾ വീണ്ടും വിവാഹിതരായേക്കാം. എന്നാൽ ഞാൻ എന്റെ ദേശമായ യിസ്രായേലിലേക്ക് മടങ്ങിപ്പോകുന്നു. അവർക്ക് നവോമിയെ പിരിയുവാൻ കഴിയുമായിരുന്നില്ല. എന്നാൽ രൂത്തിന്റെ സഹോദരി സ്വകുടുംബത്തിലേക്ക് മടങ്ങിപ്പോകുവാൻ തീരുമാനിച്ചു.



മടങ്ങിപ്പോവുക എന്ന പദം കേൾക്കുമ്പോൾ നിങ്ങളുടെ കരം തുറന്നു പിടിച്ച് താഴേക്കും അടച്ചുപിടിച്ചു മുകളിലേക്കും കൊണ്ടുവരിക.

3. രൂത്തിനു നവോമിയെ ഏകയായി വിടുവാൻ മനസ്സില്ലാത്തെ ഇപ്രകാരം പറഞ്ഞു "ഞാൻ നിന്നോടു കൂടെ വരും". അവൾ ഗൌരവമായി പറഞ്ഞതാണെന്നും അവളുടെ തീരുമാനം അവൾ മാറ്റുകയില്ല എന്നും നവോമി തിരിച്ചറിഞ്ഞു. രൂത്ത് നവോമിയോടൊപ്പം ബേത്ലഹേമിലേക്ക് പോയി. (നവോമി താമസിച്ചിരുന്ന പട്ടണമായിരുന്നു അത്) ഭർത്താക്കന്മാർ ഇല്ലാതിരുന്ന ആ കാലത്തും അവർ ഒരുമിച്ചു സന്തോഷത്തോടെ ജീവിച്ചു.



കൂടെ എന്ന പദം കേൾക്കുമ്പോൾ കൈകൾ ചേർത്ത് പിടിച്ച് മുഷ്ടികൾ തമ്മിൽ കൂട്ടി യോജിപ്പിക്കുക.

4. അവർ ബേത്ലഹെമിൽ എത്തിയപ്പോൾ കർഷകർ യവം കൊയ്യുകയും, യവ കറ്റകൾ മുറിച്ചിടുകയും ചെയ്യുകയായിരുന്നു. കൊയ്ത്തുകാർ പിന്നിൽ ഉപേക്ഷിച്ച കളയുന്ന യവം രൂത്ത് ശേഖരിക്കുവാൻ തുടങ്ങി. അവളേയും നവോമിയേയും



സഹായിക്കുവാൻ അവൾക്ക് ഭർത്താവില്ലായിരുന്നു. ബൈബിൾ പറയുന്ന അവിടെ ധാന്യവും കതിരും ഭൂമിയിൽ വീണുകിടക്കുന്നു. നിലത്തിനു അരികിലായി വളർന്നു നിൽക്കുന്ന ചെടികൾ പാവങ്ങൾക്കു വേണ്ടിയുള്ളതാണ്, ആയതിനാൽ താഴെ വീണു കിടക്കുന്ന കതിർ രൂത്ത് പെറുക്കിയെടുത്തു. അവർ രണ്ടാളും പുലർന്നു പോകേണ്ടതിന് രൂത്ത് ഈ കളത്തിൽ നിന്നും പെറുക്കിക്കൊണ്ടേയിരുന്നു.

ചെടികൾ എന്ന പദം കേൾക്കുമ്പോൾ ഇടം കയ്യുടെ വിരലുകളാൽ ഒരു വൃത്തം വരയ്ക്കുക വലതുകരം ആ വൃത്തിത്തിനുള്ളിലൂടെ ചലിപ്പിക്കുക.

5. കൊയ്ത്തുകാരുടെ പിന്നാലെ നടന്ന് രൂത്ത് കഠിനാധ്വാനം ചെയ്തു. വയലിലെ ചൂട് അവളെ ബാധിച്ചില്ല. നവോമി അവൾക്കൊരു നല്ല അമ്മാവിയമ്മയായിരുന്നു. അവൾ അവളെ സഹായിച്ചിരുന്നു. നവോമിക്കും നല്ലവളായിരിക്കുവാൻ രൂത്ത് നന്നായി ശ്രമിച്ചിരുന്നു. ആയതിനാലാണ് അവൾ നന്നായി കഠിനാധ്വാനം ചെയ്ത് നവോമിക്ക് ഭക്ഷണം കൊടുത്തിരുന്നത്.



നല്ലത് എന്ന പദം കേൾക്കുമ്പോൾ, ഇടതുകരം മദ്ധ്യഭാഗത്തു വച്ച് വലതുകരം മുകളിൽ നിന്നും താഴേക്ക് ചലിപ്പിക്കുക.

6. രൂത്ത് കതിർ പെരുക്കിയിരുന്ന ആ വയൽ നവോമിയുടെ ചാർച്ചക്കാരന്റെതായിരുന്നു. അയാളുടെ പേര് ബോവസ് എന്നായിരുന്നു. അവൾ വേല ചെയ്യുന്നത് ബോവസ് കണ്ടപ്പോൾ തൻറെ ജോലിക്കാരനോട് താൻ ചോദിച്ചു "ആരാണിവൾ" ജോലിക്കാരൻ മറുപടി പറഞ്ഞത് " അവൾ നവോമിയോടൊപ്പം വന്ന മോവാബ്യ സ്ത്രീയാണ്, നിലത്തു വീണുകിടക്കുന്ന



കതിർ പെറുക്കി കൊള്ളട്ടെയെന്നു അവൾ എന്നോടു ചോദിച്ചു, അവൾ രാവിലെ മുതൽ തന്നെ കഠിനാധ്വാനം ചെയ്യുന്നവല്ലോ". ഭർത്താവ് മരിച്ച അന്നുമുതൽ രൂത്ത് നവോമിയെ പരിചരിച്ച വിധം ബോവസ് കേട്ടു. ബോവസ് അവൾക്ക് വേണ്ടത്ര കതിർ പെറുക്കുവാൻ അനുവാദം നൽകി. ആരും അവളെ തടയുകയില്ലെന്നും തന്റെ വയലിൽ തന്നെ വേല ചെയ്തുകൊള്ളുവാനും അവളോട് പറഞ്ഞു.

വേല എന്ന പദം കേൾക്കുമ്പോൾ കൈകൾ മടക്കി വലതുകരം കൊണ്ട് ഇടതുകരം സ്പർശിക്കുക.

7. കൊയ്ത്തുകാലമൊക്കെയും രൂത്ത് കതിർ പെറുക്കി. തന്റെ ചാർച്ചക്കാരനായ ബോവസിന്റെ വയലിലാണ് രൂത്ത് കതിർ പെറുക്കുന്നത് എന്നറിഞ്ഞ നവോമി ആസൂത്രിതമായി ഒരു പദ്ധതി തയ്യാറാക്കി. അവരുടെ കുടുംബ സ്വത്തിന്റെ പങ്ക് വീണ്ടെടുക്കണമായിരുന്നു. നവോമി രൂത്തിനോട് ഈ പദ്ധതി പറഞ്ഞു. തത്ഫലമായി നവോമിക്ക് അവകാശമായിരുന്ന വയൽ ബോവസ് വീണ്ടെടുത്തു. അങ്ങനെ നവോമിക്കും രൂത്തിനും ഒരു ഭവനം ഉണ്ടായി. ബോവസ് രൂത്തിനെ വിവാഹം കഴിച്ചു. അവർക്കൊരു മകൻ ഉണ്ടായപ്പോൾ നവോമിയുടെ ഭവനത്തിൽ വച്ച് അവർ അത് ആഘോഷിച്ചു. ബുദ്ധിപരമായ ഒരു പദ്ധതിയിലൂടെ രൂത്തിനും നവോമിക്കും ഒരു ഭവനവും കുടുംബവും മടക്കി ലഭിച്ചു.



ബുദ്ധി എന്ന പദം കേൾക്കുമ്പോൾ വലതുകരം കൊണ്ട് നെറ്റിമേൽ വരയ്ക്കുക.

രൂത്തിന്റെ ഭതൃവിയോഗത്തിന്റെ വേദനയിൽ, ദൈവത്തെ അനുസരിക്കണമെന്നും മറ്റുള്ളവരെ സ്നേഹിക്കണമെന്നും അവൾ തിരിച്ചറിഞ്ഞു. അമ്മാവിയമ്മയെ ഉപേക്ഷിക്കാതെ അവളോടൊപ്പം യിസ്രായേലിലേക്കു വരിക എന്നത് രൂത്തിന്റെ ഒരു വലിയ തീരുമാനമായിരുന്നു. കൊയ്ത്തിനു ശേഷം എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്ന് ഒരു പക്ഷേ നിങ്ങൾക്ക് അറിയില്ലായിരിക്കാം എന്നാൽ എത്ര കഠിനമായിരുന്നാലും മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ ദൈവം നിങ്ങളെ അനുഗ്രഹിക്കും. അതൊരു നല്ല കാര്യം എന്നത് മാത്രമല്ല മറിച്ച് ബുദ്ധിപരമായ ഒരു കാര്യം കൂടിയാണ്. നാം പഠിച്ചു, നമ്മുടെ പ്രതികൂല സാഹചര്യങ്ങളിലും ദൈവസ്നേഹം വെളിപ്പെടുത്തേണ്ടുന്ന ആളുകളെ ദൈവം കാണിച്ചുതരും.







## ചുറ്റിത്തിരിയുന്ന സ്റ്റേഷൻ

**സ്റ്റേഷനിലേക്ക്  നീങ്ങുവാൻ കുട്ടികളെ 3 ഗ്രൂപ്പായി തരം തിരിക്കുക**

### ഗ്യാരേജ് ക്രാഫ്റ്റ്സ്

**മോട്ടോക്രോസ് ഗോഗിൾസ്**

ഓരോ കുട്ടികൾക്കും വിതരണം ചെയ്യുക.
ഉരുണ്ട കണ്ണുകളുടെ ആകൃതിയിലുള്ള ഒരു പേപ്പർ
ഒരു സ്ട്രിപ്പ് ചുവന്ന കളറുള്ള സെല്ലോഫെയിൻ കടലാസ്
18 c.m x 3.5 c.m
50 c.m റിബണോ ചരടോ



- വൃത്തങ്ങൾ അഗ്രത്തിൽ വരത്തക്കവിധം വെളുത്തപ്രതലം ആ കടലാസിൽ നിന്നും വെട്ടിയെടുക്കുക
- ആ കണ്ണുകൾ ഇഷ്ടപ്പെട്ട കളർ ഉപയോഗിച്ച് നിറം നൽകുക
- പുറകിലായി സെല്ലോഫെയിൻ ഒട്ടിക്കുക, അത് ആ കണ്ണുകളുടെ മദ്ധ്യഭാഗത്തായി വരും

ഇരുവശത്തേയും സുഷിരങ്ങളിൽ റിബൺ കെട്ടുക. അത് കുട്ടികളുടെ തലയിൽ കെട്ടുവാൻ ഉപകരിക്കും.

### സ്നാക്ക് സ്റ്റാന്റ്

**ഹൃദയത്തിന്റെ രൂപത്തിലുള്ള സാന്റവിച്ച്**
**ആവശ്യമായ ഘടകങ്ങൾ**

- വൈറ്റ് ബ്രഡ്
- ഹൃദയരൂപത്തിലുള്ള ബിസ്കറ്റ്, അല്ലെങ്കിൽ ഇടത്തരം ഒരു കടലാസ് കൊണ്ട് ഉണ്ടാക്കിയ ഹൃദയം
- സ്ട്രോബറി ജാമിന്റെ ജാർ
- കത്തി (കുക്കീ കട്ടർ ഇല്ലെങ്കിൽ)
- പ്ലാസ്റ്റിക്ക് സ്പൂൺ




**നിർദ്ദേശങ്ങൾ :**

1. ഓരോ ക്ലാസ്സിനും ആവശ്യമായ ബ്രഡ് ഹാർട്ട് ഉണ്ടാക്കുക
2. ബ്രഡ് ഹാർട്ടിന്റെ പകുതി ഭാഗത്ത് ജാം പുരട്ടുക
3. ജാം പുരട്ടിയ ബ്രഡ് ഹാർട്ടിന് മുകളിലായി മറ്റൊരു ബ്രഡ് ഹാർട്ട് വയ്ക്കുക

*തയ്യാർ!!! നമുക്ക് വളരെ മധുരമുള്ള ഒരു സന്റ് വിച്ച് ലഭിച്ചിരിക്കുന്നു!!*

### ഡ്രൈവിംഗ് ക്ലാസ്

കുട്ടികളുടെ ബുക്കിൽ വർക്ക് ചെയ്യാനുള്ള "ഡ്രൈവിംഗ് ക്ലാസ്" എന്ന ഭാഗത്തേക്ക് സ്വാഗതം. ഇന്ന് പഠിച്ചപാഠവും വാക്യങ്ങളും ആവർത്തിച്ച് പറഞ്ഞുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കാം. തുടങ്ങാം!!!



## ചോദ്യോത്തരങ്ങൾ

1. ഭൂമിയിലുള്ള ദുഷ്ടരായ എല്ലാ ആളുകളേയും ദൈവം പുറത്താക്കാത്തത് എന്തുകൊണ്ട്?

ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. അവരുടെ ദുഷ്ട പ്രവൃത്തികൾ അവസാനിപ്പിച്ച് മാനസാന്തര ത്തോടെ ദൈവത്തിങ്കലേക്ക് അവർ മടങ്ങിവരും എന്ന് ദൈവം പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ദൈവം ദുഷ്ടരായ മനുഷ്യരെ പുറത്താക്കുന്നത് ഭയാനകമായ ഒരു കാര്യമാണ്. നമ്മുടെ ഹൃദയങ്ങളിലും രഹസ്യമായി ദുഷ്ടകാര്യങ്ങൾ ഉണ്ട് എന്നതിനാൽ നാമും പുറത്താക്കപ്പെടുവാനുള്ള സാദ്ധ്യതയുണ്ട്.

2. നമുക്ക് എല്ലാവരോടും സൗഹൃദബന്ധം പാടുണ്ടോ?

നാം മറ്റുള്ളവരെ സ്നേഹിക്കുന്നു. നാം എല്ലാവർക്കും നല്ലവരും സൗഹൃദ മനോഭാവം ഉള്ളവരും ആയിരിക്കണം. എന്നിരുന്നാലും ആരെങ്കിലും ക്രൂരമായി തുടരുന്നത് കണ്ടാൽ നമുക്ക് അവന്റെ സ്നേഹിതനായിരിക്കുവാൻ കഴിയുകയില്ല. നമ്മുടെ ശത്രുക്കളെ നാം സ്നേഹിക്കണം എന്നാൽ എല്ലായ്പ്പോഴും നമുക്ക് അവരുടെ സ്നേഹിതരായിരിക്കുവാൻ കഴിയുകയില്ല.

3. ഞാൻ മറ്റുള്ളവരെ എല്ലായ്പ്പോഴും എന്റെ മുൻസ്ഥാനത്ത് നിർത്തേണ്ടത് ആവശ്യമുണ്ടോ?

തീർച്ചയായും മറ്റുള്ളവരെ ശ്രേഷ്ഠന്മാരായി നാം കരുതേണ്ടതാണ്. യേശുവിനെപ്പോലെ ജീവിക്കണമെന്നുണ്ടെങ്കിൽ മറ്റുള്ളവരുടെ താൽപര്യങ്ങളെ നമ്മുടെ താല്പര്യങ്ങൾ എന്ന നിലയിൽ കാണണം.

4. നവോമിയുടെ പട്ടണം ഏതായിരുന്നു?

യിസ്രായേലിൽ, യെഹൂദ്യയിലെ ബേത്ലഹേമിൽ

5. നവോമിയുടെ രണ്ടാമത്തെ മരുമകളുടെ പേരെന്ത്?

ഓർപ്പ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| റൂ | ത്ത | ക്ല | വ | ഹേം | ത്ര | ത്ത | ക്ല | റൂ | ഹേം |
| ഭ | അ | ന്ദ | സ | ര | ണം | ത്ത് | ഭ | ർത്താ | വ് |
| ബോ | ഭ | ന്ദ | യ | ത്ത | ലം | സ് | മി | ട്ട | ന്ദ |
| മി | സ്ക്കാ | വ | ഗ | സ്ക്കാ | പെ | ഹം | വോ | ക | ഗ |
| ത്ര | സ | ൽ | കൊ | മി | റൂ | വാ | ന | പെ | ത്ത |
| അ | സ്നേ | ഹം | അ | വി | [illegible] | ത്ത | ബോ | ര | ത്ര |
| യ | വാ | ര | മി | സ് | ക | ക | വാ | വ | വം |
| വി | ബേ | ത്ത | ഹേം | ട്ട | ബോ | സ്ക്കാ | ലം | യ | സ് |
| ഹേം | ത്ര | ന്ദ | ക്ല | ഭ | വോ | ക | സ | ൽ | ത്ത |

1. നവോമിയുടെ ഭർത്താവിനും ആൺമക്കൾക്കും എന്താണ് സംഭവിച്ചത്? അവർ മരിച്ചുപോയി

2. ത്രൂത്തിനും ഓർപ്പയ്ക്കും നവോമി എന്താണ് വാഗ്ദാനം ചെയ്തത്? അവർ എന്താണ് തിരഞ്ഞെടുത്തത്? മോവാബില് താമസിക്കുക- ഓര്പ്പ മോവാബിലേക്ക് തിരിച്ചുപോയി. ത്രൂത്ത് നവോമിയുടെ ഒപ്പം താമസിച്ചു.

3. ത്രൂത്ത് എങ്ങനെയാണ് സ്നേഹം പ്രകടിപ്പിച്ചത്? അവൾ യവം കൂട്ടിവയ്ക്കുകയും, നവോമിക്ക് വേണ്ടി കരുതുകയും സംരക്ഷിക്കുകയും ചെയ്തു.

4. എങ്ങനെയാണ് നവോമി സ്നേഹം പ്രകടിപ്പിച്ചത്? അവൾ ത്രൂത്തിനെ വീട്ടിലേക്ക് സ്വാഗതം ചെയ്തും, അവളോടൊപ്പം ആയിരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

5. ബോവസ് എങ്ങനെയാണ് സ്നേഹം പ്രകടിപ്പിച്ചത്? അവൻ വീണ്ടെടുപ്പുകാരനായ ചാർച്ചക്കാരനമായി ത്രൂത്തിനുവേണ്ടി ചർച്ച ചെയ്യുകയും ശേഷം വിവാഹം കഴിക്കുകയും ചെയ്തു.


2


1


3


1



3


2

ഓരോ ബോക്സിലെയും നമ്പർ എഴുതുക, ചിത്രങ്ങൾ ക്രമമായി ഇടുക.

## തയ്യാറാക്കൽ, ഗെയിമിനായി ഒരുങ്ങാം!

**ഓടുക!! (വ്യക്തിഗതം)**



പരമ്പരാഗതമായ ഒരു ഗെയിമിന്റെ വ്യത്യസ്ത രീതിയാണ് ഈ ഗെയിം "ടാഗ്". ഈ ഗെയിമിൽ ഒരു അടയാളം വരയ്ക്കുക എന്നത് അത്യാവശ്യമായ ഒരു കാര്യമാണ്. ഓരോ മൂലയിലും 'സുരക്ഷിത സ്ഥാനം' എന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുക (പ്രാരംഭസ്ഥാനം അഥവാ സങ്കേതം)

ഗെയിമിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് അടങ്ങിയിരിക്കുന്നത്

പങ്കെടുക്കുന്ന എല്ലാ കുട്ടികളും കളിസ്ഥലത്തു തന്നെ ഉണ്ടായിരിക്കണം. "ഓടുക" എന്ന് ടീച്ചർ ഉറക്കെപ്പറയുംപോൾ നിയമിക്കപ്പെട്ട കുട്ടി എല്ലാവരുടെയും പിന്നാലെ ഓടി അവരെ ബന്ധിക്കണം (തൊടണം) ഇത് സംഭവിച്ച് കഴിയുമ്പോൾ ബന്ധിക്കപ്പെട്ട കുട്ടി കളിയിൽ നിന്നും പുറത്താകണം. എല്ലാവരും ഓടി സുരക്ഷിത സ്ഥാനം കണ്ടെത്തണം (പ്രഥമ സ്ഥാനം അഥവാ സങ്കേതം). എന്തെന്നാൽ ആ സ്ഥലത്ത് അവർ സുരക്ഷിതരായിരിക്കും. അവർ കളിയിൽ നിന്നും പുറത്തുപോകേണ്ടി വരികയില്ല. എല്ലാവരും സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കഴിഞ്ഞാൽ "ഓടുക" എന്ന് ടീച്ചർ വീണ്ടും ഉറക്കെവിളിച്ചു പറയണം. എല്ലാവരും സുരക്ഷിത സ്ഥാനം വിട്ടു മറ്റൊരു സുരക്ഷിത സ്ഥാനത്തേക്ക് ഓടിയെത്തണം. അവർ അതേ സ്ഥലത്ത് തന്നെ തുടരുകയാണെങ്കിൽ അവർ ആ ഗെയിമിൽ നിന്നും പുറത്താക്കണം. നിശ്ചയിക്കപ്പെട്ട സ്ഥലമോ പരിധിയോ വിടുന്നവരും ഗെയിമിൽ നിന്നും പുറത്താകണം. പുറത്താകാതെ തുടരുന്ന കുട്ടിയായിരിക്കും വിജയി.

ജയിക്കുന്ന ടീമിന് പോയിന്റുകൾ ലഭ്യമാകും

**ബ്രൂം സോക്കർ (ടീം)**

ഈ ഗെയിമിനു പങ്കെടുക്കുവാൻ രണ്ട് ടീമുകൾ ആവശ്യമാണ്. 2 ചൂലുകളും ഒരു ബോളും വേണം. രണ്ടു ഗോൾ സ്ഥലങ്ങളും ഇരു ടീമുകളിൽ നിന്നും ആക്കിവച്ചിരിക്കുന്ന 2 ഗോളുകളും ഉണ്ടാകണം.
ഇരു ടീമുകളും പരസ്പരം മുഖാമുഖം നിൽക്കണം. ഓരോ അംഗങ്ങൾക്കും നമ്പർ നൽകിയിരിക്കണം. ഇരുടീമിലും അംഗങ്ങൾ തുല്യ എണ്ണത്തിലാണെന്ന് ഉറപ്പ് വരുത്തണം.
കളിക്കളത്തിന്റെ ഒരു മൂലയിലായി ബോളും ചൂലും വച്ചിരിക്കണം. ലീഡർ ഒരു സംഖ്യപറയുമ്പോൾ ആ സംഖ്യയുള്ള ഇരുടീമിലെയും കുട്ടികൾ ഓടി ചൂലെടുത്ത് പന്ത് എതിർ ദിശയിലുള്ള ഗോൾ പോസ്റ്റിലേക്ക് അടിയ്ക്കണം. ചൂലുകൊണ്ട് മാത്രമേ പന്തിൽ തൊടുവാൻ പാടുള്ളൂ. ഒരു ഗോൾ നേടിയതിനുശേഷം ചൂലും ബോളും മദ്ധ്യഭാഗത്തായി കൊണ്ടുവയ്ക്കേണ്ടതാണ്. എല്ലാവരും കളിച്ച് തീരുന്നതുവരെ ലീഡർ നമ്പർ വിളിച്ചുകൊണ്ടേ ഇരിക്കേണ്ടതാണ്.
ഏറ്റവും കൂടുതൽ ഗോൾ നേടുന്ന ടീം വിജയിക്കും.



ശ്രദ്ധിക്കുക: ചൂല് ഉപയോഗിക്കേണ്ടതില്ലെങ്കിൽ സാധാരണ ഫുട്ബോൾ കളിക്കുന്നതുപോലെ കളിയ്ക്കാവുന്നതാണ്.

## ഉപസംഹാരം

വെക്കേഷൻ ബൈബിൾ സ്കൂളിന്റെ ഈ ദിവസം എത്ര മഹത്തായ ഒരു ദിവസമായിരുന്നു. ഇന്ന് നമുക്ക് നിരവധി രസകരമായ കാര്യങ്ങൾ ഉണ്ടായിരുന്നു. രൂത്ത് തന്നെക്കുറിച്ച് \ദു:ഖിക്കുന്നതിനുപകരണം മറ്റുള്ളവർക്കായി ജീവിക്കുകയും യഥാർത്ഥമായ സ്നേഹം വെളിപ്പെടുത്തുകയും ചെയ്ത വസ്തുതയും നാം പഠിച്ചു. ഇത് നമ്മുടെ വാഹനത്തിൽ ദേഷ്യം, സ്വാർത്ഥത, പോരാട്ടങ്ങൾ, തെറ്റിദ്ധാരണകൾ എന്നീ ചൂട് വർദ്ധിക്കുന്നത് തടഞ്ഞ് ആന്റീഫ്രീസ് ഒഴിക്കുന്നതുപോലെയായിരിക്കും. നമ്മുടെ ജീവിതത്തിലും നാം ആന്റീഫ്രീസ് പകരേണ്ടതാണ്. എന്നാൽ നമുക്ക് ഈ മത്സരത്തിൽ ജയിക്കുവാൻ കഴിയും.

# 4 ശക്തി അറിയുക



## ബൈബിൾ കഥ: ദാനിയേൽ ശക്തി അനുഭവിക്കുന്നു/ദാനിയേൽ 6:1-28

### വാക്യം

“കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു; നിങ്ങൾ വ്യാജപ്രവാചകന്മാരെ ജയിച്ചിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാണല്ലോ. ” 1 യോഹന്നാൻ 4:4

### നാടകം

**മെക്കാനിക്കും വേദപുസ്തക കാര്യങ്ങളും**

- പോസ്റ്റാഫീസിൽ വന്ന ഒരു ബോക്സ് എടുത്തുകൊണ്ടു വരുവാൻ മെക്കാനിക്ക് പോസ്റ്റോഫീസിലേക്ക് നടന്നു പോകുന്നു. മോട്ടോറും ഗ്യാസ് പമ്പും അടങ്ങിയ ഒരു വലിയ പെട്ടിയായിരുന്നു അത്. തന്റെ ഗ്യാസ് പമ്പ് തകർന്നു പോയതിനാൽ പുതിയ ഒരു പമ്പ് വേണം എന്ന് പറഞ്ഞ് തന്റെ അടുക്കൽ മോട്ടോർ സൈക്കിളുമായി വന്ന ഒരു വ്യക്തിയ്ക്ക് വേണ്ടിയായിരുന്നു ആ പമ്പ്.
- താൻ വളരെ വികാരഭരിതനായി ചിരിക്കുവാൻ തുടങ്ങി. തന്നോടു ഒരു സൂപ്പർ ഹീറോ സംസാരിക്കുന്നതായി തനിക്ക് തോന്നി. അതാരാണെന്നു കണ്ടെത്തുവാൻ താൻ ശ്രമിച്ചു. മോട്ടോർ സൈക്കിളിന്റെ ഭാഗങ്ങൾ അടങ്ങിയ ഒരു പെട്ടിയും താൻ കണ്ടു.
- മനസ്സ് വായിക്കുവാൻ കഴിവുള്ള സൂപ്പർ ഹീറോ പറയുന്നു, “ഞാൻ വേദപുസ്തകമാണ്, ഞാൻ ഇപ്പോൾ ഒഴിവ് വേളയിലാണ്.” അവർ കുറേ നേരം സംസാരിച്ചു. ശേഷം മെക്കാനിക്ക് സൂപ്പർ ഹീറോയുടെ ഓട്ടോഗ്രാഫ് ചോദിച്ചു. സൂപ്പർ ഹീറോയിക്ക് എക്സ്-റേ കാഴ്ച ശക്തി ഉണ്ടായിരുന്നു. ബോക്ഷിനുള്ളിൽ എന്താണെന്ന് തനിക്ക് കാണാമായിരുന്നു.
- മെക്കാനിക്ക് സൂപ്പർ ഹീറോയോട് ഗുഡ്ബൈ പറഞ്ഞനന്തരം ബോക്സ് എടുക്കാൻ ശ്രമിക്കുന്നു. എന്നാൽ അതിനു നല്ല ഭാരമുണ്ടായിരുന്നു. തന്റെ മുഴു ശക്തിയും എടുത്ത് താൻ പരിശ്രമിച്ചു, തന്റെ കാലുകൾ ഉപയോഗിച്ച് നോക്കി. സൂപ്പർ ഹീറോയോട് ചോദിച്ചാൽ തന്നെ സഹായിക്കും എന്ന് അവന് അറിയാമായിരുന്നു. സൂപ്പർ ഹീറോ ഒഴിവുവേളയിൽ ആയിരുന്നതിനാൽ തന്നോടു സഹായം ചോദിക്കുവാൻ മെക്കാനിക്കിന് തോന്നിയില്ല. ആ പെട്ടി ചലിപ്പിക്കുവാൻ വീണ്ടും ഒരു ശ്രമം നടത്തി. പെട്ടി ഒരല്പം ഒന്ന് ചലിപ്പിച്ചു. പക്ഷേ മെക്കാനിക്കിന്റെ വിരൽ മുറിഞ്ഞ് വേദനയാൽ നിലവിളിച്ചു. ഒടുവിലായി, അവൻ തീരുമാനിച്ചത് തന്നെക്കൊണ്ട് ഇത് ഉയർത്തുവാൻ കഴിയില്ല എന്നാണ്. അവൻ സൂപ്പർ ഹീറോയോട് ഗുഡ്ബൈ പറഞ്ഞു.
- പോകുന്നതിനു മുൻപ് സൂപ്പർ ഹീറോ ചോദിച്ചു. “ഗ്യാസ് പമ്പിനെക്കുറിച്ചുള്ള രസകരമായ ആ കാര്യം എന്തായിരുന്നു.” മെക്കാനിക്ക് അവനോട് പറഞ്ഞത് ബൈക്ക് ഓടുന്നത് ഗ്യാസിന്റെ കരുത്തിലാണ്, ഒരു പുതിയ പമ്പിന്റെ ആവശ്യമില്ല എന്ന് ഞാൻ ശ്രദ്ധിച്ചിരുന്നു. അവർ ഇരുവരും ആ പാവം കക്ഷിയെ ഓർത്ത് ഉറക്കെ ചിരിച്ചു. ആ മനുഷ്യൻ ഒരു മാസക്കാലമായി മോട്ടോർ സൈക്കിളില്ലാതെ ചിലവഴിച്ചു.

**ശ്രദ്ധ നേടാനുള്ള വിദ്യ**

അവതാരകൻ: “ബ്രെയ്ക്കിൽ ഉറച്ചു ചവിട്ടുക!”
കുട്ടികൾ: വലത് കാൽപ്പാദം രണ്ടു തവണ ചവിട്ടുക
“ർർർ-ർർർ- ർർർട്ട് !” (ബ്രെയ്ക്ക് ചെയ്യുന്ന ശബ്ദം, ഒരു കൈപ്പത്തി പുറത്തേക്ക് നീട്ടി, ഉടൻ അടുത്ത കൈപ്പത്തിയും തുടർന്ന് അദ്യത്തെ കൈപ്പത്തി വീണ്ടും പുറത്തേക്ക് നീട്ടുക)
“കേൾക്കാൻ തയാർ !” (ഒരു ചെവിയിലേക്ക് ചൂണ്ടുന്നു, തുടർന്ന് അടുത്ത ചെവിയിലേക്ക് ചൂണ്ടുന്നു, എന്നിട്ട് തള്ളവിരൽ ഉയർത്തി (തംസ്-അപ്പ് ) കാട്ടുന്നു)







മെക്കാനിക്കിന് ആ പെട്ടി ഉയർത്തുവാൻ കഴിയാതെ വന്നതുകൊണ്ട് താൻ ആ ശ്രമം ഉപേക്ഷിച്ച് മടങ്ങുന്നു. സൂപ്പർ ഹീറോ പുറത്തുവന്ന് ആ പെട്ടി വളരെ ലളിതമായി ഉയർത്തിയിട്ട് ഇപ്രകാരം പറയുന്നു "തനിക്ക് സഹായം ചോദിക്കാമായിരുന്നു എന്നതാണ് ഏറ്റവും വലിയ തമാശ"

## സന്ദേശം

"സ്റ്റാർട്ട് യുവർ എഞ്ചിൻസ്" എന്ന വിബിഎസിലെക്ക് സ്വാഗതം!"

നാം ഇത് അവസാനിപ്പിക്കുവാൻ പോകുകയാണ്. ആയതിനാൽ ആർക്കാണ് കരുത്തുള്ളത് എന്നും ആർക്കാണ് കരുത്തില്ലാത്തത് എന്നും നോക്കാം. ഇന്ന് നാം ശക്തിയെക്കുറിച്ചാണ് പറയുവാൻ പോകുന്നത്. ഈ മോട്ടോർ സൈക്കിൾ വേഗത്തിൽ പായുവാനുള്ള കരുത്ത് കിട്ടുന്നത് ഇന്ധനത്തിൽ നിന്നാണ് (പെട്രോൾ). ഇത് ഇല്ലാതെ മോട്ടോർസൈക്കിൾ കാണാൻ മാത്രം ഭംഗിയിൽ ഇരിക്കും. ഒരു വിൽപ്പനചരക്കുപോലെ. ചലിക്കുവാൻ കഴിയില്ല. നാം എല്ലാം അറിയുന്നതുപോലെ മോട്ടോർസൈക്കിളിലെ ഒരുടാങ്കിലാണ് ഇന്ധനം ശേഖരിച്ച് വയ്ക്കപ്പെടുന്നത്. ഉപയോഗിക്കപ്പെടുമ്പോൾ ആ ഇന്ധനം തീരുന്നു. ചിലപ്പോൾ മോട്ടോർ സൈക്കിളിൽ ഗ്യാസ് തീരുകയും നിൽക്കുകയും ചെയ്യുന്നു. അത് പിന്നീട് നിറയ്ക്കുന്നില്ല എങ്കിലാണ് ഈ അവസ്ഥ ഉണ്ടാകുന്നത്. ടാങ്കുകളിൽ ഇന്ധനം ഉള്ളത് പോലെയാണ് ക്രിസ്തീയ ജീവിതത്തിൽ ദൈവീക ശക്തി എന്നത്.



ദൈവമാണ് നമ്മിൽ ശക്തി പകരുന്നതും നമ്മെ മുൻപോട്ടു നയിക്കുന്നതും. നമ്മുടെ സ്വന്തം കരുത്ത് കൊണ്ടല്ല നാം ഓടുന്നത് എന്നത് അതിശയകരമായ ഒരു കാര്യമാണ്. നമ്മുടെ ജീവിതത്തിലെ സന്തോഷകരമായ കാര്യങ്ങളെല്ലാം തന്നെ ബന്ധപ്പെട്ടിരിക്കുന്നത് ദൈവത്തോടാണ്. ഇന്ധനം തീർന്നു പോകുന്ന കാരണത്താൽ ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് നിന്ന് പോകുന്ന അവസ്ഥ എത്ര ദു:ഖകരമാണ്.

നമ്മുടെ സ്വന്തം കരുത്തിനാൽ ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുകയില്ല എന്നതാണ് വേദപുസ്തകത്തിൽ നമ്മെ അതിശയിപ്പിക്കുന്ന തത്വങ്ങളിൽ ഒന്ന് നമുക്ക് അതിനു കഴിയുകയുമില്ല എന്നതാണ് വാസ്തവം ഗലാത്യർ 2:20 പറയുന്നു. "*ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്*". പൌലോസ് ഈ വിഷയം വ്യക്തമായി റോമർ അദ്ധ്യായം 7-ൽ പറഞ്ഞിരിക്കുന്നു. "*ഈ മത്സരത്തിനു അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും*" നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തിരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

പാപം നമുക്ക് ചുറ്റും നമ്മെ പ്രലോഭിപ്പിച്ച് കൊണ്ട് നിൽക്കുമ്പോൾ ദൈവത്തിനു മുൻപാകെ പൂർണ്ണരായി ജീവിക്കുക എന്ന അസാധ്യമായ ഒരു ദൌത്യമാണ് നമുക്ക് നല്കപ്പെട്ടിരിക്കുന്നത്. അവൻ നമ്മിൽ ഭരമേൽപ്പിച്ചിരിക്കുന്ന ദൌത്യങ്ങൾ നിവർത്തിക്കുവാൻ അവൻ നമുക്ക് കരുത്ത് തരുന്നു എന്നതും അവൻ നമ്മെ സഹായിക്കുന്നു എന്നതും നമ്മുടെ ബലഹീനതകളെ അവൻ അറിയുന്നു എന്നതുമാണ് മനോഹരമായ കാര്യങ്ങൾ. അവൻ നമുക്ക് വേണ്ടി ശത്രുക്കളോടു യുദ്ധം ചെയ്യുന്നു. അവൻ നമുക്ക് മുന്പായി കടന്നു ചെന്ന് നമ്മെ യുദ്ധത്തിൽ നയിക്കുന്നു. അവന്റെ ശക്തിയാൽ നമുക്ക് ഓടുവാൻ കഴിയുംൻ. മറ്റ് ഏത് ദൈവങ്ങളെക്കാളും നമ്മുടെ വൈരിയായ സാത്താനെക്കാലും എല്ലാ പിശാചുകളെക്കാളും നമ്മുടെ ദൈവം സർവ്വശക്തനാണ് എന്നത് നമ്മെ വളരെയധികം ആശ്ചര്യപ്പെടുത്തുന്ന കാര്യമാണ്. ദൈവം പിശാചിന് ഭൂമിയിൽ അല്പം ശക്തി മാത്രം നൽകിയിരിക്കുന്നു എങ്കിലും ദൈവമാണ് സർവ്വശക്തനും മറ്റാരെക്കാളും കരുത്തനും. താല്ക്കാലികമായി മാത്രം ഈ ഭൂമിയിൽ ചുറ്റി സഞ്ചരിക്കുവാൻ ദൈവം പിശാചിനെ അനുവദിച്ചിരിക്കുന്നു എന്നു മാത്രമേയുള്ളൂ. നാം ഇന്ന് പ്രഖ്യാപിക്കേണ്ട മന:പാഠവാക്യം "*നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനല്ലോ*". ഇന്ന് നാം ദാനിയേൽ എന്ന ഒരു മനുഷ്യനെ പരിചയപ്പെടും. യഥാർത്ഥമായും ദൈവീക ശക്തി പ്രവർത്തിപഥത്തിൽ കണ്ട മനുഷ്യനാണ് ദാനിയേൽ. നമ്മിലുള്ള ഇന്ധനം ഒരിക്കലും നഷ്ടമാകാതെ ദൈവവുമായുള്ള ബന്ധത്തിൽ തുടരുവാൻ എല്ലായ്പ്പോഴും ഓര്മ്മിക്കുക. ചിലർ പ്രാർത്ഥനയിലൂടെ ബന്ധപ്പെടുന്നു, ചിലർ വേദപുസ്തക വായനയിലൂടെയും ചിലർ ആരാധനയിൽ പങ്കെടുത്തും മറ്റുള്ളവരുടെ സാക്ഷ്യം ശ്രദ്ധയോടെ കേട്ടും ബന്ധം നിലനിർത്തുന്നു. അവിടുന്ന് നമ്മിലേക്ക് വരുന്ന നേർവീഥിയാണ് ഏറ്റവും നല്ല പാത എന്ന് പറയുന്നത്. നിങ്ങളുടെ ഗ്യാസ് ടാങ്ക് നിങ്ങൾ നിറച്ചിട്ടുണ്ടോ?







## ഐസ് ബ്രേക്കർ ഗെയിം

**രഹസ്യകോഡ്**

1,2,3,4,5 എന്നിങ്ങനെ കളിക്കാൻ ഇഷ്ടമുള്ള നമ്പർ തിരഞ്ഞെടുക്കണം.
അവർ തിരഞ്ഞെടുക്കേണ്ടുന്ന നമ്പറിനെക്കുറിച്ച് ആരും അവരെ നിർദ്ദേശിക്കേണ്ട ആവശ്യകതയില്ല. അല്പം നിമിഷം ചിന്തിച്ച ശേഷം അവർ തന്നെ നമ്പർ തിരഞ്ഞെടുക്കട്ടെ.
കളിക്കാരോട് ആരോടും തന്നെ തിരഞ്ഞെടുത്ത നമ്പർ ഉറക്കെ വിളിച്ച് പറയരുത്.

യാതൊന്നും പരസ്പരം പറയാതെ കളിക്കാർ തമ്മിൽ കരം കൊടുത്ത് അഭിവാദനം ചെയ്യണം. അവരുടെ അതേ നമ്പരുകൾ ലഭിച്ച മറ്റു കുട്ടികളെ അവർ കണ്ടെത്തണം. ഓർക്കുക, ഈ ഗെയിം ശാന്തമായിട്ടാണ് ചെയ്യേണ്ടത്. കളിക്കാരൻ 'ഒന്ന്' എന്ന നമ്പർ തിരഞ്ഞെടുത്താൽ ആ കുട്ടി ഒരു തവണ മാത്രമേ കരം കൊടുക്കുവാൻ പാടുള്ളൂ. മൂന്ന് എന്ന നമ്പരാണ് തിരഞ്ഞെടുത്തതെങ്കിൽ നിങ്ങൾ മൂന്ന് തവണ മറ്റുള്ളവരുടെ കരത്തിൽ അമർത്തണം. മറ്റുള്ള കുട്ടികൾ ഇതേ നമ്പർ തിരഞ്ഞെടുത്തിട്ടുണ്ടോ എന്ന് അറിയുവാൻ അവർ നിങ്ങളുടെ കരം അമർത്തുന്നതുവരെ കാത്തുനിൽക്കണം. അവർക്ക് ഇതേ നമ്പർ ഉണ്ടെങ്കിൽ അവർ നിങ്ങളോടൊപ്പം ചേർന്ന് മറ്റുള്ള കുട്ടികളെ കണ്ടെത്തണം. കളിക്കാർ മൗനമായി നിന്നുവേണം ഈ ഗെയിം കളിക്കുവാൻ. പൂർണ്ണമായി ടീം അംഗങ്ങളെ മുഴുവൻ കണ്ടെത്തുന്ന ഗ്രൂപ്പ് വിജയികൾ ആയിത്തീരും.

## ബൈബിൾ പാഠം

**ദാനിയേൽ ദൈവീക ശക്തി അനുഭവിക്കുന്നു**

1. രാജാവിനെ സേവിക്കുവാൻ വേണ്ടി കൊട്ടാരത്തിലേക്ക് കൊണ്ടുവരപ്പെട്ട ഒരു യൌവ്വനക്കാരനായിരുന്നു ദാനിയേൽ. താൻ ചെയ്ത കാര്യങ്ങളിലൊക്കെയും ദാനിയേൽ വിശ്വസ്തനായിരുന്നു. താൻ അവിടെ ഒരു അധികാരിയായിത്തീർന്നു. അവൻ സത്യസന്ധനും ദൈവത്തെ അനുസരിക്കുന്നതിൽ പ്രിയമുള്ളവനും ആയിരുന്നു. എല്ലാ ദിവസവും മൂന്നു നേരം വീതം ഉറന്നിട്ട കിളിവാതിലിലൂടെ ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു. ഭക്ഷണത്തിനു വേണ്ടി പ്രാർത്ഥിക്കുമ്പോൾ മാത്രമായിരുന്നില്ല തന്റെ പ്രാർത്ഥന.



ദൈവം: എന്ന പദം കേൾക്കുമ്പോൾ വലതുകരത്തിന്റെ ചൂണ്ടുവിരൽ ഉപയോഗിച്ച് മുകളിലേക്ക് ചൂണ്ടുക, ശേഷം ആ കരം തുറന്ന് നെഞ്ചിന്റെ ഭാഗത്തേക്ക് കൊണ്ടുവരിക.



2. ദാനിയേലിന്റെ പ്രവർത്തികളിൽ പ്രിയം തോന്നിയ ദാര്യാവേശ് തന്നെ സകലത്തിനും പ്രധാനിയാക്കുവാൻ നിശ്ചയിച്ചു. ദാര്യാവേശ് ദാനിയേലിനെ സകലത്തിനും പ്രധാനിയാക്കുന്നത് അറിഞ്ഞ മറ്റു ചില അധികാരികൾക്ക് ദാര്യാവേശിനോട് കോപം ജ്വലിച്ചു. (ദേഷ്യമുള്ള മനുഷ്യ മുഖം വരയ്ക്കുക). രാജാവ് ഇനിയും അധികം മുൻഗണന ദാനിയേലിന് നല്കാതിരികുവാൻ ചില കോപിഷ്ഠരായ അധികാരികൾ ദാനിയേലിലുള്ള കുറ്റം കണ്ടെത്തുവാൻ തക്കം പാർത്തു നടന്നു. എന്നാൽ ഒന്നും കണ്ടെത്തുവാൻ അവർക്ക് കഴിഞ്ഞില്ല. ദിവസം പ്രതി 3 തവണ വീതം ദാനിയേൽ ദൈവത്തോട് പ്രാർത്ഥിക്കുന്നത് അറിഞ്ഞ അവർക്ക് ഒരു ആശയം തോന്നി. (അവരുടെ തലയ്ക്കു മീതെ തെളിഞ്ഞു നിൽക്കുന്ന ബൾബുകൾ വരയ്ക്കുക).

ദേഷ്യം എന്ന പദം കേൾക്കുമ്പോൾ വലതുകരത്തിന്റെ വിരലുകൾ മടക്കി മുഖത്തുനിന്നും ദൂരെ മാറ്റി പിടിക്കുക.

3. ബുദ്ധിമാന്മാരായ അധികാരികൾ ദാര്യാവേശ് രാജാവിനെക്കൊണ്ട് ഒരു നിയമം ചമപ്പിച്ചു. അടുത്ത 30 ദിവസത്തേക്ക് രാജാവിനോടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കരുത് എന്നതായിരുന്നു ആ നിയമം. ഈ നിയമത്തോട് അനുസരണക്കേട് കാനിക്കുന്നവനെ സിംഹക്കുഴിയിലേക്ക് വലിച്ചെറിയും. സകലരും അറിയണം വിശന്നിരിക്കുന്ന സിംഹങ്ങൾക്കു നടുവിൽ ആരും നിലനിന്നു പോവുകയില്ല. കോപിഷ്ഠരായ അധികാരികൾക്കറിയാമായിരുന്നു സിംഹങ്ങൾ ദാനിയേലിനെ തിന്നുകളയുമെന്ന്. ദാനിയേൽ പ്രാർത്ഥന അവസാനിപ്പിച്ചു കളയുമോ എന്നൊരു ചോദ്യം അവർ തങ്ങളോടു തന്നെ ചോദിച്ചു.



സിംഹം എന്ന പദം കേൾക്കുമ്പോൾ കരങ്ങൾ തയ്യമുകളിൽ പിടിച്ച ചലിപ്പിക്കുക, ആ കരം തലയ്ക്ക് പിന്നിലേക്ക് കൊണ്ടുപോവുക.

4. വേഗത്തിൽ ദാനിയേലും ഈ നിയമം കേട്ടു. ദാനിയേലിന് തന്റെ മുറിയിൽ ഒളിയ്ക്കാമായിരുന്നു. ആരും കാണാതെയിരിക്കുവാൻ ജനാലകൾ അടച്ചിടാമായിരുന്നു. അല്ലെങ്കിൽ ആ ഒരു 30 ദിവസത്തേക്ക് ദൈവത്തോട് പ്രാർത്ഥിക്കാതിരിക്കാമായിരുന്നു. എന്നാൽ ദാനിയേലിനെ സംബന്ധിച്ച് പ്രാർത്ഥന വളരെ പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു. അവൻ മുൻപ് ചെയ്തു വന്നതുപോലെ പ്രാർത്ഥന തുടർന്നു. (കിളിവാതിൽ തുറന്നിട്ട് ദിവസം 3 തവണ). കോപിഷ്ഠരായ അധികാരികൾ ഇത് കണ്ട മാത്രയിൽ ഈ വാർത്ത രാജാവിനെ അറിയിക്കുവാൻ ചെന്നു. ദാനിയേൽ നിയമം തെറ്റിച്ചിരിക്കുന്നു.



നിയമം എന്ന പദം കേൾക്കുമ്പോൾ വലതുകരത്തിന്റെ മടക്കിപ്പിടിച്ച വിരലുകൾ ഇടതുകരത്തിനു സമമായി വയ്ക്കുക..

5. ദാര്യാവേശ് രാജാവ് വളരെ കോപിഷ്ഠനായി. ദാനിയേൽ നിയമം ലംഘിച്ചതുകൊണ്ടല്ല, മറിച്ച് ദാനിയേലിന്മേൽ കുറ്റം ചുമത്തുവാൻ അധികാരികൾ തന്നെ വഞ്ചിച്ചതാണെന്ന് താൻ തിരിച്ചറിഞ്ഞു. താൻ വിജയിക്കും എന്നു കരുതി സാത്താൻ അവരെ ഉപയോഗിച്ചു. ബാബിലോണിൽ ഒരിക്കൽ ഒരു നിയമ സംഹിത എഴുതപ്പെട്ടാൽ അതിനു മാറ്റം വരുത്താതെ നടപ്പാക്കണം. ആരും പ്രാർത്ഥന കഴിക്കാതെ ഈ വിഡ്ഢിത്തമായ നിയമം നടപ്പാക്കപ്പെടുമെന്നു ദാര്യാവേശ് കരുതി. വളരെ ദു:ഖത്തോടെ ദാര്യാവേശ് ആ സിംഹക്കുഴിയുടെ അരികിലേക്ക് നടന്നു.



പ്രാർത്ഥിക്കുക എന്ന പദം കേൾക്കുമ്പോൾ കൈപ്പത്തികൾ മുൻപിലായി കൊണ്ടുവരിക. കൈകൾ ശരീരത്തിലേക്ക് അടിപ്പിച്ച് തല വണങ്ങി നിൽക്കുക.

6. ദാര്യാവേശ് രാജാവ് ദാനിയേലിനെ ആലിംഗനം ചെയ്തു പറഞ്ഞത് " ഈ വിശന്നിരുന്ന സിംഹങ്ങളിൽ നിന്നും ദൈവം നിന്നെ രക്ഷിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു" ശേഷം ദാനിയേലിനെ സിംഹക്കൂട്ടിലേക്ക് വലിച്ചെറിഞ്ഞു. ഒരു വലിയ കല്ല് കൊണ്ടുവന്ന് സിംഹക്കുഴിയുടെ വായ് അടച്ചുകളഞ്ഞു. ആരും പൊട്ടിക്കരുതാത്ത ഒരു മുദ്രയും പതിപ്പിച്ചു. ആ രാത്രിയിൽ രാജാവ് ദാനിയേലിനെക്കുറിച്ച് വളരെ ചിന്തിച്ചു. രാജാവിന് ഉറങ്ങുവാൻ കഴിഞ്ഞില്ല. ദാനിയേലിനെ രക്ഷിക്കുവാൻ തക്കവണ്ണം ദൈവം ശക്തനാണോ എന്ന് ചിന്തിച്ചുകൊണ്ട് തന്റെ പള്ളിയറയിൽ ഉറക്കമില്ലാതെ ആ രാത്രി രാജാവ് തള്ളിനീക്കി. അതികാലത്തെ രാജാവ് സിംഹക്കുഴിയുടെ അടുത്തെത്തി. മുദ്ര പൊട്ടിച്ചു. കല്ലു മാറ്റി ഉറക്കെവിളിച്ചു "ദാനിയേലേ, ദൈവം നിന്നെ രക്ഷിച്ചുവോ". ഉടനെ രാജാവ് ഗുഹയ്ക്കുള്ളിൽ നിന്നും ഒരു ശബ്ദം കേട്ടു. " അതേ, ദൈവം എന്നെ സിംഹങ്ങളിൽ നിന്നും രക്ഷിച്ചു. സിംഹത്തിന്റെ വായ് അടച്ചുകളയുവാൻ അവൻ തന്റെ ദൂതന്മാരെ കല്പിച്ചാക്കി. ദാനിയേലിനെ സിംഹക്കുഴിയിൽ നിന്നും കയറ്റുവാൻ രാജാവ് തന്റെ പടയാളികളോട് കല്പിച്ചു. ദാര്യാവേശ് രാജാവ് അന്ന് മറ്റൊരു നിയമ സംഹിത പുറപ്പെടുവിച്ചു. ദാനിയേലിന്റെ ദൈവമാണ് സത്യദൈവം. ശേഷം രാജാവ് ആ കോപിഷ്ഠരായ അധികാരികളെ ശിക്ഷിച്ചു.



രാജാവ് എന്ന പദം കേൾക്കുമ്പോൾ: വലതുകൈയ്യുടെ പെരുവിരൽ ചൂണ്ടു വിരലിനും നടുവിരലിനും നടുവിലായി വച്ച് തോൾ മുതൽ അരയോളം കൊണ്ടുവരിക.

## ചുറ്റിത്തിരിയുന്ന സ്റ്റേഷൻ

**3 ഗ്രൂപ്പുകളായി തിരിഞ്ഞ് സ്റ്റേഷനിലേക്ക് പോകുക.**







## ഗ്യാരേജ് ക്രാഫ്റ്റ്സ്




ഓരോ കുട്ടികൾക്കും വിതരണം ചെയ്യുക:
പ്രിന്റ് ചെയ്ത ഒരു ഗ്യാസ് ടാങ്ക്
ഒരു നോസിൽ
1 കടലാസ് കൈകൾ
1 റിബൺ 35 c.m
ഒരു കറുത്ത പൈപ്പ് ക്ലീനർ, ഒരേ അളവിൽ മൂന്നായി മുറിക്കുക.

- ഇഷ്ടപ്പെട്ട നിറം നൽകി ഓരോ ഭാഗവും കളർ ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുക.
- രണ്ട് പൈപ്പ് ക്ലീനറുകൾ അതിന്റെ പിൻഭാഗത്ത് ഇരുവശങ്ങളിലുമായി ഒട്ടിക്കുക. ഇത് അവയുടെ കൈകളാണ്. അതിന്റെ അഗ്രത്തായി 2 കൈകൾ ഒട്ടിച്ച് ചേർക്കുക.
- മറ്റൊരു പൈപ്പ് ക്ലീനർ എടുത്ത് അതിന്റെ പുറക് മുതൽ താഴെവരെ ഒട്ടിക്കുക. അഗ്രത്തിൽ ആ നോസിൽ ഒട്ടിക്കുക.

റിബൺ നാലായി മുറിക്കുക. അത് തലമുടിയായി അതിന്റെ പുറകിലായി ഒട്ടിക്കുക. ഒരു കത്രിക കൊണ്ട് അതിൽ പല ചുരുളുകൾ ഉണ്ടാക്കാം. ഇങ്ങനെ പല ഭേദങ്ങൾ ഉണ്ടാക്കിയെടുക്കാം.

## സ്നാക്ക് സ്റ്റാന്റ്



ഫ് ളേവേർഡ് വാട്ടർ ബോട്ടിൽ
ആവശ്യമായ സാധനങ്ങൾ:

- 200 മില്ലി ലിറ്റർ വെള്ളം കൊള്ളുന്ന ഒരു ബോട്ടിൽ
- ജാമെയ്ക്കൽ ഫ്ലേവർ പാക്കറ്റുകൾ, ടാങ്ക്-വെള്ളത്തിനു വേണ്ടിയാണിവ
- കറുപ്പും വെളുപ്പും കലർന്ന ഒരു സ്ലിപ്പ് പ്രിന്റ് ചെയ്ത കടലാസ് ( 6 cm, 15 cm)
- ഏതെങ്കിലും സ്നാക്ക്

നിർദ്ദേശങ്ങൾ:

1. വെള്ളത്തിന്റെ ബോട്ടിൽ തുറക്കുക
2. ഫ്ലേവർ പാക്കറ്റ് തുറക്കുക
3. വെള്ളത്തിന്റെ ബോട്ടിലിൽ ചില പൊടികൾ ഇടുക. ബോട്ടിൽ അടച്ച് നന്നായി കലുക്കുക
4. ബോട്ടിലിന്റെ മദ്ധ്യഭാഗത്ത് പേപ്പർ സ്ലിപ്പ് ഒട്ടിച്ച് വയ്ക്കുക.
5. ഇച്ഛാനുസൃതം: കുട്ടികൾക്ക് വെള്ളത്തിനൊപ്പം സ്നാക്ക്സ് നൽകുക.

*രസകരമായ സ്നാക്ക്സ് ആസ്വദിക്കുക!!*

## ഡ്രൈവിംഗ് ക്ലാസ്

കുട്ടികളുടെ ബുക്കിൽ വർക്ക് ചെയ്യുന്ന "ഡ്രൈവിംഗ് ക്ലാസ്സിലേക്ക്" സ്വാഗതം. ഇന്നത്തെ പാഠഭാഗവും വാക്യവും ആവർത്തിച്ച് പറഞ്ഞുകൊണ്ട് ഇന്നത്തെ ക്ലാസ് ആരംഭിക്കാം. നമുക്ക് തുടങ്ങാം!!!



നിങ്ങൾ ദാനീയേൽ ആണെന്ന് സങ്കൽപ്പിക്കുക. എഴുതുക:

ഉത്തരങ്ങൾ ഒരുപക്ഷെ വ്യത്യാസമുള്ളതോ ശരിയോ ആയിരിക്കാം. കുറച്ച് ഉദാഹരണങ്ങൾ ഇതാ:

നിങ്ങൾക്ക് കാണാനാകുന്ന 5 കാര്യങ്ങൾ:
കുഴിയുടെ ഭിത്തികൾ
സിംഹങ്ങൾ,
രാജാവ്,
സിംഹങ്ങളുടെ പല്ലുകൾ,
രക്ഷപ്പെടാൻ വഴിയില്ലാത്തത്.

നിങ്ങൾക്ക് സ്പർശിക്കാവുന്ന 4 കാര്യങ്ങൾ:
സിംഹത്തിന്റെ രോമം
കല്ലുകൊണ്ടുള്ള ഭിത്തികൾ
വിയർപ്പ് തുടച്ച
നീക്കുന്നതിന് എന്റെ മുഖം,
എന്റെ കാലുകളുടെ വിരൽ.

3 കാര്യങ്ങൾ നിങ്ങൾക്ക് കേൾക്കാൻ കഴിയും:
സിംഹങ്ങളുടെ മുർക്കം വലി
പുറത്തുള്ള കാറ്റ്,
എന്റെ ഭയന്നുള്ള
ശ്വാസോച്ഛ്വാസം.

2 കാര്യങ്ങൾ നിങ്ങൾക്ക് മണക്കുവാൻ കഴിയും :
എന്റെ വിയർപ്പ്,
സിംഹത്തിന്റെ ദുർഗന്ധം!

നിങ്ങൾ ചിന്തിക്കുന്ന നിങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുകയാണെന്ന് :
എന്റെ ദൈവം വളരെ ശക്തിയുള്ളവനാണ്!

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ദൈ | ർത്ഥ | ഹ്രം | ടം | സ്റ്റ | മാ | ശ്വാ | ള്ള | ർത്ഥ |
| ശ്ര | വം | ക | ഴി | ധ | ര | മൃ | ത്മ | സിം |
| ഹം | പ | വി | ന | ജ | സ | ക്ഷ | ദാ | പ |
| അ | ര | ഗ്ര | കൃ | ശ്വാ | ആ | ശ്ര | യം | ക |
| മാ | ധ | ഹം | വി | ഖ | ൈ | രാ | ശ്ര | ടം |
| ലാ | സിം | ത്മ | ദാ | മൃ | സ | മൃ | ധ | ജ |
| ഖ | ആ | കൃ | ജ | ന്ന് | ൽ | പ്രാ | ർത്ഥ | [illegible] |
| പ | ക | ഴി | ടം | സിം | ദാ | നി | യേ | ൽ |







## ചോദ്യോത്തരങ്ങൾ

1. ദൈവം വളരെ വിദൂരത്തിലാണെന്ന് കരുതുമ്പോൾ എന്താണ് സംഭവിക്കുന്നത്?

ദൈവത്തെ കാണുവാനോ അനുഭവിക്കുവാനോ കഴിയാത്തപ്പോൾ ദൈവത്തിൽ വിശ്വസിക്കുവാനുള്ള വിശ്വാസം നമുക്ക് ആവശ്യമാണ്. എങ്കിലും നമുക്ക് എന്തു തോന്നിയാലും, ദൈവം നമ്മോടുകൂടെയുണ്ട്, നമ്മെ സ്നേഹിക്കുന്നു, നമുക്കായി കരുതുന്നു.

2. മോശമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നത് എന്തുകൊണ്ട്?

നമ്മുടെ ആത്മീക വർദ്ധനവിനുവേണ്ടിയും മറ്റുള്ളവരെ വിശ്വാസത്തിലേക്ക് കൊണ്ടുവരേണ്ടതിനും (നാം പ്രയാസങ്ങളിൽക്കൂടി കടന്നു പോയെങ്കിൽ മാത്രമേ നമുക്ക് മറ്റുള്ളവരെ അതേ പ്രയാസത്തിൽ സഹായിക്കുവാൻ കഴിയൂ). പാപ ലോകത്തിൽ കടന്നപ്പോൾ അത് എല്ലാവരേയും ബാധിച്ചു ദൈവം ക്രിസ്ത്യാനികൾക്കു ചുറ്റും ഒരു വലിയ മതിൽ പണിതു വച്ചിട്ടില്ല. നം







എല്ലാവരും ഈ ലോകത്തിലാണ് പാർക്കുന്നത്. നാം ഒരേ ഗ്രഹമാണ് പങ്കുവയ്ക്കുന്നത്. നാം മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ സന്നദ്ധരും മനസ്സുള്ളവരും ആയിരിക്കുക.

3. എന്താണ് നിങ്ങളെ ഭയപ്പെടുത്തുന്നത്?

ചിലന്തികളെക്കുറിച്ചുള്ള ഭയം മുതൽ മറ്റൊരു സ്കൂളിലേക്ക് മാറുന്ന ഭയം എന്ന വിഷയത്തെക്കുറിച്ച് വരെ സംസാരിക്കുക. ആരുടെ അനുഭവങ്ങൾ പങ്കുവയ്ക്കേണ്ടതിനായി ഒരു സുഗമമായ സാഹചര്യം ഒരുക്കുക. എല്ലാ ഭയത്തിന്റെയും കാര്യകാരണങ്ങൾ ചോദിക്കരുത്. അവർ അത് പങ്കിടട്ടെ, നമുക്ക് അത് ശ്രദ്ധയോടെ കേൾക്കാം.


4. ദാനിയേലിനെ സിംഹക്കുഴിയിൽ വലിച്ചെറിഞ്ഞതിനന്തരം ദാര്യാവേശ് രാജാവ് എന്തു ചെയ്തു?
   ഉപവസിച്ചു.
5. ദാനിയേലിനെ പുറത്തെടുത്തതിനുശേഷം ആരെയെല്ലാമാണ് സിംഹക്കുഴിയിലേക്ക് വലിച്ചെറിഞ്ഞത്?

ദാനിയെലിനെതിരെ കുറ്റം ചുമത്തിയവരെ.

## തയ്യാറാകാം, ഗെയിമിനായി ഒരുങ്ങാം

### കറുത്ത കൊടി (വ്യക്തിഗതം)

(ലണ്ടൻ ബ്രിഡ്ജ് വിധം )




1. കുട്ടികൾ കഴിയുന്നത്ര വലിപ്പമുള്ള ഒരു വൃത്തം സൃഷ്ടിക്കണം
2. 2 കുട്ടികൾ കരം ഉയർത്തി പിടിച്ച് പാലം പോലെയോ ടണൽ പോലെയോ നിൽക്കണം
3. ഒരു സംഗീതം ഉയരുമ്പോൾ കുട്ടികൾ ഘടികാര സൂചി ദിശയിൽ ടണലിലൂടെ നടക്കണം
4. ഗെയിം നിയന്ത്രിക്കുന്ന ഒരാൾ ഉറക്കെ വിളിച്ചു പറയണം "കറുത്ത കോടി"! അപ്പോൾ സംഗീതം നിലയ്ക്കും. ടണൽ നിന്നുമുള്ള 2 കുട്ടികൾ കരം താഴ്ത്തുമ്പോൾ കുട്ടികളിൽ ഒരാളെ പിടിക്കണം.
5. രണ്ടുകുട്ടികൾ പിടിയ്ക്കപ്പെടുമ്പോൾ ആദ്യത്തേതിൽ നിന്നും വിഭിന്നമായി മറ്റൊരു ടണൽ ഉണ്ടാക്കേണ്ടത് ആവശ്യമാണ്.
6. ഒരു വിജയി ഉണ്ടാകുന്നതു വരെ ടണലുകൾ നിർമ്മിച്ചു കൊണ്ടേയിരിക്കണം.

ശ്രദ്ധിക്കുക: സംഗീതത്തിന്റെ താളത്തിൽ വ്യത്യാസം വരുത്തിക്കൊണ്ട് ഗെയിമിന്റെ ഭംഗിയിൽ മാറ്റം വരുത്താവുന്നതാണ്. വട്ടത്തിൽ കറങ്ങി ദിശയിൽ വ്യത്യാസം വരുത്താവുന്നതാണ്, ഒറ്റക്കാലിൽ നിന്ന് തുള്ളാം, ചെറുതായി ചാടാം, പിന്നിലേക്ക് പോകാം...

### സുരക്ഷിത മേഖലാ ടീം (ടീംസ്)

എല്ലാ അംഗങ്ങളും പങ്കെടുക്കുക. ഓരോ ടീമിനും ഓരോ ബലൂണുകൾ വീതം നൽകുക. ഓരോ ടീമിലും തുല്യ അംഗങ്ങൾ വീതമേ പാടുള്ളൂ.ഓരോ ടീമും ഓരോ നിരയിൽ നിൽക്കണം. മറ്റു ടീമുകളിൽ നിന്നും ഒരു നിശ്ചിത അകലം വിട്ടു ഓരോ ടീമുകളും നിൽക്കണം.ഗെയിം തുടങ്ങുവാൻ ഡയറക്ടർ പറയുമ്പോൾ ബലൂൺ മുൻപിൽ നിന്നും പിന്നിലേക്ക് കൈമാറ്റം ചെയ്യുക. ആദ്യത്തെയാൾ തലയ്ക്കു മുകളിലൂടെ,ബലൂൺ കൈമാറ്റം ചെയ്യണം, രണ്ടാമത്തെയാൾ കാലുകൾക്ക് ഇടയിലൂടെ ഇങ്ങനെ തുടർന്ന് ആ



നിരയുടെ അവസാനം വരെ ബലൂൺ എത്തിക്കുക.ഒടുവിൽ നിൽക്കുന്ന കുട്ടിക്ക് ബലൂൺ ലഭിക്കുമ്പോൾ ആ കുട്ടി കണ്ണുകൾ അടച്ച് തിരിഞ്ഞു നടന്ന് ആ ബലൂൺ നിരയുടെ ആദ്യത്തെ കുട്ടിക്ക് കൊണ്ടുവന്നു നൽകേണ്ടതാണ്. വഴി പറഞ്ഞു നൽകി മാത്രം ടീം അംഗങ്ങൾക്ക് സഹായിക്കാവുന്നതാണ്. ആ കുട്ടി നിരയുടെ ആദ്യം വന്നെത്തിയാൽ ഗെയിം വീണ്ടും നടത്താവുന്നതാണ്. നിരയിലെ മുഴുവൻ കുട്ടികളും ഈ നിലയിൽ ബലൂൺ എത്തിക്കുമ്പോൾ ആ ടീം വിജയിക്കും.

## ഉപസംഹാരം

വെക്കേഷൻ ബൈബിൾ സ്കൂളിന്റെ ഇന്നത്തെ ദിവസം എത്ര രസകരമായിരുന്നു. ഒരു പാട് മനോഹരമായ കാര്യങ്ങൾ ഇന്നുണ്ടായിരുന്നു. ദാനിയേലിനെ ദൈവം ഇപ്രകാരമാണ് സിംഹക്കുഴിയിൽ നിന്നും രക്ഷിച്ചത് എന്ന് നാം പഠിച്ചു. ഇപ്രകാരം നമ്മുടെ എഞ്ചിനുകളിൽ ഇന്ധനം ഇല്ലാതെയും ദൈവീക ശക്തി നമ്മിൽ ഇല്ലാതെയും നമുക്ക് എവിടെയും പോകുവാൻ കഴിയുകയില്ല. എന്നാൽ നമ്മിലുള്ള ക്രിസ്തുവിൻറെ ശക്തിയാൽ ദൈവത്തിനായി അവിശ്വസനീയമായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. വിജയത്തിലേക്ക് അതിവേഗത്തിൽ ഓടുവാൻ കഴിയും.







# 5 നഷ്ടപ്പെടാത്ത രക്ഷ



## ബൈബിൾ കഥ: യേശു നമ്മെ രക്ഷിക്കുന്നു/ മത്തായി 27:32- 28:10

### വാക്യം

“നിങ്ങൾക്ക് അനശ്വരജീവനുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്, ദൈവപുത്രൻ  നാമത്തിൽ വിശ്വസിക്കുന്നവരായ നിങ്ങൾക്ക് ഞാൻ ഇതെഴുതുന്നു. ” 1 യോഹന്നാൻ 5:13

### നാടകം

**ഡ്രൈവർ**

> **ശ്രദ്ധ നേടാനുള്ള വിദ്യ**
>
> “ആരാണ് നിങ്ങളെ രക്ഷിക്കുന്നത്?”
> കുട്ടികൾ: കൈകൾ കൊട്ടുന്നു, ക്ലാപ്പ്-ക്ലാപ്പ്, ക്ലാപ്പ്
> “യേശു!” (കൈകൾ മുകളിൽ വലത്തേക്കും ഇടത്തേക്കും ചൂണ്ടുന്നു)

- മാക്സ് പന്തയത്തിൽ വാഹനമോടിക്കുന്ന ആളാണ്. വളരെ ഗൌരവമേറിയ ഒരു മത്സരത്തിലാണ് താനിപ്പോൾ. മത്സരത്തെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ അറിയേണ്ടതിന് ചീഫ് മേക്കാനിക്കിനോട് സംസാരിക്കുവാൻ റേഡിയോ ഉപയോഗിക്കുന്നു. മാക്സ് ഇപ്രകാരം പറയുന്ന “അതേ, ഞാൻ കാണുന്നു, ഈ ഒരു തവണ വലം വച്ച ശേഷം ഞാൻ വേഗത കുറയ്ക്കുവാൻ പോവുകയാണ്. കണ്ണാടിയിലൂടെ നോക്കി താൻ വാഹനത്തിന്റെ വേഗത കുറയ്ക്കുന്നു.
- ഇതേ സമയം തന്നെ, നമുക്ക് മുൻപരിചയമുള്ള മെക്കാനിക്ക് കുട്ടികൾ കാണത്തക്ക നിലയിലും, എന്നാൽ മാക്സിന്റെ മെക്കാനിക്ക് കാണരുതാത്ത നിലയിലും തല ഉയർത്തി നോക്കുന്നു. മുൻപിൽ നടക്കുന്ന സാഹചര്യങ്ങളെ മനസ്സിലാക്കാതെ മാക്സ് ചീഫ് മേക്കാനിക്കിനോട് നാം എന്തു ചെയ്യും എന്ന് ചോദിക്കുന്നു.
- മെക്കാനിക്ക് മറഞ്ഞിരുന്ന് മറ്റൊരു റേഡിയോയുടെ സഹായത്തോടെ അവരുടെ സംഭാഷണം കേൾക്കുന്നു. ശേഷം ഉറക്കെ മാക്സിനോട് തന്റെ അഭിപ്രായം പറയുന്നു. പരിഭ്രാന്തനായ മാക്സ് ആരോ റേഡിയോയിലൂടെ സംഭാഷണം കേൾക്കുന്നു എന്ന് മേക്കാനിക്കിനോട് പറയുവാൻ ശ്രമിക്കുന്നു.
- മെക്കാനിക്ക് മാക്സിനു നിർദ്ദേശങ്ങൾ നൽകുന്നു.  മാക്സ് തന്റെ ബോസ്സിൽ നിന്നും കേൾക്കുവാൻ ശ്രദ്ധയോടെയിരിക്കുന്നു. എന്നാൽ തനിക്ക് ഒന്നും മനസ്സിലാകുന്നില്ല. കാരണം ഒരേ സമയം രണ്ടു പേരിൽ നിന്നുമാണ് താൻ കേട്ടുകൊണ്ടിരിക്കുന്നത്.
- മത്സരത്തിന്റെ വിശദാംശങ്ങളും മോട്ടോർസൈക്കിൾ ഉപയോഗിക്കേണ്ട വിധങ്ങളും അറിയാവുന്ന രീതിയിൽ മറ്റേ മെക്കാനിക്ക് സംസാരിക്കുന്നു. പന്തയത്തിൽ വാഹനം ഓടിക്കുന്ന ആൾ എന്ന നിലയിൽ മാക്സ് തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. തന്റെ ചീഫ് മെക്കാനിക്ക് എല്ലാം അറിയാവുന്ന ആളാണെന്നും മാക്സ് പറയുന്നു. തനിക്കും സകലതും അറിയാം എന്നും ടെലിവിഷനിൽ താൻ ധാരാളം മത്സരങ്ങൾ കാണാറുണ്ടെന്നും മാക്സിന്റെ ബോസിനെപ്പോലെ താനും ഒപ്പ്ര മെക്കാനിക്ക് ആണെന്നും ഈ മെക്കാനിക്ക് പറയുന്നു.
- നാടകത്തിന്റെ ഈ ഭാഗത്ത് മറ്റേ മെക്കാനിക്ക് വളരെ ഉദ്യോഗസംബന്ധമായ കാര്യങ്ങൾ സംസാരിക്കുന്നു. താൻ ശബ്ദം ഉയർത്തി സംസാരിച്ചപ്പോൾ ചീഫ് മെക്കാനിക്കിന്റെ ശബ്ദം ഏതെന്നു മാക്സ് തിരിച്ചറിഞ്ഞ് അത് പിന്തുടരുന്നു.
- തനിക്ക് ഇവിടെ അധിക സമയം നിൽക്കുവാൻ കഴിയുകയില്ലെന്നും തന്റെ ചീഫ് മെക്കാനിക്കിന്റെ ഉപദേശം അല്ലാതെ മറ്റാരുടെയും ഉപദേശം താൻ കേൾക്കുകയില്ലായെന്നും മാക്സ് ഉച്ചത്തിൽ പറയുന്നു. മാക്സ് മെക്കാനിക്കിനെ സമീപിച്ച് തന്റെ കയ്യിൽ നിന്നും റേഡിയോ പിടിച്ചു വാങ്ങുന്നു. വളരെ പെട്ടെന്ന് മറ്റേ മെക്കാനിക്ക് മാക്സിനെ ഓട്ടോഗ്രാഫ് ചോദിക്കുന്നു. മാക്സ് അയാളോട് ദേഷ്യപ്പെട്ട് മത്സരക്കളത്തിലേക്ക് മടങ്ങിവരുന്നു.







## സന്ദേശം

മോട്ടോർ സൈക്കിൾ മത്സരത്തിൽ ടീമിന് ഒരു ബോസ് ഉണ്ടായിരിക്കുക എന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ബൈക്കിന് ഉടമസ്ഥരുണ്ടാകാം, സ്പോൺസർമാരുണ്ടാകാം, ടീമിന് ഒരു ബോസും ഉണ്ടാകാം. കഴിവിന്റെയും സല്ക്കീർത്തിയുടെയും അടിസ്ഥാനത്തിലാണ് ഈ വ്യക്തികൾ തിരഞ്ഞെടുക്കപ്പെടുന്നത്. ഒരിക്കലും ഒരു നല്ല ബോസ് ഇല്ലാതെ ഒരു മോട്ടോർ സൈക്കിൾ ഓടിക്കുന്ന വ്യക്തിയ്ക്കും ജയിക്കുവാൻ സാധിക്കുകയില്ല. ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ എപ്രകാരം പ്രായോഗികമാക്കാം?

ഇന്ന് നാം രക്ഷയെക്കുറിച്ചാണ് പഠിക്കുവാൻ പോകുന്നത്. യേശുവിന്റെ രക്ഷ സ്വീകരിക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? നമ്മുടെ ജീവിതത്തെ അവങ്കലേക്ക് തിരിക്കുക എന്നാണ് ഇതിനർത്ഥം. നമ്മുടെ ജീവിതത്തിന്റെ നായകനായിരിക്കുവാൻ നമുക്ക് യേശുവിനോട് ആവശ്യപ്പെടാം. നമ്മുടെ ടീമിന്റെ നായകനായിരിക്കുവാൻ യേശുവിനോട് ആവശ്യപ്പെടുന്നത് പോലെയാണിത്. നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളെ വഹിക്കുന്നവനാകുക എന്ന് യേശുവിനോട് നാം ആവശ്യപ്പെടുമ്പോൾ നമ്മുടെ ഭാവി ജീവിതത്തിന് ഒരു നിയന്ത്രണം ഉണ്ടാകുന്നു.




ദൈവം നമ്മെ ഈ ഭൂമിയിൽ സൃഷ്ടിച്ചാക്കി, നമുക്ക് ചുറ്റും പാപങ്ങൾ നിലനിൽക്കുന്നു. നാം ഇച്ഛിക്കുന്നില്ലായെങ്കിലും അനുദിനം നാം പാപം ചെയ്യുന്നു. ചെറിയ പാപങ്ങൾ തുടങ്ങി വലിയ പാപങ്ങൾ വരേയും ചെയ്യുന്നു. വേദപുസ്തകം വ്യക്തമായി പറയുന്ന പാപത്തിന്റെ ശമ്പളം മരണമത്രേ. (റോമർ 6:28). ആകയാൽ നമുക്ക് എന്ത് സംഭവിക്കും? നാം തെറ്റുകൾ ചെയ്യുമ്പോൾ, ആ നിമിഷത്തിൽ തന്നെ നാം മരണപ്പെടും എന്നതല്ല അർത്ഥമാക്കുന്നത്. നാം മരണപ്പെടുന്ന നാളിൽ നാം ചെയ്ത പാപത്തിന്റെ ഫലമായി ന്യായവിധി പ്രാപിച്ച് സാത്തനോടൊപ്പം ശിക്ഷിക്കപ്പെടേണ്ടതിനായി അടയ്ക്കപ്പെടുന്നു. ഇത് ഭീതിജനകമായ ഒരു കാര്യമാണ്.

എന്നാൽ ഭാവനാ സങ്കൽപങ്ങളെക്കാൾ ഉപരിയായി ഗൌരവമേറിയ ഒരു സംഗതിയാണിത് എന്നിരുന്നാലും ദൈവത്തിന്റെ ദയയാൽ ദൈവം അവിടുത്തെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് ഒടുവിലായി മരിയ്ക്കുവാൻ ഈ ഭൂമിയിലേക്ക് അയച്ചു. നമ്മുടെ സ്ഥാനത്താണ് അവൻ മരിച്ചത്. വാസ്തവത്തിൽ ഇന്ന് നാം ഈ ഹൃദയസ്പർശിയായ കഥയാണ് കേൾക്കുവാൻ പോകുന്നത്!

നമുക്ക് എന്തുചെയ്യുവാൻ കഴിയും? നമുക്ക് ചെയ്യുവാൻ കഴിയുന്ന ഏകകാര്യം ദൈവപുത്രനായ യേശുവിൽ വിശ്വസിച്ച് നമ്മുടെ പാപങ്ങളെ അവന്റെ മുൻപാകെ ഏറ്റുപറയുക എന്നതാണ്. പാപങ്ങളെ സമർപ്പിച്ച് നാം വിശ്വസിക്കുവാൻ തയ്യാറാകുമ്പോൾ രക്ഷ എന്ന ദാനം നമുക്ക് സ്വീകരിക്കുവാൻ കഴിയും. ഇതിനർത്ഥം നിത്യമായ നരകത്തിൽ നിന്നും നാം രക്ഷ പ്രാപിച്ചു എന്നാണ്. മാത്രമല്ല നിത്യമായി നാം യേശുവിനൊപ്പം സ്വർഗ്ഗരാജ്യത്തിൽ ആനന്ദത്തോടെ ജീവിക്കും. ഇതൊരു വലിയ സദ് വാർത്തയാണ്.

നാം ആർക്കെങ്കിലും ദാനങ്ങളെ നല്കിയനന്തരം അത് തിരികെ എടുത്തിട്ടുണ്ടോ? നാം ഇത് ദൈവത്തോട് എല്ലായ്പ്പോഴും ചെയ്യുന്ന സംഗതിയാണ്. അങ്ങേയ്ക്ക് ആഗ്രഹമുള്ള എന്തും ചെയ്യുവാൻ ഞാൻ തയാറാണെന്ന് നാം ദൈവത്തോട് പറയുന്നു. ശേഷം നാം സ്കൂളിൽ പോകുമ്പോൾ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാതെ നമ്മുടെ ആഗ്രഹത്തിനോത്ത്ത നിലയിൽ നാം പ്രവർത്തിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ നായകനാകുവാൻ നാം യേശുവിനോട് ആവശ്യപ്പെടുമ്പോൾ നാം നമ്മെത്തന്നെ ദൈവകരങ്ങളിൽ ഭരമേല്പ്പിക്കേണ്ടതാണ്. നാം അങ്ങനെ ചെയ്യുന്നവെങ്കിൽ നമ്മുടെ ജീവിതം വളരെ മഹത്വമുള്ളതായിത്തീരുകയും തകർച്ചയുടെ സാധ്യതകളെ ഒഴിവാക്കാവുന്നതുമാണ് നാം മത്സരത്തിൽ വിജയിക്കുകയും ചെയ്യും. യേശുവാകട്ടെ നമ്മുടെ ടീമിന്റെ നേതാവ്!

## ഐസ് ബ്രേക്കർ ഗെയിം

**ആശംസകളും ചോദ്യാവലികളും**

ആൺകുട്ടികൾ, പെൺകുട്ടികൾ, വിദ്യാർത്ഥികൾ








കുട്ടികളുടെ എണ്ണത്തിനനുസരിച്ച് രണ്ടു ഗ്രൂപ്പുകളായി വൃത്താകൃതിയിൽ അവരെ നിർത്തുക. ഒരു വൃത്തത്തിനുള്ളിൽ മറ്റൊന്ന് എന്ന നിലയിലാണ് അവരെ നിർത്തേണ്ടത് (പ്രായമോ നീളമോ ഒന്നും വിഷയമല്ല, കുട്ടികളെ ഇടകലർത്തി നിര്ത്താവുന്നതാണ്). ആവശ്യമെങ്കിൽ വൃത്തമുണ്ടാക്കാതെയും ഈ ഗെയിം കളിയ്ക്കാവുന്നതാണ്.

മ്യൂസിക്ക് ഉയരുമ്പോൾ 2 ഗ്രൂപ്പുകളും എതിർ ദിശകളിലായി ഓടണം. മ്യൂസിക്ക് നിലയ്ക്കുമ്പോൾ എല്ലാവരും തങ്ങളുടെ തൊട്ടു മുൻപിലുള്ള ഒരു വ്യക്തിയെ സുഹൃത്തായി കൂടെ നിർത്തുക. 'ഹലോ' എന്നും തങ്ങളുടെ പേരും താഴെപ്പറയുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന്റെ ഉത്തരവും പറയുക.




- എന്താണ് നിങ്ങളുടെ ഏറ്റവും ഇഷ്ട ഭക്ഷണം?
- പാഠം 2 –ൽ നിന്നുള്ള ബൈബിൾ വാക്യം പറയുവാൻ കഴിയുമോ?
- ഈ വിബിഎസിലെ ഏറ്റവും ഇഷ്ടപ്പെട്ട ബൈബിൾ കഥാപാത്രം ആരാണ്?
- ഈ വിബിഎസിലെ ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനം ഏതായിരുന്നു?
- ഈ വിബിഎസിൽ ആരെയെങ്കിലും നിങ്ങൾ പുതിയതായി കണ്ടുവോ? അവന്റെ/അവളുടെ പേര് പറയുക

ഇത് തുടർന്നുകൊണ്ടേയിരിക്കുക. മ്യൂസിക്ക് തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക. അവർ പുതിയ സുഹൃത്തുക്കളെ കണ്ടെത്തുകയും പരസ്പരം ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യും.

## ബൈബിൾ പാഠം

**യേശു നമ്മെ രക്ഷിക്കുന്നു.**



1. യേശുവിൻറെ സ്നേഹിതർ ഭയചികിതരും ദു:ഖിതരുമായിത്തീരുന്നു. തലേരാത്രിയിൽ കോപാകുലരായ ഒരു കൂട്ടം ആളുകൾ യേശുവിനെ പിടിച്ചു അവർക്കൊപ്പം കൊണ്ടുപോയിരിക്കുന്നു. യേശുവിനെ മരണത്തിനു വിധിച്ചിരിക്കുന്നു. അവൻ ഒരു തെറ്റും ചെയ്തിട്ടില്ല.

യേശു എന്ന പദം കേൾക്കുമ്പോൾ കൈയ്യുടെ നടുവിരൽകൊണ്ട് കൈപത്തിയിൽ തൊടുക.

2. റോമർ പടയാളികൾ ഒരു ക്രൂശ് യേശുവിന്റെമേൽ ചുമത്തി. അവൻ വളരെ പ്രയാസേന നടക്കുന്നതിനിടയിൽ അവർ അവനെ ക്രൂരമായി അടിയ്ക്കുന്നു. ക്രൂശീകരിക്കുന്ന സ്ഥലം എത്തിയപ്പോൾ പടയാളികൾ അവനെ ആ ക്രൂശിൽ തറച്ചു. ശാരീരികമായ വേദനകളേക്കാൾ അപ്പുറത്ത്, അവർ അവനെ ശകാരിച്ചു, അവനെ തുപ്പി, വളരെ മോശമായി പെരുമാറി. അവന് അവരെ ഈ പ്രവൃത്തികളിൽ നിന്നും തടയുവാൻ കഴിയുമായിരുന്നുവെങ്കിലും നമ്മുടെ പാപക്കറകളെ കഴുകുവാൻ വേണ്ടി മുറിവുകളും ശിക്ഷകളും മരണത്തോളം സഹിച്ചു നമ്മെ സ്നേഹിച്ചു. അത് പ്രഭാതമായിരുന്നെങ്കിൽത്തന്നെയും അവിടെ ഇരുട്ട് വ്യാപിച്ചു. ശേഷം അവിടെ ഒരു ഭൂമികുലുക്കം ഉണ്ടായി. അല്പസമയത്തിനു ശേഷം യേശു ക്രൂശിൽ മരിച്ചു. അത് ഭയാനകമായിരുന്നു!



ക്രൂശ് എന്ന പദം കേൾക്കുമ്പോൾ: വലതുകരം താഴേക്കും ശേഷം ഇടതു നിന്നും വലത്തേക്കും വയ്ക്കുക.




3. മരണാനന്തരം യേശുവിനെ ഒരു കല്ലറയ്ക്കുള്ളിൽ അടക്കി. മൂന്നു ദിവസങ്ങൾക്ക് ശേഷം പ്രഭാതത്തിൽ ചില സ്ത്രീകൾ ആ കല്ലറയിലേക്ക് ചെന്നു. എന്നാൽ കല്ലറയ്ക്കൽ എത്തിയപ്പോൾ കല്ലറവായ്ക്കൽ ഇരുന്ന ആ വലിയ കല്ല് ഉരുണ്ട് നീങ്ങിയിരിക്കുന്നു. സ്ത്രീകൾ വളരെ അത്ഭുതപ്പെട്ടു.
സ്ത്രീകൾ എന്ന പദം കേൾക്കുമ്പോൾ വലതുകരത്തിന്റെ പെരുവിരൽ കൊണ്ട് താടിയിലും നെഞ്ചിലും തോടുക.



4. ആ സ്ത്രീകളിൽ ഒരുവളായ മറിയ, ഈ ഒഴിഞ്ഞ കല്ലറയെക്കുറിച്ച് എന്തു കരുതണം എന്നറിയാതെ പത്രോസിനേയും യോഹന്നാനേയും ഇത് അറിയിക്കേണ്ടതിന് ഓടി. ഇവർ ഇരുവരും യേശുവിന്റെ സ്നേഹിതരായിരുന്നു. അവൾ ഈ കാര്യം അവരോടു പറഞ്ഞനന്തരം അവരും കല്ലറയിലേക്ക് ഓടി. അവർ കല്ലറയിലേക്ക് പ്രവേശിച്ചപ്പോൾ യേശുവിനെ കണ്ടില്ല. കല്ലറയിൽ അവന്റെ ശരീരം ഉണ്ടായിരുന്നില്ല. എന്താണ് സംഭവിച്ചതെന്ന് പത്രോസിനും യോഹന്നാനും മനസ്സിലായില്ല.




കല്ലറ എന്ന പദം കേൾക്കുമ്പോൾ നിവർത്തിപ്പിടിച്ച കരങ്ങൾ തോൾ ഭാഗത്തുനിന്നും താഴേക്ക് കൊണ്ടുവന്ന് മദ്ധ്യഭാഗത്തായി വയ്ക്കുക.

5. അവരെ അനുഗമിച്ചുവന്ന മറിയ കരഞ്ഞുകൊണ്ടേയിരുന്നു. അവൾ കല്ലറയിലേക്ക് കയറിയപ്പോഴും അവിടം ശൂന്യമായിരുന്നു. എന്നാൽ 'നീ കരയുന്നതെന്തിന്?' എന്ന ചോദ്യവുമായി രണ്ടു ദൂതന്മാർ അവിടെ ഉണ്ടായിരുന്നു. മേരി ദൂതന്മാരോട് ഇപ്രകാരം പറഞ്ഞു, 'യേശുവിൻറെ ശരീരം ഇവിടെയില്ല, യേശുവിനെ അവർ എവിടെ വച്ചു എന്ന് ഞാൻ അറിയുന്നില്ല.' ദൂതന്മാർ അവളെ വിട്ടു മാറിയശേഷം മറിയ ഒരു വ്യക്തിയെ അവിടെ ആകസ്മികമായി കണ്ടു. എന്നാൽ അവൾ കരുതിയത് തോട്ടക്കാരിൽ ഒരാൾ എന്നത്രേ.



ദൂതന്മാർ എന്ന പദം കേൾക്കുമ്പോൾ, വിരലുകൾ തോളിൽ വയ്ക്കുക, മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും ചലിപ്പിക്കുക.

6. 'മറിയേ? എന്ന് അവളെ ആരോ വിളിക്കുന്നതായി അവൾക്ക് തോന്നി. അവൾ വേഗം ആ ശബ്ദം തിരിച്ചറിഞ്ഞു. അത് യേശുവായിരുന്നു. അവൻ അവളുടെ തൊട്ടുമുൻപിൽ വന്നു നിന്നു. അവൻ ജീവിക്കുന്നു. ഇത് മറ്റുള്ളവരോട് പറയുവാൻ യേശു അവളോട് പറയുന്നു. 'യേശു ജീവിക്കുന്നു' "ഞാൻ അവനെ കണ്ടു" എന്ന് സന്തോഷത്താൽ ഉറക്കെവിളിച്ചു കൊണ്ട് അവൾ ഓടി. ഏവരും ആശ്ചര്യപ്പെട്ടു. അവൻ മുൻപ് അവരോടു പറഞ്ഞതെല്ലാം വാസ്തവമായിരുന്നു. ദൈവത്തിന്റെ പദ്ധതി എത്ര നല്ലതാണ്. ശേഷം യേശു തന്റെ സ്നേഹിതന്മാർക്ക് പ്രത്യക്ഷനായി. അവർ എല്ലാവരോടും ഈ സദ് വാർത്ത പറഞ്ഞു തുടങ്ങി. യേശു ജീവിക്കുന്നു.



ജീവിക്കുന്നു എന്ന പദം കേൾക്കുമ്പോൾ : പെരുവിരലുകളും ചൂണ്ടുവിരലുകളും നിവർത്തി കരം ഉയർത്തി പിടിക്കുക.

ടീച്ചർ: യേശുവിനെ സ്വീകരിക്കുവാൻ കുട്ടികളെ ക്ഷണിക്കുവാനുള്ള ഒരു നല്ല അവസരമാണിത്. യേശുവിനെ അവരുടെ രക്ഷകനായി സ്വീകരിക്കുവാൻ തയ്യാറാണോ എന്ന് ചോദിക്കുക. പ്രതികരിക്കുവാൻ ഒരു നല്ല അവസരം ഉണ്ടാകുന്നതു വരെ ഇത് തുടരുക. ശേഷം നിങ്ങൾ പറഞ്ഞു കൊടുക്കുന്ന വാചകം അവർ ഇപ്രകാരം ഏറ്റു പറയണം "കർത്താവായ യേശുവേ, അങ്ങയിൽ ഞാൻ എന്റെ രക്ഷകനെ കാണുന്നു. ഞാൻ അങ്ങേയ്ക്ക് എതിരെ പാപങ്ങൾ ചെയ്തു എന്ന് ഞാൻ തിരിച്ചറിയുന്നു. എനിക്ക് അനുസരിക്കണം, അങ്ങയെ സ്നേഹിക്കണം, മറ്റുള്ളവരേയും സ്നേഹിക്കണം. അങ്ങയുടെ ശക്തി എന്നിൽ ആവശ്യമാണ്. എന്റെ ജീവിതം അങ്ങേയ്ക്കായി ഞാൻ നൽകുന്നു. അങ്ങ് എന്റെ നായകനാണ്. ദയയുണ്ടായി എന്റെ ഹൃദയത്തിലേക്ക് വരേണമേ. നന്ദി കർത്താവേ ആമേൻ".







# ചുറ്റിത്തിരിയുന്ന സ്റ്റേഷൻ

**സ്റ്റേഷനിലേക്ക് പോകുവാൻ 3- ഗ്രൂപ്പ് ആയി തിരിയുക.**

## സ്നാക്ക് സ്റ്റേഷൻ



**പോപ്പ് കോൺ**

ആവശ്യമായ സാധനങ്ങൾ:

- ഒരു വലിയ ബാഗ് പോപ്പ് കോൺ
- ഓറഞ്ചു നിറത്തിലുള്ള ഒരു കടലാസ്
- പശയോ ഒട്ടിക്കുന്ന ടേപ്പോ

നിർദ്ദേശങ്ങൾ :

1. ഒരു ഷീറ്റു പേപ്പർ കൊണ്ടോടു കോൺ രീതിയിൽ മടക്കുക. ബാക്കിയുള്ള ഭാഗം മുറിച്ച് ചതുരാകൃതി ഉണ്ടാക്കുക.
2. മുകളിലുള്ള ഇടത്തെ വശവും താഴെയുള്ള വലത്തെ വശവും തമ്മിൽ ബന്ധിപ്പിക്കുക. ഒരു 2 cm അധികമായി വിട്ടേക്കുക. ആ ചതുരാകൃതിയിലുള്ള ഭാഗം ഒട്ടിയ്ക്കുവാൻ വേണ്ടിയാണിത്.
3. കോൺ ഉണ്ടാക്കുവാൻ ബാക്കിയുള്ള ഭാഗം മുറിച്ചുമാറ്റുക.
4. കോൺ പോപ്പ് കോൺ കൊണ്ടു നിറയ്ക്കുക.

*തയ്യാർ!! ഇപ്പോൾ മത്സരം ആഘോഷിക്കാവുന്നതാണ്.*

## ഗ്യാരേജ് ക്രാഫ്റ്റ്സ്

**മെഡൽ**

ഓരോ കുട്ടികൾക്കും നൽകുക:

മെഡൽ പ്രിന്റു ചെയ്ത ഒരു ഷീറ്റ്

മെഡലിന്റെ ബേസ് പ്രിന്റ് ചെയ്ത ഒരു ഷീറ്റ് കുടികളുടെ എണ്ണത്തിനനുസരിച്ചുള്ള തിളങ്ങുന്ന മെഡൽ

മെഡൽ:




- വൃത്തത്തിന്റെയും വരകൾ പോയിരിക്കുന്ന ഭാഗം മുറിക്കുക. ഒന്നിൽ " ടയർ" ചിത്രം വരയ്ക്കുക. ചിറകു പോലെയുള്ള ഭാഗം മുറിക്കാതെയിരിക്കുവാൻ സൂക്ഷിക്കുക. അവ കളർ ചെയ്യുക.
- സമ കോണുകളുടെ ഈ മടക്ക് നോക്കി ഈ കടലാസ് 90 ഡിഗ്രി മടക്കുക.
- അല്പം പശയെടുത്ത് ഈ സമ കോണുകളുടെ വശത്തുള്ള മടക്ക് വൃത്തത്തിന്റെ പിൻഭാഗത്തായി ഒട്ടിക്കുക. ഇവ്വണ്ണം തന്നെ മറ്റേ വൃത്തത്തിലും ചെയ്യുക. ഇപ്പോൾ നിങ്ങൾക്ക് ഒരു 3 D മെഡൽ ലഭിക്കുന്നു.
- മിനുസമുള്ള വസ്തുക്കളാൽ ഇത് അലങ്കരിക്കുക.


ബേസ്:


- പ്രിന്റെഡ് ബേസും നിങ്ങളുടെ ഒരു ഷീറ്റ് കടലാസും എടുക്കുക. മദ്ധ്യഭാഗത്ത് നിന്നും ആ സമ കോണുകളുടെ ഭാഗം മുറിച്ചെടുക്കുക. കുത്തുവീണിരിക്കുന്ന ഭാഗങ്ങൾ മടക്കി നിറം നൽകുക.

കോണുകളിൽ 2 സമ കോണുകൾ ഉണ്ട് എന്ന കാര്യം ശ്രദ്ധിക്കുക. അവ അകത്തേക്ക് കൊണ്ടുവന്ന് ഒരുപോലെ ഒട്ടിച്ച അവസാനമായി, നിങ്ങൾ വെട്ടിയെടുത്ത സ്ഥലത്ത് നിങ്ങളുടെ മെഡൽ വയ്ക്കുക.

## ഡ്രൈവിംഗ് ക്ലാസ്

കുട്ടികളുടെ ബുക്കിൽ വർക്ക് ചെയ്യുന്ന "ഡ്രൈവിംഗ് ക്ലാസ്സിലേക്ക്" സ്വാഗതം. ഇന്നത്തെ പാഠഭാഗവും മനപാഠ വാക്യവും ആവർത്തിച്ച് പറഞ്ഞുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കാം? തുടങ്ങാം !!!






നിങ്ങൾ ഇന്നത്തെ കഥ വളരെ ശ്രദ്ധയോടെ കേട്ടിരുന്നോ? ഈ പാഠത്തിൽ നിന്നും ഒരു മിനിറ്റ് കൊണ്ട് ചിന്തിച്ച് എല്ലാ വാക്കുകളും എഴുതുവാൻ സമയം തന്നിട്ടുണ്ട്.

അദ്ധ്യാപകൻ: ഇതിലെ വിജയി ഏറ്റവും കൂടുതൽ വാക്കുകൾ എഴുതുന്ന ആൾ ആയിരിക്കും. പകരം മറ്റുള്ള കുട്ടികളുടെ ചിന്തയിൽ ഏതെങ്കിലും വാക്കുകൾ കൂടുതൽ വന്നാൽ ആ വ്യക്തി ആരായാലും വിജയികളെ മറികടക്കുന്നതായിരിക്കും.

യേശു, ക്രൂശീകരണം, ക്രൂശ്, രക്ഷ, പാപം, കരയുക, ശ്വസിക്കുക, ആണികൾ, ആരോപിക്കുക...





## ചോദ്യോത്തരങ്ങൾ

1. നിത്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? നാം നിത്യമായി ജീവിക്കുക എന്നുള്ളത് എത്രത്തോളം സാധ്യമായ കാര്യമാണ്?

നിത്യതയിൽ, സമയമില്ല; മരണാനന്തര ജീവിതം അനന്തമാണ്. ബൈബിൾ പറയുന്ന നാം നിത്യമായി സ്വർഗ്ഗത്തിലോ നരകത്തിലോ വസിക്കും. അതിൻറെ അർത്ഥം നാം മറ്റൊരു വ്യക്തി ആയിട്ടോ മറ്റൊരു മൃഗം ആയിട്ടോ വീണ്ടും ഈ ഭൂമിയിലേക്ക് തിരികെ വരില്ല എന്നാണ്. നാം മരിക്കുമ്പോൾ എന്നെന്നേക്കുമായി ഈ ഭൂമിയെ വിട്ടുകളയുന്നു.

2. എന്തുകൊണ്ടാണ് എല്ലാവരും യേശുവിൽ വിശ്വസിക്കാത്തത്?

വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ദൈവം നൽകിയിട്ടുണ്ട്. നാം റോബോട്ടുകളെപ്പോലെ സൃഷ്ടിക്കപ്പെട്ടവരല്ല. നമ്മിൽ ഇച്ഛാ സ്വാതന്ത്ര്യം ഉണ്ട്. ചില ആളുകൾ എന്തു വിശ്വസിക്കണം എന്ന് അറിയാത്ത നിലയിൽ അവർ യേശുവിനെക്കുറിച്ച് വേണ്ട നിലയിൽ കേട്ടിരിക്കുവാൻ സാധ്യതയില്ല. മറ്റു ചിലർ നന്നായി കേട്ടിട്ടുണ്ടെങ്കിലും യേശുവിൽ വിശ്വസിക്കുവാനോ അനുസരിക്കുവാനോ തയ്യാറല്ല. അനേക ആളുകളും യേശുവിൽ വിശ്വസിക്കാതെ ജീവിക്കുന്നവരാണ്. അതിനർത്ഥം അവരുടെ ജീവിതരീതി അവർ വ്യത്യാസപ്പെടുത്തണം എന്നാണ്.

3. ദൈവം എപ്രകാരമാണ് നമ്മോട് സംസാരിക്കുന്നത്? അവിടുന്ന് നിങ്ങളോട് പറഞ്ഞ അവസാന കാര്യം എന്താണ്?

ദൈവം നമ്മോടു സംസാരിക്കുന്നത് തിരുവേഴുത്തായ വേദപുസ്തകത്തിൽ കൂടിയാണ്. വചനങ്ങൾ ആ പേജിൽ നിന്നും "ചാടി" കൃത്യസമയത്ത് ജീവിതത്തിൽ പ്രവർത്തിക്കണം. ദൈവം ചിലരെ ഉപദേഷ്ടാക്കന്മാരായും പാസ്റ്റർമാരായും ടീച്ചർമാരായും നിങ്ങളോടു സംസാരിക്കേണ്ടതിന് തിരഞ്ഞെടുത്തിരിക്കുന്നു. ഒരു പ്രത്യേക സാഹചര്യമോ വ്യക്തിയേയോ ഒരു പട്ടണമോ വിട്ടുപോകണമെന്ന അതിയായ തോന്നൽ ഉണ്ടാകുമ്പോൾ, ദൈവം നിങ്ങളോട് നേരിട്ട് സംസാരിച്ചെന്നു വരാം. നിങ്ങൾ ചെയ്യുന്ന പ്രവർത്തി അവസാനിപ്പിക്കണമെന്നോ മറ്റാരെയെങ്കിലും സഹായിക്കണമെന്നോ കരുതുമ്പോഴും ദൈവത്തിനു നിങ്ങളോട് സ്പഷ്ടമായി സംസാരിക്കുവാൻ കഴിയും.

4. യേശു ക്രൂശിൽ മരിക്കുന്നതിനു തൊട്ടു മുൻപ് എന്താണീ ഭൂമിയിൽ സംഭവിച്ചത്?

പകൽ സമയം തന്നെ ഇരുട്ടുവീണു. ഭൂമികുലുക്കവും ഉണ്ടായി.

5. യേശുവിന്റെ കല്ലറയിൽ കടക്കുകയും അവൻ അവിടില്ല എന്ന് കാണുകയും ചെയ്ത ശിഷ്യന്മാർ ആരെല്ലാം?

പത്രോസും യോഹന്നാനും

## തയ്യാർ, ഗെയിമിനായി ഒരുങ്ങാം!

### കത്തുക (ടീംസ്)

15x 15 മീറ്ററിന്റെ ഒരു ചതുരം ഉണ്ടാക്കുക. ഓരോ ടീമിലും തുല്യ എണ്ണം വരത്തക്ക നിലയിൽ കുട്ടികളെ നാലായി തരം തിരിക്കുക. ഓരോ ടീമും ഈ ചതുരത്തിന്റെ വശങ്ങളിലായി നിൽക്കുക. ഓരോ കുട്ടികൾക്കും ഓരോ നമ്പർ നൽകുക. ഉദാഹരണമായി, ഓരോ ടീമിലുമുള്ള ഓരോ കളിക്കാർക്ക് ഒന്ന് എന്ന നമ്പർ നൽകുക, മറ്റൊരു കളിക്കാരന് രണ്ട് എന്ന നമ്പർ നൽകുക. ചതുരത്തിനു നടുവിലായി ഒരു ബോൾ വയ്ക്കുക. ബോൾ കുട്ടികളുടെ മേൽ തട്ടുന്നതകയാൽ അത് വളരെ മൃദുവായതാണെന്ന് ഉറപ്പു വരുത്തുക. ക്രമമല്ലാത്ത രീതിയിൽ ടീച്ചർ നമ്പർ ഉറക്കെ വിളിച്ചു പറയുന്നു. ഓരോ ദീമിലുമുള്ള ആ നമ്പർ ലഭ്യമായ കുട്ടികൾ ചതുരത്തിനു മധ്യഭാഗത്തായി വച്ചിരിക്കുന്ന ബോളിനെ ലക്ഷ്യമാക്കി ഓടണം. ആദ്യം ആ ബോൾ കരസ്ഥമാക്കുകയും വിജയിക്കുകയും ചെയ്യുന്ന കുട്ടി ആ ടീമിന് ഒരു പോയിന്റ് നേടിക്കൊടുക്കുന്നു. ആ ചതുരത്തിനു പുറത്തായി നിൽക്കുന്ന കുട്ടികളെ ആ പന്തുകൊണ്ട് എറിയുക. അവർ അതിൽ വിജയിക്കുന്നു എങ്കിൽ ആ ടീമിന് വീണ്ടും പോയിന്റ് ലഭിക്കുന്നു.

ആദ്യ ഏറിനു ശേഷം ചതുരത്തിനു നടുവിൽ നിൽക്കുന്ന നാല് കുട്ടികൾ ആ ബോളിനു പിന്നാലെ ഓടുകയും അതെടുത്ത് എതിർ ടീമിനെ എറിയുകയും ചെയ്യുക. 5-7 വരെ സെക്കന്റുകൾ ഈ പ്രവർത്തിക്കായി നൽകുക.

സമയം കഴിയുമ്പോൾ, കുട്ടികൾ ബോൾ ചതുരത്തിന്റെ നടുവിൽ വച്ചിട്ട് തിരികെ ടീമിലേക്ക് മടങ്ങിപ്പോകണം വീണ്ടും ഈ കളി തുടരേണ്ടതിന് ടീച്ചർ അടുത്ത നമ്പർ പറയണം.


വിജയിച്ച ടീം ഏതെന്ന് അറിയേണ്ടതിന് സ്കോർ കരുതി വയ്ക്കുക







**ശരിയോ തെറ്റോ (വ്യക്തിഗതം)**




തറയിലോ നിലത്തോ ഒരു അടയാളം വരയ്ക്കുക. ഒരു വശത്തെ ശരി എന്നും മറു വശത്തെ തെറ്റെന്നും വിളിയ്ക്കുക.
വിബിഎസിന്റെ പാഠഭാഗത്ത് നിന്നോ ബൈബിൾ കഥകളിലെ വ്യത്യസ്തങ്ങളായ ഭാഗങ്ങളിൽ നിനോ ശരിയും തെറ്റും കണ്ടെത്തുന്നതിനായുള്ള ചോദ്യാവലി തയ്യാറാക്കി വയ്ക്കുക.
ഈ ഗെയിമിൽ പാഠഭാഗത്തെക്കുറിച്ചുള്ള കാര്യങ്ങൾ പരാമർശിക്കുക ഉത്തരം ശരിയാണെന്ന് തോന്നുന്ന കുട്ടികൾ ശരി എന്ന ഭാഗത്തേക്കും, തെറ്റെന്നു തോന്നുന്ന കുട്ടികൾ തെറ്റ് എന്ന ഭാഗത്തേക്കും പോകേണ്ടതാണ്.
തെറ്റായ ഉത്തരം നൽകുന്ന കുട്ടികൾ കളിയിൽ നിന്നും പുറത്താകും.
ഒടുവോളം നിൽക്കുന്ന കുട്ടി ആയിരിക്കും വിജയി.

## ഉപസംഹാരം

എത്ര മനോഹരമായ ഒരു വിബിഎസ് ആണ് നമുക്ക് ലഭ്യമായത്. ഈ ആഴ്ച മുഴുവനും വളരെ രസകരമായ കാര്യങ്ങൾ നമുക്ക് ഉണ്ടായിരുന്നു.ൻ നമ്മുടെ പാപങ്ങളെ ഏറ്റുപറയുമ്പോൾ നമ്മിൽ എപ്രകാരം എണ്ണ പകരപ്പെടും എന്നും ദൈവവചനം അനുസരിക്കുന്നതിലൂടെ സുഗമമായി ഓടുവാനുള്ള പുതിയ ടയറുകൾ ലഭിക്കുന്നുവെന്നും മറ്റുള്ളവരോട് സ്നേഹം കാണിക്കുന്നതിലൂടെ വാഹനത്തിൽ ഒഴിക്കുവാനുള്ള ആന്റീ ഫ്രീസ് ലഭിക്കുന്നു എന്നും എവിടേയും പോകുവാൻ ആവശ്യമായ ഗ്യാസ് ഇന്ധനം എന്നപോലെ യേശുവിന്റെ ശക്തി ആവശ്യമാണെന്നും നാം പഠിച്ചു. ഇന്ന് നാം പഠിച്ചത് ക്രിസ്തുവാണ് നമ്മുടെ ബോസ് എന്നതാണ്. ഇനിയും മുൻപോട്ട്, നമ്മുടെ ജീവിതത്തിലേക്ക് ആവശ്യമായ സകല സംഗതികളും നല്കിത്തരുവാൻ നമ്മുടെ ഹൃദയത്തിലേക്ക് നാം അവനെ സ്വീകരിച്ചു. അവൻ നമ്മെ നയിക്കുകയും രക്ഷാദാനത്തേ നൽകുകയും ചെയ്യുന്നതിനാൽ നിത്യമായി അവനോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുവാൻ നമുക്ക് ഇടയാകുന്നു. നമുക്ക് മുൻപിൽ ഒരു ഓട്ടം ഉണ്ട്. യേശുവുമൊത്ത് വളരെ വേഗം നമുക്ക് മുന്നേറാം!





